UNIVERSITY OF CALICUT

MINUTES

870th Meeting of the University Syndicate

4th MEETING OF THE SYNDICATE 2026

On Wednesday 29th July 2026

കാലിക്കറ്റ് സർവകലാശാല
ആസൂത്രണ വികസന വിഭാഗം

നമ്പർ. **3505/PLD-A-ASST-1/2016/Admn.** കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.
തിയ്യതി **: 04.08.2026**

870–ാമത് സിണ്ടിക്കേറ്റ് യോഗം

2026 ലെ നാലാം സിണ്ടിക്കേറ്റ് യോഗം

മിനുട്സ്

തിയ്യതി & സമയം : **2026 ജൂലൈ 29, ബുധൻ, 10.00 am**

സ്ഥലം : **കോൺഫറൻസ് റൂം, കാലിക്കറ്റ് സർവകലാശാല**

പങ്കെടുത്ത അംഗങ്ങൾ:

1. പ്രൊഫ. (ഡോ.) പി. രവീന്ദ്രൻ, വൈസ് ചാൻസലർ
2. പ്രൊഫ. (ഡോ.) റഷീദ് അഹമ്മദ്. പി. പ്രോ–വൈസ് ചാൻസലർ
3. ശ്രീ. പി. പി. സുമോദ് (എം.എൽ.എ)
4. അഡ്വ. എം.ബി. ഫൈസൽ
5. ശ്രീ. പി. മധു
6. ശ്രീ. ഇ. അബ്ദുറഹീം
7. ശ്രീ. സി. പി. ഹംസ
8. ശ്രീ. ടി. ജെ. മാർട്ടിൻ
9. ശ്രീ. അനുരാജ്. എ. കെ
10. പ്രൊഫ. (ഡോ.) ടി. മുഹമ്മദ് സലീം
11. ഡോ. മുഹമ്മദ് ഹനീഫ. കെ
12. ശ്രീ. സുശാന്ത്. പി
13. ഡോ. പ്രദീപ് കുമാർ കെ
14. ലെഫ്. (ഡോ.) അബ്ദുൾ ജബ്ബാർ എ. ടി
15. ഡോ. ലക്ഷ്മി ആർ ചന്ദ്രൻ
16. ശ്രീ ജയ്സൺ ജോസഫ്
17. ശ്രീ. അഹമ്മദ് കബീർ എം
18. ഡോ. ഷാഹിന മോൾ എ. കെ
19. ഡോ. വാസുദേവൻ ടി. എം

ഇവർക്കു പുറമെ,

ഡോ. സി. ഡി. സെബാസ്റ്റ്യൻ, രജിസ്ട്രാർ.

ഇനം നമ്പർ **2026.741***

വിഷയം 09.07.2026 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗത്തിന്റെ മിനുട്സ് അംഗീകരിക്കുന്നതിന്.

തീരുമാനം 09.07.2026 ന് ചേർന്ന സിണ്ടിക്കേറ്റ് യോഗത്തിന്റെ മിനുട്സ് താഴെ പറയുന്ന ഭേദഗതിക ളോടെ അംഗീകരിച്ചു.

ഇനം നമ്പർ 2026.733* ലെ വിവിധ ജില്ലാ തല പരിശോധന സമിതികളുടെ പട്ടിക മാറ്റ ങ്ങളോടെ അംഗീകരിച്ചു.
(പുതുക്കിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു)

ഇനം നമ്പർ 2026.734* ലെ വിവിധ സിണ്ടിക്കേറ്റ് സ്ഥിരം സമിതികളുടെ പട്ടിക മാറ്റങ്ങ ളോടെ അംഗീകരിച്ചു.
(പുതുക്കിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു)

ഇനം നമ്പർ 2026.737* ന്റെ തീരുമാനം

- **Resolved to institute a Directorate of Publication, integrating the activities of the press and the publication divisions.**
- **Resolved to appoint Sri. Suresh Kumar C., Souparnika, Kuttipalaparambu, Kakkanchery, Chelembra, E-mail: kumarcsuresh@gmail.com (Former Senior Regional Manager, Mathrubhumi Printing and Publishing Co. Pvt. Ltd.), as the first Director of Directorate of Publication, on contract basis at an honorarium of Rs. 75,000/- Per month for a period of one year or till other arrangements, whichever is earlier.**

(Dr. Pradeepkumar K, Adv. M. B. Faisal, Prof. (Dr.) Mohamed Saleem T, Sri. Susanth P, Prof. (Dr.) Mohamed Haneefa K, Sri. E. Abdurahim and Sri. Sumod P P dissented.)
Dissent note appended.

The Syndicate considered the dissents of the members referred above. It also observed the following.

1. **The Directorate of Publications is a pilot project for the time being and needs a very experienced person in the area of publication to lead it.**
2. **It is also very unlikely that a senior and highly experienced person would consider himself/herself applying as a candidate.**
3. **Under the conditions, the only option for the University is to search and find out an apt candidate for the post.**
4. **Sri. C. Suresh Kumar has immense experience in the area of publication and he retired as the Senior Regional Manager of the prestigious Mathrubhumi Daily and Periodicals.**
5. **Appointing him will immensely benefit the Univeristy.**
6. **He is not paid salary. He is only paid an honorarium for the services he renders.**
7. **There are precedents in the University of making such engagements, whenever necessary.**

After detailed consideration the Syndicate resolved to confirm the appointment of Sri. C. Suresh Kumar

എന്ന് ഭേദഗതി ചെയ്തു.

ഇനം നമ്പർ **2025.915**

വിഷയം ശമ്പള പരിഷ്കരണ ഉത്തരവുകൾക്കനുസരിച്ച് സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ/ഓർഡിന ൻസിൽ ആവശ്യമായ ഭേദഗതികൾ ഏതൊക്കെയാണെന്ന് നിർണ്ണയിക്കുന്നതിനായി, അസി സ്റ്റന്റ് രജിസ്ട്രാർ, ലീഗൽ സെൽ കൺവീനറായും, ഭരണവിഭാഗം എ, സി, ഇ, എഫ് എന്നീ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനുകളിലെയും, ഭരണവിഭാഗം കെ (ജനറൽ സെക്ഷൻ) സെക്ഷ നിലെയും സെക്ഷൻ ഓഫീസർമാർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കുന്നതിന്.

(178353/AD-K-ASST-4/2015/Admn)

തീരുമാനം **സ്റ്റാഫ്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തിന്റെ പരിഗണനയ്ക്ക്**

സമർപ്പിക്കാൻ തീരുമാനിച്ചു.

ഇനം നമ്പർ **2025.1104***

വിഷയം 22.08.2025 ന് നടന്ന ഓട്ടോണമസ് കോളേജുകളുടെ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിന്റെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ള ശുപാർശകൾ പരിഗണിക്കുന്നതിനും, ഇനം നം. 2 ശുപാർശ പ്രകാരം പരിശോധനയ്ക്കായി കമ്മിറ്റി രൂപീകരിക്കുന്നതും, പരിശോധനാ ഫീസ് നിശ്ചയിക്കുന്നതുമായ വിഷയങ്ങൾ പരിഗണിക്കുന്നതിന്.

(1057/CDC-E-ASST-2/2014/CU)

തീരുമാനം

- **പരിശോധന നടത്തിപ്പിന് ഡി.എൽ.ഐ.സി യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.**
- **പ്രസ്തുത കമ്മിറ്റിയിൽ പ്രൊഫസർ റാങ്കിൽ കുറയാത്ത രണ്ട് Higher Education Experts നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**
- **കൂടാതെ പരിശോധന ഫീസ് 1 ലക്ഷം രൂപയായി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.**

ഇനം നമ്പർ **2025.1213***

വിഷയം 27.11.2025 ന് കാലാവധി കഴിയുന്ന Forensic Science (Single Board), 19.12.2025 ന് കാലാവധി കഴിയുന്ന Fashion Designing (Single Board) എന്നീ പഠന ബോർഡുകളുടെ പുന:സംഘടന പരിഗണിക്കുന്നതിന്.

(124648/GA-I-F2/2019/Admn)

തീരുമാനം **വിവിധ പഠന ബോർഡുകൾ പുന:സംഘടിപ്പിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2025.1263***

വിഷയം To institute an endowment for "Smt.Jyoti Basu Memorial annual lecture series" in the Department of Philosophy in memory of the late mother of Prof.Prajit K Basu, who was the visiting faculty member in the Department and retired faculty of the University of Hyderabad.

(139022/PHI-SO/2025/Admn)

തീരുമാനം **The Syndicate resolved to conduct Smt. Jyoti Basu Memorial Annual lecture series in Department of Philosophy, University of Calicut according to the following criteria**

- **The Lecture Series will be known as "Smt. Jyoti Basu Memorial Annual Lecture Series".**
- **The Principal amount of Rs.5 lakh, will be donated by Prof. Prajit K Basu, son of Smt. Jyoti Basu. The Principal amount shall be deposited as per the Calicut University endowment guidelines. The interest from the investment of the Principal amount be only used to hold the Lecture.**
- **The annual Lecture may be held during the academic session of either of the two semesters in an academic year.**
- **Department council shall decide the area of the lecture as well as the name of the scholar who will deliver the lecture.**
- **Prof. Prajit K Basu donor of the endowment amount, shall be intimated the details of the lecture every year.**

ഇനം നമ്പർ **2025.1337***

വിഷയം കായിക പഠന വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന മോണിറ്ററിങ് കമ്മറ്റിയുടെ തീരുമാനപ്രകാരം തങ്ങളുടെ പരിശീലനത്തിനു കീഴിൽ അന്താരാഷ്ട്ര കായികതാരങ്ങളെ സൃഷ്ടിച്ച ദേശീയതല പരിശീലകരായിട്ടുള്ള സർവകലാശാലയിലെ/സർവകലാശാലയിൽ നിയമിക്കപ്പെടുന്ന കരാർ കോച്ചുമാരുടെ പ്രതിമാസ ശമ്പളം ഉയർത്തുന്ന വിഷയം, ഇതുമായി ബന്ധപ്പെട്ടു DPE ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ കോച്ചുമാർക്കു അനുവദിച്ചിട്ടുള്ള വേതന വിവരങ്ങൾ, പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം സർവകലാശാലയിലെ കോച്ച് തസ്തികയുടെ വേതനം, മറ്റു സർവകലാശാലകളിൽ കോച്ചുമാർക്ക് അനുവദിച്ചിട്ടുള്ള വേതനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ പരിഗണിക്കുന്നതിന്.

(260549/AD-L-ASST-3/2024/Admn)

തീരുമാനം **കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന NSNIS യോഗ്യതയുള്ള കോച്ചുമാരുടെ**

പ്രതിമാസ വേതനം, **01.08.2026** മുതൽ **45,000/-** രൂപ യിൽ നിന്ന് **52,000/-** രൂപ യായി ഉയർത്തുന്നതിന് തീരുമാനിച്ചു.

ഇനം നമ്പർ **2025.1345***

വിഷയം

പുതിയ 8 പഠന ബോർഡുകൾ രൂപീകരിക്കുവാനും (1). Board of Studies in Classical Performing Forms 2) Board of Studies in Western Music 3) Board of Studies in Hindustani Music 4) Board of Studies in Music Production 5) Board of studies for Functional Arabic 6) Board of studies for Rural Development & Governance 7) Board of studies for Gender & Developmental Studies 8) Board of studies for B.Com Professional), അംഗങ്ങളെ നിർദ്ദേശിക്കുവാനും ഈ ബോർഡുകൾ ഉൾപ്പെടുന്ന ഫാക്കൽറ്റികളെക്കുറിച്ച് തീരുമാനിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുന്നതിന്.

(240102/GA-I-F2/2021/Admn)

തീരുമാനം **വിവിധ പഠന ബോർഡുകൾ പുന:സംഘടിപ്പിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2025.1501***

വിഷയം

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977-ലെ ചാപ്റ്റർ 42 പ്രകാരം യൂണിവേഴ്സിറ്റി സ്കൂൾസ്, ഡിപ്പാർട്ട്മെന്റ്, സെന്റർ ഓഫ് സ്റ്റഡി/റിസർച്ച് എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഡിപ്പാർട്ട്മെന്റുകൾ ഉൾപ്പെടുത്തിക്കൊണ്ടും, ചാപ്റ്റർ 42-ൽ നിന്നും ഒഴിവാക്കേണ്ട ഡിപ്പാർട്ട്മെന്റുകൾ ഒഴിവാക്കിക്കൊണ്ടും യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977-ലെ ചാപ്റ്റർ 42-ലെ ചട്ടം 3 ഭേദഗതി വരുത്തുന്നതിനുമുള്ള നിർദ്ദേശം പരിഗണിക്കുന്നതിന്.

(158303/PLD-C-ASST-2/2014/Admn)

തീരുമാനം

- ***സ്കൂൾ ഓഫ് ബയോ സയൻസസിന് കീഴിൽ ഇനം നമ്പർ (എഫ്) ആയി ഡിപ്പാർട്ട്മെന്റ് ഓഫ് ഫോറൻസിക് സയൻസസിനെ ഉൾപ്പെടുത്തുന്നതിനും, സ്കൂൾ ഓഫ് കെമിക്കൽ ആന്റ് ഫിസിക്കൽ സയൻസസിന്റെ പേര് സ്കൂൾ ഓഫ് ഫിസിക്കൽ സയൻസസ് എന്ന് പുനർ നാമകരണം ചെയ്യുന്നതിനും, സ്കൂൾ ഓഫ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചറിന് കീഴിൽ ഇനം നമ്പർ (ജി) ആയി ഡിപ്പാർട്ട്മെന്റ് ഓഫ് ഉറുദു ഉൾപ്പെടുത്തുന്നതിനും,***
- ***നിലവിൽ സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ലോ, ഡിപ്പാർട്ട്മെന്റ് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ്, പുതുതായി രൂപീകരിച്ച ഡിപ്പാർട്ട്മെന്റ് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നിവ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനും,***
- ***നിലവിൽ പ്രവർത്തന രഹിതമായ ഡിപ്പാർട്ട്മെന്റുകളെ സ്റ്റാറ്റ്യൂട്ടിൽ നിന്നും ഒഴിവാക്കേണ്ടതില്ലെന്നും തീരുമാനിച്ചു.***

ഇനം നമ്പർ **2026.05**

വിഷയം

ഗ്രേസ് മാർക്ക് എഫക്റ്റ് ചെയ്ത സമയത്ത് തെറ്റായി മോഡറേഷൻ നൽകിയ കേസുകൾ, പരീക്ഷാകാര്യസ്ഥിരം സമിതിയുടെ നിർദ്ദേശപ്രകാരം സിൻഡിക്കേറ്റ് പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന്.

(106136/BA-CONFI-ASST-1/2024/PB)

തീരുമാനം **വിശദ പഠനം നടത്തുന്നതിന് പരീക്ഷാകാര്യസ്ഥിരം സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.11***

വിഷയം

എസ്.എസ്.എൽ.സി പരീക്ഷയിൽ മലയാളം പ്രഥമ ഭാഷയായി പഠിച്ചിട്ടില്ലാത്ത ഭാഷാന്യൂനപക്ഷ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കുമ്പോൾ മലയാളം ടൈപ്പ്റൈറ്റിംഗ് യോഗ്യത നേടിയിരിക്കുന്നതിൽ നിന്നും, ജോലിയിൽ പ്രവേശിച്ച് നാലു വർഷത്തിനകം ടി യോഗ്യത നേടിയിരിക്കണമെന്ന വ്യവസ്ഥയോടെ, ഇളവ് നൽകിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ടുള്ള 06.05.2025 തിയ്യതിയായ സ.ഉ.(അച്ചടി) നം.6/2025/HEDN നമ്പർ ഉത്തരവ്, കാലിക്കറ്റ് സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും പ്രസ്തുത ഉത്തരവ് പ്രകാരം ഓർഡിനൻസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതിന് .

(38830/AD-E-ASST-3/2017/Admn)

തീരുമാനം **സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നതിനും ഓർഡിനൻസിൽ ആവ**

ശ്യമായ ഭേദഗതികൾ വരുത്തുന്നതിനും തീരുമാനിച്ചു.

ഇനം നമ്പർ **2026.12***

വിഷയം 29.03.2026-നു കാലാവധി കഴിയുന്ന Molecular Biology (Single Board), 15.03.2026-നു കാലാവധി കഴിയുന്ന Designing (Single Board) എന്നീ പഠന ബോർഡുകളെ പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(15114/GA-I-F2/2019/Admn)

തീരുമാനം **വിവിധ പഠന ബോർഡുകൾ പുന:സംഘടിപ്പിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.16***

വിഷയം പരീക്ഷാഭവൻ–നാലാം സെമസ്റ്റർ യു.ജി. (ഏപ്രിൽ 2025) പരീക്ഷയിലെ A14–Microprocessors: Architecture and Programming (Q.P. Code: D120519) എന്ന വിഷയത്തിന്റെ ചോദ്യപേപ്പർ–പരീക്ഷ ആരംഭിക്കുന്നതിന് മുൻപായി സ്റ്റെല്ലാ മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, പൊയ്യ, തൃശ്ശൂർ എന്ന സ്ഥാപനത്തിലെ അധ്യാപിക– വാട്സ്ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തതായി ബന്ധപ്പെട്ട വിഷയത്തിൽ–സബ്കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ട്, പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പ്രകാരം– തുടർനടപടികൾക്കായിപരിഗണിക്കുന്നതിന്.

(111815/CE-ASST-3/2025/PB)

തീരുമാനം **പരീക്ഷാ കാര്യ സ്ഥിരം സമിതിയുടെ ശിപാർശകൾ അംഗീകരിക്കുന്നതിനും, ചോദ്യപേപ്പർ വാട്സാപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തതിന് കുറ്റക്കാരെന്ന് കണ്ടെത്തിയവരിൽ നിന്ന് 50,000/ രൂപ പിഴ ഈടാക്കുന്നതിനും തീരുമാനിച്ചു.**

ഇനം നമ്പർ **2026.18***

വിഷയം സ്ഥാപിതമായ SMP കേസുകളിലെ (Established Suspected Malpractice cases) പിഴത്തുക വർധിപ്പിക്കുന്നതും, ആൾമാറാട്ട (Impersonation) കേസുകളിൽ ഏർപ്പെടുത്തേണ്ട ശിക്ഷകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുന്നതിനായി 14.10.2024 തീയതിയായ 2942/2024/PB സർവ്വകലാശാല ഉത്തരവ് പ്രകാരം സിണ്ടിക്കേറ്റിന്റെ പരീക്ഷ സ്ഥിരം സമിതി രൂപീകരിച്ച ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു സിണ്ടിക്കേറ്റ് മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള 19.12.2025 തീയതിയിലെ 2025/14/01 ഇനം നമ്പർ പരീക്ഷസ്ഥിരം സമിതിയുടെ ശുപാർശ (27.12.2025 തീയതിയിൽ വൈസ് ചാൻസിലർ അംഗീകരിച്ചത്) പരിഗണിക്കുന്നതിന്.

(73182/EG-I-ASST-1/2016/PB)

തീരുമാനം **പരീക്ഷകാര്യസ്ഥിരം സമിതിയുടെ ശുപാർശ അംഗീകരിച്ചു.**

ഇനം നമ്പർ **2026.24***

വിഷയം വനിതാ ഹോസ്റ്റലിലെ എല്ലാ ഇൻമേറ്റ്സിനും ഉപയോഗപ്പെടുന്ന രീതിയിൽ കേന്ദ്രീകൃത സംവിധാനത്തിൽ പ്രവർത്തിക്കുന്ന, ആവശ്യത്തിന് വാഷിംഗ് മെഷീനുകളും, സ്റ്റാഫുകളും ഉൾപ്പെടെയുള്ള ലോണ്ടറി സിസ്റ്റം സ്ഥാപിക്കുന്ന വിഷയം, ആയത് നിരസിച്ചുകൊണ്ടുള്ള പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതി ശുപാർശയോടൊപ്പം പരിഗണിക്കുന്നതിന്

(290187/PLD-B-ASST-1/2025/Admn).

തീരുമാനം **Laundry Facility സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.Centralised Laundry facility സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർവകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.43***

വിഷയം 2026-27 സാമ്പത്തിക വർഷത്തിലെ വിദൂര–ഓൺലൈൻ വിദ്യാഭ്യാസ കേന്ദ്രത്തിൽ (CDOE) ഓൺലൈൻ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ടുള്ള Part II C-01-5020-02 'Online Programmes' എന്ന അക്കൗണ്ട് ശീർഷകത്തിലേക്ക് ബജറ്റ് വിഹിതം ₹3,00,00,000 (മൂന്ന് കോടി രൂപ മാത്രം) അനുവദിക്കുന്നതിന് സമർപ്പിക്കുന്നത്

(194010/CDOE-A-ASST-1/2017/Admn)

തീരുമാനം **അനുവദിക്കുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.90**

വിഷയം 07.11.2025 തീയ്യതിയിലെ സിൻഡിക്കേറ്റ് യോഗ നടപടിക്കുറിപ്പ് അജണ്ട നമ്പർ 2025.1123 (confirmed vide Item no.2025.1360* on 31.12.2025) പ്രകാരമുള്ള, തുടർ അഫിലിയേഷന് യഥാസമയം അപേക്ഷിക്കാത്ത സാമോറിൻസ് ഗുരുവായൂരപ്പൻ

കോളേജിനും സമാനമായ മറ്റു കോളേജുകൾക്കും സൂപ്പർ ഫൈൻ നിരക്കിൽ ഒരു അഡീഷണൽ ഫൈൻ ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതിനു ചുമതലപ്പെടുത്തിയ കമ്മിറ്റികളുടെ കാര്യത്തിൽ വ്യക്തത വരുത്തുന്നതിന്.

(8697/CDC-D1/2015/Admn)

തീരുമാനം **സാമോറിൻസ് ഗുരുവായൂരപ്പൻ കോളേജിന്റെയും സമാനമായ മറ്റു കോളേജുകളുടെയും അഫിലിയേഷൻ സംബന്ധിച്ചുള്ള വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അഫിലിയേഷൻ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.94**

വിഷയം നിലവിലെ യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി കേന്ദ്ര വിദ്യഭ്യാസ മന്ത്രാലയത്തിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഏഴാം യു.ജി.സി./എ.ഐ.സി.ടി.ഇ. സ്കീം പ്രകാരം, M.Phil, Ph.D പോലുള്ള ഉയർന്ന യോഗ്യതയ്ക്കുള്ള അഡ്വാൻസ് ഇൻക്രിമെന്റുകൾ 01.01.2016 മുതൽ അനുവദിച്ചിരുന്നത് മുൻകാല പ്രാബല്യത്തോടെ പിൻവലിക്കുന്ന, 06.11.2025 ലെ ജി.ഒ.(പി) നമ്പർ 141/2025/ഫിൻ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(123953/GA-II-F3/2019/Admn)

തീരുമാനം **സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.100**

വിഷയം കാലിക്കറ്റ് സർവകലാശാല ബോട്ടാണിക്കൽ ഗാർഡനിലെ ഇന്റർപ്രറ്റേഷൻ സെന്റർ നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്ന ₹48,16,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതിന്.

(3634/BOT-ASST-1/2026/Admn)

തീരുമാനം **സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുമതി നൽകാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2026.103**

വിഷയം ജിനിൽ ടി. ജെ. എന്ന വിദ്യാർത്ഥിക്ക് മതിയായ രേഖകൾ ഉണ്ടായിരുന്നിട്ടും തൃശൂർ സെന്റ് തോമസ് (ഓട്ടോണോമസ്) കോളേജിൽ 2025-26 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിന് കമ്മ്യൂണിറ്റി ക്വാട്ടയിൽ സീറ്റ് നിഷേധിച്ചു എന്നും പ്രവേശനത്തിനായി ഇടവക വികാരിയുടെ കത്ത് (Certificate from the Parish) നിർബന്ധമാക്കുന്നു എന്നുമുള്ള പരാതിയിന്മേൽ അഡ്മിഷൻ മോണിറ്ററിങ് കമ്മിറ്റി കൈകൊണ്ട തീരുമാനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന്.

(50424/DOA-ASST-1/2025/Admn)

തീരുമാനം **കോളേജുകൾക്ക് സർക്കുലർ നൽകിയ സാഹചര്യത്തിൽ തുടർ നടപടികൾ ആവശ്യമില്ല.**

ഇനം നമ്പർ **2026.106**

വിഷയം കണിയാമ്പറ്റ ക്യൂട്ടെക് സെന്റർ പ്രിൻസിപ്പൽ ഡോ.ബിന്ദു കെ വർഗീസ് സ്ഥലമാറ്റം സംബന്ധിച്ചു സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

(64203/DUSC-G-ASST-3/2024/Admn)

തീരുമാനം **ഇനം പിൻവലിച്ചു.**

ഇനം നമ്പർ **2026.130***

വിഷയം പുനർമൂല്യനിർണ്ണയ പ്രക്രിയയിൽ വിദ്യാർത്ഥികളെ പാസാക്കുന്നതിന് സൗകര്യമൊരുക്കുക എന്ന വ്യക്തമായ ഉദ്ദേശത്തോടെ, കൃത്യമായ പുനർമൂല്യനിർണ്ണയം നടത്താതെ അനുചിതമായി ഉയർന്ന മാർക്ക് നൽകുന്ന അധ്യാപകർക്ക് പിഴ ചുമത്തുന്നതിന് ശുപാർശ ചെയ്തുകൊണ്ടും, പുനർമൂല്യനിർണ്ണയ സമയത്ത് എല്ലാ അധ്യാപകർക്കും മൂല്യനിർണ്ണയത്തിനുള്ള സ്കീം ലഭ്യമാക്കുന്നുണ്ടെന്ന് പുനർമൂല്യനിർണ്ണയ വിഭാഗം ഉറപ്പുവരുത്തേണ്ടതാണെന്നുമുള്ള പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ 24.09.2025 ലെ AOD/2025/11/01 നമ്പർ തീരുമാനം പരിഗണിക്കുന്നതിന്.

(210801/RV- MONITORING-I-ASST-2/2024/PB)

തീരുമാനം **പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ ശുപാർശ അംഗീകരിച്ചു.**

ഇനം നമ്പർ **2026.132***

വിഷയം സംസ്ഥാനത്തെ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം 01.04.2025 മുതൽ പ്രാബല്യം നൽകി വർധിപ്പിച്ചുക്കൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 19.04.2025 തീയതിയിലെ സ.ഉ (അച്ചടി) നം. 54/2025/ധന ഉത്തരവ് സർവകലാശാലയയിൽ നടപ്പിലാക്കിക്കൊണ്ടുള്ള 02.05.2025 തീയതിയിലെ 6696/2025/Admn നമ്പർ ഉത്തരവിൽ

ഉൾപ്പെട്ടിട്ടില്ലാത്ത പബ്ലിക് റിലേഷൻ ഓഫീസർ, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, അസിസ്റ്റന്റ് സർജന്റ് എന്നീ തസ്തികകളിൽ നിയമിതരായവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിഷയം പരിഗണിക്കുന്നതിന്.

(102324/AD-F-ASST-2/2018/Admn)

09.07.2026 ലെ സിണ്ടിക്കേറ്റ് തീരുമാനം

1. അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർക്ക് 32,550/- രൂപ നിരക്കിലും, അസിസ്റ്റന്റ് സർജന്റ്–ന് 25,750/- രൂപ നിരക്കിലും 01.04.2025 തിയ്യതി മുതൽ പ്രാബല്യം നൽകി വേതനം വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ചു.
2. പബ്ലിക് റിലേഷൻ ഓഫീസറുടെ വേതന വർദ്ധനവ് വിശദപരിഗണനയ്ക്കായി അടുത്ത സിണ്ടിക്കേറ്റ് യോഗത്തിലേക്ക് മാറ്റിവെച്ചു.

തീരുമാനം **പബ്ലിക് റിലേഷൻ ഓഫീസറുടെ വേതന വർദ്ധനവ് പരിഗണിയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.148***

വിഷയം

A proposal is placed before the Syndicate, based on the recommendation of the Standing Committee of the Syndicate on Examinations, to develop a dedicated Alumni Portal to ensure continued engagement and post-academic online services for University graduates.

(180148/CE-SO-4/2021/PB)

തീരുമാനം **Approved.**

ഇനം നമ്പർ **2026.161***

വിഷയം

സിണ്ടിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 08.10.2025 ലെ 2518/2025/PB നമ്പർ സർവകലാശാല ഉത്തരവിലെ 'അവസാന വർഷ ബിരുദ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലം 14 പ്രവർത്തി ദിവസങ്ങൾക്കകം പൂർത്തിയാക്കണം' എന്ന ഭാഗം 'ബിരുദ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലം, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 14 പ്രവർത്തി ദിവസങ്ങൾക്കകം പൂർത്തിയാക്കണം' എന്ന് ഭേദഗതി ചെയ്യുന്നതിനും, ആയതിനുള്ള വിശദമായ സമയക്രമം അംഗീകരിക്കുന്നതിനും.

(210801/RV- MONITORING-I-ASST-2/2024/PB)

തീരുമാനം **മേൽ ഉത്തരവിലെ 'അവസാന വർഷ ബിരുദ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലം 14 പ്രവർത്തി ദിവസങ്ങൾക്കകം പൂർത്തിയാക്കണം' എന്ന ഭാഗം 'ബിരുദ പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലം, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 14 പ്രവർത്തി ദിവസങ്ങൾക്കകം പൂർത്തിയാക്കണം' എന്ന് ഭേദഗതി ചെയ്യുന്നതിനും, വിശദമായ സമയക്രമം അംഗീകരിക്കുന്നതിനും തീരുമാനിച്ചു.**

ഇനം നമ്പർ **2026.184**

വിഷയം

കാലിക്കറ്റ് സർവകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ 2025 അഡ്മിഷൻ മുതൽ ആരംഭിച്ച നാല് വർഷ ബി.വോക്. പ്രോഗ്രാമിന്റെ (സി.യു.എഫ്.വൈ.വി.പി – 2025) ഫീസ്ഘടന, 2024 അഡ്മിഷൻ മുതൽ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച എഫ്.വൈ.യു.ജി പ്രോഗ്രാമിന്റെ ഫീസ് ഘടനയുടെ മാതൃകയിൽ നിശ്ചയിക്കുന്നതിനുള്ള പ്രൊപോസൽ 15.01.2026 തിയ്യതിയിലെ പരീക്ഷാ കാര്യ സ്ഥിരം സമിതിയുടെ ഇനം നമ്പർ 2026/01/04 ശിപാർശ പ്രകാരം പരിഗണിയ്ക്കുന്നതിന്.

(250404/EG-I-ASST-4/2025/PB)

തീരുമാനം **ഇനം പിൻവലിച്ചു.**

ഇനം നമ്പർ **2026.185**

വിഷയം

പബ്ലിക് റിലേഷൻ ഓഫീസിൽ ഗ്രാഫിക് ഡിസൈനറായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. റിസ്വാനമീർ ഇ.കെ. (ഐ.ഡി. നമ്പർ : 23449) എന്നവരുടെ പ്രതിമാസ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

(85563/AD-A-ASST-2/2022/Admn)

തീരുമാനം **ഇനം പിൻവലിച്ചു.**

ഇനം നമ്പർ **2026.186***

വിഷയം യൂണിവേഴ്സിറ്റി സയൻസ് ഇൻസ്ട്രുമെന്റേഷൻ സെന്ററിലെ (USIC) ടെക്നീഷ്യൻ ഗ്രേഡ് എ (മെക്കാനിക്കൽ/ഇലക്ട്രോണിക്സ്) തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നതിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ നിഷ്കർഷിച്ച യോഗ്യതയുള്ള അപേക്ഷകരുടെ അഭാവത്തിൽ പ്രസ്തുത യോഗ്യത പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അനുമതി നൽകുന്നതിന്.

(102590/AD-A-ASST-2/2018/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.187***

വിഷയം ഗസ്റ്റ്/കരാർ അടിസ്ഥാനത്തിൽ സർവ്വകലാശാല പഠനവകുപ്പുകളിൽ അധ്യാപകരായി ഏർപ്പെട്ടിരിക്കുന്ന വ്യവസായ വിദഗ്ധർക്കും മറ്റു ഡൊമൈൻ വിദഗ്ധർക്കും മെച്ചപ്പെട്ട പ്രതിഫലവും പരിഷ്കരിച്ച യോഗ്യതാ മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിന്.

(218627/IQAC-SO/2025/Admn)

തീരുമാനം

- **ഗസ്റ്റ്/കരാർ അടിസ്ഥാനത്തിൽ സർവ്വകലാശാല പഠനവകുപ്പുകളിൽ അധ്യാപകരായി ഏർപ്പെട്ടിരിക്കുന്ന വ്യവസായ വിദഗ്ധർക്കും മറ്റു ഡൊമൈൻ വിദഗ്ധർക്കും മെച്ചപ്പെട്ട പ്രതിഫലവും പരിഷ്കരിച്ച യോഗ്യതാ മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിന് ഡോ. വാസുദേവൻ ടി. എം (കൺവീനർ), ശ്രീ. ജയ്സൺ ജോസഫ്, ഡോ. ഷാഹിന മോൾ എ. കെ., ഡോ. മുഹമ്മദ് ഹനീഫ കെ, പ്രൊഫ. (ഡോ.) മുഹമ്മദ് സലീം ടി, ഡോ. ലക്ഷ്മി ആർ ചന്ദ്രൻ, ലെഫ്. ഡോ. അബ്ദുൾ ജബ്ബാർ എ. ടി, ഡോ. പ്രദീപ് കുമാർ കെ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി.**
- **ഉയർന്ന അക്കാഡമിക് നിലവാരവും പ്രാഗൽഭ്യവും ഉള്ളവരെ കണ്ടെത്തി പ്രൊഫസർ ഓഫ് പ്രാക്ടീസ് ആയി പഠനവകുപ്പുകളിൽ നിയമിക്കുന്നതിന് അംഗീകാരം നൽകി.**

ഇനം നമ്പർ **2026.190***

വിഷയം മൂന്നാം സെമസ്റ്റർ എം.എ സോഷ്യോളജി നവംബർ 2022 സി.ബി.സി.എസ്.എസ് പരീക്ഷയിലെ 'SOC 3C10 സോഷ്യോളജി ഓഫ് ഡെവലപ്മെൻറ് തീംസ് ആൻഡ് പെർസ്പെക്റ്റീവ്സ്' എന്ന കോഴ്സിന്റെ മൂല്യകർത്താക്കളായ 1). ഡോ. മഹേഷ് സി , അസിസ്റ്റന്റ് പ്രൊഫസർ , സോഷ്യോളജി പഠന വകുപ്പ് , സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് 2). രഞ്ജിത് രാജ പി സി, അസിസ്റ്റന്റ് പ്രൊഫസർ, സോഷ്യോളജി പഠന വകുപ്പ്, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട് എന്നിവർ മൂന്നാം സെമസ്റ്റർ എം കോം നവംബർ 2022 സി.ബി.സി.എസ്.എസ് പരീക്ഷയിലെ 'MCM 3C11 ഫിനാൻഷ്യൽ മാനേജ്മന്റ്' എന്ന കോഴ്സിലെ ഉത്തരക്കടലാസ് മാറി മൂല്യനിർണയം നടത്തിയതുമായി ബന്ധപ്പെട്ടു പ്രസ്തുത അധ്യാപകർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാനും ആയതു സർവ്വകലാശാലയെ അറിയിക്കാനും നിർദേശിച്ചുകൊണ്ട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ മാനേജർക്ക് നൽകിയ കത്തിന് മാനേജർ സമർപ്പിച്ച മറുപടി പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന്.

(99160/PG-V-ASST-III/2023/PB)

തീരുമാനം **മൂല്യനിർണയത്തിൽ വീഴ്ച വരുത്തിയ അധ്യാപകർക്കെതിരെ മാനേജ്മെന്റ് തല നടപടികൾ സ്വീകരിക്കാനും ആയത് സിണ്ടിക്കേറ്റിന് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിനും കോളേജ് മാനേജർക്ക് കർശന നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.193***

വിഷയം കാലാവധി കഴിയാൻ പോകുന്ന, Law ഫാക്കൽറ്റിക്ക് കീഴിലുള്ള Law (UG), Law (PG), സയൻസ് ഫാക്കൽറ്റിക്ക് കീഴിലുള്ള Catering Science & Hotel Management (Single Board), Food Technology (Single Board) എന്നീ നാല് പഠന ബോർഡുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(15114/GA -I- F 2/2019/Admn)

തീരുമാനം **വിവിധ പഠന ബോർഡുകൾ പുന:സംഘടിപ്പിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.215**

വിഷയം കാലിക്കറ്റ് സർവ്വകലാശാലയിലെ ചരിത്ര പഠനവകുപ്പിലെ ആർക്കൈവ്സിലെ പുരാരേഖകൾ പരിപാലിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും പരിശീലനം ലഭിച്ച ഒരു വിദഗ്ധ ജീവനക്കാരനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം പരിഗണിക്കുന്നതിന്.

(47361/AD-A-ASST-5/2025/Admn)

തീരുമാനം **സർക്കാർ അനുമതിയ്ക്ക് വിധേയമായി അംഗീകരിച്ചു.**

ഇനം നമ്പർ **2026.216***

വിഷയം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ, എൽ.ഡി ക്ലാർക്ക് തസ്തികകളിലേക്കുള്ള തസ്തികമാറ്റം/പ്രൊമോഷൻ നൽകുന്നതിനുള്ള ഫീഡർ കാറ്റഗറിയിൽ, ഓഫീസ് അറ്റൻഡന്റ്, ലാബ്/ലൈബ്രറി അസിസ്റ്റന്റുമാർ, ഗ്യാസ്മെൻ, സ്പെസിമെൻ കളക്ടർ, എൽ.ഡി ടൈപ്പിസ്റ്റ്, മെക്കാനിക്ക്, ഗാർഡനർ എന്നീ വിഭാഗങ്ങളെ വിവിധ ഘട്ടങ്ങളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, പ്രസ്തുത വിഭാഗങ്ങളുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് സീനിയോറിറ്റി ക്രമത്തിൽ എൽ.ഡി ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകാവുന്നതാണെന്ന്, 28.10.2025 തീയതിയിലെ ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നമ്പർ D3/111/2025/HEDN കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിനാൽ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട മാറ്റങ്ങൾ സ്റ്റാറ്റ്യൂട്ടിൽ വരുത്തുന്നത് സംബന്ധിച്ച്.

(189161/GA-II-F3/2017/Admn)

തീരുമാനം **എയ്ഡഡ് കോളേജുകളിലെ, മേൽസൂചിപ്പിച്ച അനധ്യാപക തസ്തികകളുമായി ബന്ധപ്പെട്ട്, സർക്കാർ ഉത്തരവുകൾക്കനുസൃതമായി, സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.230***

വിഷയം കാലാവധി കഴിയാൻ പോകുന്ന Criminology (Single Board), B.Voc Agriculture (Single Board), Anthropology (Single Board), Immunology (Single Board) എന്നീ 4 പഠന ബോർഡുകളുടെ പുനഃസംഘടന സംബന്ധിച്ച്

(124648/GA- I- F 2/2019/Admn)

തീരുമാനം **വിവിധ പഠന ബോർഡുകൾ പുന:സംഘടിപ്പിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.243**

വിഷയം തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ മണിക്കുളത്തു പറമ്പിന്റെ കിഴക്കു ഭാഗത്തു, സർവകലാശാല ക്യാമ്പസിന്റെ പടിഞ്ഞാറേ അതിരിൽ,വടക്ക് ദീപ്തി കൾച്ചറൽ സെന്റർ മുതൽ തെക്ക് ചെനക്കണ്ടി വരെ ഒലിപ്രം കടവ് റോഡിനേയും കടക്കാട്ടുപാറ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിധം 8 മീറ്റർ വീതിയിൽ റിങ് റോഡ് പദ്ധതിയുടെ ഭാഗമായി 1 കി.മീ 200 മീറ്റർ നീളത്തിൽ സർവകലാശാല ഭൂമിയിലെ സഞ്ചാര പാത ടാർ ചെയ്യുന്ന പ്രവർത്തി നടത്തുന്നതിന് വേണ്ടി പഞ്ചായത്തിന് റോഡ് വിട്ടു നൽകണമെന്ന തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തു സെക്രട്ടറി നൽകിയ അപേക്ഷ, പ്രസ്തുത അപേക്ഷയിന്മേലുള്ള യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ അഭിപ്രായത്തോടൊപ്പം, റിങ് റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കൂടെ ഉൾപ്പെടുത്തി പരിഗണിക്കുന്നതിന്.

(57841/PLD-B-ASST-1/2024/Admn)

തീരുമാനം **മാറ്റിവെച്ചു.**

ഇനം നമ്പർ **2026.261**

വിഷയം ശ്രീമതി. പ്രിയങ്ക പി, അസിസ്റ്റന്റ്, ഐ. ഡി. നമ്പർ 5057, എന്നവരുടെ പരിവീക്ഷാകാലം, 01.02.2025 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകിയതിന് തുടർച്ചയായി, 01.02.2026 മുതൽ 31.01.2027 വരെ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുവാനുള്ള അപേക്ഷ പരിഗണിക്കുന്നതിന് .

(127835/AD-C-ASST-1/2015/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് 01.02.2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2026.270***

വിഷയം Bachelor of Business Administration and Bachelor of Law (Honours) [B.B.A., LL.B. (Hons.)] , Bachelor of Law (LL.B) Unitary Degree Course (3 Year) & B.Com LLB (Hons.) എന്നീ പ്രൊഫഷണൽ UG പ്രോഗ്രാമുകളുടെ കോഴ്സ് വൈവ-വോസി പരീക്ഷ നടത്തിപ്പിനുള്ള പ്രതിഫല നിരക്ക് നിർണയിക്കുന്നതിനായി EPR വിഭാഗം സമർപ്പിച്ച നിർദേശങ്ങൾ പരിഗണിച്ചശേഷം വിഷയത്തിൽ പരീക്ഷകാര്യ സ്ഥിരം സമിതി എടുത്ത തീരുമാനം അംഗീകരിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(223636/ECQ-II-ASST-2/2025/PB)

തീരുമാനം **പരീക്ഷകാര്യ സ്ഥിരം സമിതി തീരുമാനം അംഗീകരിച്ചു.**

ഇനം നമ്പർ **2026.282**

വിഷയം Kerala Government Servants' Medical Attendance Rules, 1960-ന് കീഴിലുള്ള, സർവകലാശാലാ ജീവനക്കാരുടെ മെഡിക്കൽ റീ–ഇമ്പേഴ്സ്മെന്റ് സംബന്ധിച്ച്.

1. സർവകലാശാലാ ജീവനക്കാർക്ക് മെഡിക്കൽ റീ–ഇമ്പേഴ്സ്മെന്റ് അനുവദിച്ചതിലുള്ള, 2020-21 വർഷ ഓഡിറ്റ് എൻകയറി നമ്പർ. 1/25.09.2023 സിൻഡിക്കേറ്റിന്റെ അറിവിലേക്ക് സമർപ്പിക്കുന്നു.

2. കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1971 (CUEMA) കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതും, ആയതിന് റിവിഷൻ കമ്മിറ്റി രൂപീകരിക്കുന്നതും സിൻഡിക്കേറ്റ് പരിഗണനക്ക്.

3. CUEMA റൂൾസ് പരിഷ്കരിക്കുന്നത് വരെ ഈ വിഷയത്തിൽ ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിന്റെ വെളിച്ചത്തിൽ സർവകലാശാലയിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഏത് രീതിയാണ് അവലംബിക്കേണ്ടത് എന്ന് നിർദ്ദേശിക്കുന്നതിന്.

(210888/PLD-H-ASST-3/2023/Admn)

തീരുമാനം **വിശദപഠനത്തിനായി ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.290**

വിഷയം കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (KSHEC), നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്കു (FYUGP) ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനായി ഏകീകൃത മാനദണ്ഡങ്ങൾ രൂപീകരിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർവകലാശാലയിൽ നടപ്പിലാക്കുന്നത് പഠിക്കുന്നതിനായി രൂപീകരിച്ച സിന്റിക്കേറ്റ് ഉപസമിതിയുടെ റിപ്പോർട്ട് പരിഗണിയ്ക്കുന്നതിന്.

(175423/DOA-ASST-2/2016/Admn)

തീരുമാനം **ഇനം പിൻവലിച്ചു**.

ഇനം നമ്പർ **2026.297**

വിഷയം Appointment to the post of Professor in the Department of Malayalam and Kerala Studies- request from Dr. Joseph Skariah to issue appointment Order- reg.

(VC Office)

തീരുമാനം **ഇനം പിൻവലിച്ചു**.

ഇനം നമ്പർ **2026.316***

വിഷയം പബ്ലിക് അഡ്മിനിസ്ട്രേഷൻ പഠന ബോർഡ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ബോർഡ് ചെയർപേഴ്സൺ, R.G.M കോളേജിലെ പബ്ലിക് അഡ്മിനിസ്ട്രേഷൻ വിദ്യാർത്ഥികൾ എന്നിവർ സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതിന്.

(229078/GA-I-F2/2019/Admn)

തീരുമാനം **പഠന ബോർഡ് പുന:സംഘടിപ്പിക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.322**

വിഷയം കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള എയ്ഡഡ് കോളേജുകളുടെ Half Yearly Return (HYR) പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് 05.03.2026 –ന് പി.വി.സി ചേംബറിൽ ചേർന്ന യോഗത്തിലെ ശിപാർശകൾ പരിഗണിക്കുന്നതിന്.

(293582/GA-II-H2/2024/Admn)

തീരുമാനം **ഇനം പിൻവലിച്ചു**.

ഇനം നമ്പർ **2026.328**

വിഷയം പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങൾ ഏകീകരിച്ച് രേഖപ്പെടുത്തുന്ന ഒരു സമഗ്ര എക്സാമിനേഷൻ മാന്വൽ തയ്യാറാക്കുകയും, 24.04.2025-ന് നടന്ന പരീക്ഷ സ്ഥിരം സമിതി യോഗത്തിൽ അംഗീകരിച്ച എക്സാമിനേഷൻ മാന്വലിന്റെ കരട് – തുടർന്ന് നടത്തിയ അവലോകനത്തിൽ ഭാഷാശൈലി ഏകീകരിക്കൽ ഉൾപ്പെടെ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തി, ഉള്ളടക്കത്തിൽ മാറ്റമില്ലാതെ പരിഷ്കരിച്ച രൂപത്തിൽ വീണ്ടും തയ്യാറാക്കിയതിന്റെ ഭാഗമായി – സർവകലാശാലയുടെ എല്ലാ ഗുണഭോക്താക്കൾക്കും ഏകീകൃത റഫറൻസായി ലഭ്യമാക്കുന്നതിനും, ഔദ്യോഗികമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമായി – 11.02.2026-നു ചേർന്ന പരീക്ഷാ സ്ഥിരം സമിതിയുടെ ശിപാർശ പ്രകാരം – വിഷയം പരിഗണിയ്ക്കുന്നതിന്.

(75640/CE-ASST-7/2025/PB)

തീരുമാനം **പു:ന പരിശോധനയ്ക്കായി പരീക്ഷാ കാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.332**

വിഷയം 2014 മുതലുള്ള ബിരുദ റെഗുലർ പരീക്ഷകളിൽ അനർഹമായി മോഡറേഷൻ അനുവദിച്ചത് സംബന്ധിച്ച എ.ജി (AG) ഓഡിറ്റ് കണ്ടെത്തലുകളും, ബി.എസ്.സി വിഭാഗവുമായി ബന്ധപ്പെട്ട 93 വിദ്യാർത്ഥികൾക്ക് ഈ രീതിയിൽ അർഹതയില്ലാതെ മോഡറേഷൻ നൽകിയ വിഷയം പരിഗണിച്ച 11.02.2026 ന് ചേർന്ന പരീക്ഷ കാര്യ സ്ഥിരം സമിതിയുടെ തീരുമാനങ്ങളും പരിഗണിയ്ക്കുന്നതിന്.

(146396/ES-II-ASST-I/2024/PB)

തീരുമാനം **സമഗ്രാന്വേഷണം നടത്തുന്നതിന് പരീക്ഷാ കാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.340***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ, പേരാമ്പ്രയിൽ, സോഷ്യൽ വർക്ക് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സർ ആയ ശ്രീ. സുമേഷ് മണിമലയിൽ (ഐ.ഡി :23579) എന്നവർ, തന്റെ സസ്പെൻഷൻ കാലയളവിൽ ശമ്പളം അനുവദിക്കുവാനായി സമർപ്പിച്ച അപേക്ഷ പരിഗണിയ്ക്കുന്നതിന്.

(65025/DUSC-G-ASST-1/2025/Admn)

തീരുമാനം **അന്വേഷണ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ശ്രീ. സുമേഷ് മണിമലയിൽ–നെതിരായ കുറ്റകൃത്യങ്ങൾ റദ്ദാക്കപ്പെട്ട സാഹചര്യത്തിൽ സസ്പെൻഷൻ കാലയളവിലുള്ള ശമ്പളം അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി.**

ഇനം നമ്പർ **2026.341***

വിഷയം സുരക്ഷാ ഗാർഡുമാരുടെ ക്ഷാമം മൂലം ജീവനക്കാരുടെയും സ്വത്തിന്റെയും സ്ഥാപന താൽപര്യങ്ങളുടെയും സുരക്ഷയ്ക്ക് സാധ്യതയുള്ള ഭീഷണികൾ പരിഗണിച്ച് മതിയായ എണ്ണം ഉദ്യോഗാർത്ഥികൾ അഭിമുഖത്തിന് ഹാജരാകുന്നതിനായി സുരക്ഷാ ഗാർഡുമാരുടെ നിലവിലെ പ്രതിമാസ വേതനം 28,500/- രൂപയായി (ഇരുപത്തിയെണ്ണായിരത്തിയഞ്ഞൂറ് രൂപ) വർദ്ധിപ്പിക്കുക, വിരമിക്കൽ പ്രായം 60–ൽ നിന്നും 65–ആയി ഉയർത്തുക, നിയമനത്തിനുള്ള പരമാവധി പ്രായം 50–ൽ നിന്നും 56–ആയി ഉയർത്തുക, EPF ആനുകൂല്യം ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന, സെക്യൂരിറ്റി ഓഫീസർ സമർപ്പിച്ച Statement of Case regarding Shortage of Security Guards (സെക്യൂരിറ്റി ഗാർഡ് തസ്തികയിലെ രൂക്ഷമായ ആൾ ക്ഷാമം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്), പരിഗണിക്കുന്നതിന്.

(63388/AD-E-ASST-1/2013/CU)

തീരുമാനം

- **സുരക്ഷാ ഗാർഡുമാരുടെ നിലവിലെ പ്രതിമാസ വേതനം 28,500/- രൂപയായി (ഇരുപത്തിയെണ്ണായിരത്തിയഞ്ഞൂറ് രൂപ മാത്രം) വർദ്ധിപ്പിക്കുന്നതിനും**
- **നിയമനത്തിനുള്ള പ്രായം 50 –ൽ നിന്നും 56 ആയി നിശ്ചയിക്കുന്നതിനും**
- **വിരമിക്കൽ പ്രായം 60 വയസ്സായി നിലനിർത്തുന്നതിനും, സുരക്ഷാ ഗാർഡുമാരുടെ തസ്തികയിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും (സൈനിക, അർദ്ധ സൈനിക സേവനത്തിൽ നിന്നും വിരമിച്ചവർ) തീരുമാനിച്ചു.**

ഇനം നമ്പർ **2026.359***

വിഷയം സ്വയംഭരണ/അഫിലിയേറ്റഡ് കോളേജുകളിൽ പുതുതായി ആരംഭിക്കുന്ന സെൽഫ് ഫിനാൻസിങ് ITEP പ്രോഗ്രാമുകളുടെ ഫീസ് ഘടന നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ 10.03.2026 ലെ ഫിനാൻസ് സ്ഥിര സമിതിയുടെ ശുപാർശ പരിഗണിക്കുന്നതിനും, അതു പ്രകാരം 07.11.2025–ലെ (ഇനം നം. 2025.1067* & 2025.1066*) സിണ്ടിക്കേറ്റ് തിരുമാനത്തിൽ വ്യക്തത വരുത്തി സെൽഫ് ഫിനാൻസിങ് ITEP പ്രോഗ്രാമുകളുടെ ഓട്ടോണോമസ് കോളേജുകൾക്കുള്ള ആന്വൽ പ്രോസസ്സിംഗ് ഫീയും മറ്റ് ആർട്സ് & സയൻസ് കോളേജുകൾക്കുള്ള അഫിലിയേഷൻ ഫീയും 29500/- രൂപയായി നിശ്ചയിക്കുന്ന കാര്യവും പരിഗണിക്കുന്നതിന്.

(1057/CDC-E-ASST-2/2014/CU)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.367**

വിഷയം അംഗീകൃത തസ്തികയുടെ അഭാവത്തിൽ കാലിക്കറ്റ് സർവകലാശാല കംമ്പ്യൂട്ടർ സെന്ററിന് (സി.യു.സി.സി) ഫുൾ ടൈം ഡയറക്ടറെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ

കരാർ അടിസ്ഥാനത്തിലോ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിയ്ക്കുന്നതിന്.

(21015/GA-II-C2/2026/Admn)

തീരുമാനം **വിശദപഠനത്തിനായി സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.372***

വിഷയം ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സിന്റെ ഡയറക്ടർ പോസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നത്, ഇതുമായി ബന്ധപ്പെട്ടുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യുന്നത് എന്നിവയ്ക്ക് സർക്കാർ അനുമതി തേടുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(31045/DUSC-J-ASST-2/2013/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.373***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ മഞ്ചേരിയിൽ പ്രൊഫഷണൽ അസിസ്റ്റന്റ് (കരാർ അടിസ്ഥാനം) നിയമനത്തിനായി സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയും ഡിപ്പാർട്ട്മെന്റ് ഓഫ് എൻവിറോണ്മെന്റൽ സയൻസസിൽ കരാർ അടിസ്ഥാനത്തിലുള്ള പ്രൊഫഷണൽ അസിസ്റ്റന്റ് ആയ നൂറുന്നീസ സി. പി എന്നവരെ CUTEC മഞ്ചേരിയിലേക്ക് സ്ഥലം മാറ്റാൻ ശുപാർശ ചെയുകയും ചെയ്ത യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സ് സ്ഥിരം സമിതി യോഗ ശിപാർശ പരിഗണിയ്ക്കുന്നതിന്.

(225680/DUSC-J-ASST-2/2017/Admn)

തീരുമാനം **മാനുഷിക പരിഗണന വച്ച് ശ്രീമതി നൂറുന്നീസ സി. പി എന്നവരെ CUTEC മഞ്ചേരിയിലേക്ക് സ്ഥലം മാറ്റുന്നതിന് അനുമതി നൽകി**.

ഇനം നമ്പർ **2026.374**

വിഷയം സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസ്, പാലക്കാട് സെന്ററിലെ ഇലക്ട്രോണിക് ഉപകരണം കാണാതായതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവ്വകലാശാല ആഭ്യന്തര ഓഡിറ്റ് കൈമാറിയ അന്വേഷണ റിപ്പോർട്ടിൻമേൽ പാലക്കാട് സെന്റർ അഡിഷണൽ കോ-ഓർഡിനേറ്റർ നൽകിയ മറുപടിയിൽ 29.01.2026-നു ചേർന്ന യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സ് സ്ഥിരം സമിതി യോഗത്തിന്റെ ശിപാർശ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം പരിഗണിയ്ക്കുന്നതിന്.

(72527/DUSC-G-ASST-2/2023/Admn)

തീരുമാനം **റിപ്പോർട്ട് അംഗീകരിച്ചു**.

ഇനം നമ്പർ **2026.375***

വിഷയം സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കുറ്റിപ്പുറം സെന്ററിലെ പ്രൊഫഷണൽ അസിസ്റ്റന്റ് (കരാർ അടിസ്ഥാനം) ആയ ശ്രീമതി. ഫിൻസി കെ. എ ക്യൂട്ടെക് അരണാട്ടുകര സെന്ററിലേക്ക് സ്ഥലം മാറ്റത്തിനായി നൽകിയ അപേക്ഷ പരിഗണിയ്ക്കുന്നതിന്.

(225680/DUSC-J-ASST-2/2017/Admn)

തീരുമാനം **സ്ഥലം മാറ്റം അംഗീകരിച്ചു**.

ഇനം നമ്പർ **2026.386***

വിഷയം റേഡിയേഷൻ ഫിസിക്സ് പഠനവകുപ്പിൽ വെക്കേഷൻ സമയം ഉൾപ്പെടെ ഉപയോഗപ്പെടുത്തി ക്ലാസുകൾ പൂർത്തീകരിക്കുവാൻ ശ്രദ്ധിച്ചതിനാൽ ഉത്തരവിൽ പരാമർശിച്ച കാലയളവിനേക്കാൾ കൂടുതൽ സമയം ഉപയോഗപ്പെടുത്തേണ്ടി വന്നതിനാൽ, Mr.Rijin N T, Ms. Wafa എന്നീ ഗസ്റ്റ് അധ്യാപകരുടെ മൊത്ത ശമ്പളം പരിമിതപ്പെടുത്തി ഇറക്കിയ ഉത്തരവ് പരിഷ്കരിച്ചു നൽകണമെന്നും, അനുമതിയില്ലാതെ നടത്തിയ ഈ നടപടിയിൽ മാപ്പു നൽകി അംഗീകരിക്കണമെന്നും ഉള്ള റേഡിയേഷൻ ഫിസിക്സ് പഠനവകുപ്പിന്റെ കോർഡിനേറ്ററുടെ അപേക്ഷ പരിഗണിയ്ക്കുന്നതിന്.

(36568/DUSC-J-ASST-4/2013/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.387**

വിഷയം ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ മണിക്കൂർ അടിസ്ഥാനത്തിലുള്ള ഗസ്റ്റ് ഫാക്കൽറ്റി നിയമനവുമായി ബന്ധപ്പെട്ട അപാകതകൾ പരിഗണിക്കുകയും തുടർ ശിപാർശകൾ ചെയ്യുകയും ചെയ്ത യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സ് സ്ഥിരം സമിതി യോഗ ശുപാർശ പരിഗണിയ്ക്കുന്ന

തിന്.

(238060/DUSC-J-ASST-2/2019/Admn)

തീരുമാനം **വിശദ പഠനത്തിനായി യൂണിവേഴ്സിറ്റി സെന്റേഴ്സ് & ചെയേഴ്സ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.399**

വിഷയം 2018 യുജിസി റെഗുലേഷനിലുള്ള സർവകലാശാല/കോളേജ് അധ്യാപകരുടെ CAS പ്രൊമോഷനുമായി ബന്ധപ്പെട്ട്, യുജിസിയിൽ നിന്ന് ലഭിച്ച 6.3(V) ക്ലോസിന്റെ (അധ്യാപകരുടെ CAS പ്രൊമോഷൻ സെലക്ഷൻ കമ്മിറ്റി പരിഗണിക്കുന്ന സമയത്ത് അവർ സർവകലാശാലയിലോ കോളേജിലോ സജീവ സേവനത്തിൽ (On the roll and in active service ഉണ്ടായിരിക്കണം) വിശദീകരണം, തുടർനടപടികൾക്ക് പരിഗണിക്കുന്നതിന്.

(88570/GA-II-A1/2025/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ് ഓഫ് അഫിലിയേറ്റഡ് കോളേജസ് സ്ഥിരം സമിതിയെ ചുമ തലപ്പെടുത്തി.**

ഇനം നമ്പർ **2026.400**

വിഷയം കാലിക്കറ്റ് സർവകലാശാല ആർട്ട് ആൻഡ് ഫോട്ടോഗ്രാഫി വിഭാഗത്തിൽ പബ്ലിക് റിലേഷൻസ് വിങ്ങിന്റെയും റേഡിയോ സി.യു വിന്റേയും ജോലികൾക്കായി ഫോട്ടോഗ്രാഫർ കം വീഡിയോഗ്രാഫർ തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന് ശേഷം പുറപ്പെടുവിച്ച കരാർ ജീവനക്കാരുടെ വേതനം പരിഷ്ക്കരിച്ച സർക്കാർ ഉത്തരവുകളിലെ (സ.ഉ (അച്ചടി) നം.54/2025/ധന തീയതി 19.04.2025 & സ.ഉ (അച്ചടി) നം.24/2026/ധന തീയതി 18.02.2026) ഫോട്ടോഗ്രാഫർ, വീഡിയോഗ്രാഫർ തസ്തികകളുടെ വേതനവും കരാർ നിയമനം നടത്തുന്നതിന് സിൻഡിക്കേറ്റ് അനുമതി നൽകിയ ഫോട്ടോഗ്രാഫർ കം വീഡിയോഗ്രാഫർ തസ്തികയുടെ വേതനവും തമ്മിൽ പ്രകടമായ വ്യത്യാസം ഉള്ളതിനാൽ ഫോട്ടോഗ്രാഫർ കം വീഡിയോഗ്രാഫർ തസ്തികയുടെ വേതനം നിശ്ചയിച്ചത് പുനഃപരിശോധിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(46371/AD-A-ASST-5/2025/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.404**

വിഷയം പാഠ്യപദ്ധതിയുടെ ഭാഗമായി സർവ്വകലാശാലയിലെ വിവിധ വകുപ്പുകൾ ഓരോ വർഷവും സംഘടിപ്പിച്ചു വരുന്ന പഠനയാത്രകൾക്ക് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ട്രാവലിംഗ് അലവൻസ് (TA), ഡെയിലി അലവൻസ് (DA) എന്നിവ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സിൻഡിക്കേറ്റ് മെമ്പർ ഡോ. മുഹമ്മദ് ഹനീഫ കെ, ഹിന്ദി പഠന വകുപ്പ് മേധാവി ഡോ. പ്രഭാകരൻ ഹെബ്ബാർ ഇല്ലത്ത്, യു.ഡി.എസ്.എഫ് കൺവീനർ ശ്രീ. ഫൈസൽ തടത്തിൽ എന്നിവർ നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള ടി.എ./ഡി.എ. നിരക്കുകൾ പരിഷ്കരിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(54986/PLD-H-ASST-2/2026/Admn)

തീരുമാനം **വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴ്സസ് & റിസർച്ച് സ്ഥിരം സമി തിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.411**

വിഷയം സർവകലാശാല വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും മാർക്ക് ലിസ്റ്റുകളിലും ഗ്രേഡ് കാർഡുകളിലും സർവകലാശാലയുടേ പേര് 'കാലിക്കറ്റ് സർവകലാശാല' എന്ന് മലയാളം ലിപിയിൽക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള സിന്റിക്കേറ്റിന്റെ മുൻ തീരുമാനം സർവകലാശാല സ്റ്റാന്റിംഗ് കൗൺസിലിൽ നിന്നും ലഭിച്ച നിയമോപദേശത്തിന്റെ പശ്ചാത്തലത്തിൽ പുന:പരിശോധിക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(21766/EG-II-ASST-2/2023/PB)

തീരുമാനം **വിശദ പഠനത്തിനായി ലീഗൽ & സ്പോർട്സ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.424**

വിഷയം സർവകലാശാല എൻജിനീയറിങ് വകുപ്പിൽ PM USHA പ്രൊജക്ടിന് കീഴിലെ പ്രൊജക്റ്റ് എൻജിനീയർമാർ, സ.ഉ.(അച്ചടി)നം.54/2025/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള വർദ്ധനവ് ആവശ്യപ്പെട്ട് കൊണ്ട് സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്നതിന് .

(1475/AD-A-ASST-3/2019/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.442***

വിഷയം പൊളിറ്റിക്കൽ സയൻസ് വകുപ്പ് തലവൻ ഡോ. ശിവദാസൻ പി എന്നവർക്ക് വകുപ്പ് മേധാവി ആയിരുന്ന കാലയളവിൽ, KSR Rule പ്രകാരം ചാർജ് അലവൻസ് അനുവദിക്കാവുന്നതാണ് എന്ന് 28.02.2026-ലെ സിൻഡിക്കേറ്റ് (ഐറ്റം നമ്പർ 2025.1526*) പ്രകാരം തീരുമാനം വന്ന സാഹചര്യത്തിൽ, KSR Rule പ്രകാരം അധിക തസ്തികയുടെ ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിന്റെ 2% ചാർജ് അലവൻസായി പരമാവധി മൂന്ന് മാസത്തേക്ക് നൽകാം എന്ന വ്യവസ്ഥയാണ് ഉള്ളത് എന്നും, വകുപ്പ് മേധാവി എന്ന ചുമതലക്കു പ്രത്യേക ശമ്പള സ്കെയിൽ ഇല്ലാത്തതിനാലും, ടിയാൾക്കു നൽകിയിരിക്കുന്ന വകുപ്പ് മേധാവിയെന്ന അധിക ചുമതല ശമ്പള സ്കെയിലോടു കൂടിയ തസ്തികയല്ല, മറിച്ച് പ്രൊഫസർഷിപ്പിന്റെ കൂടെ അധിക ശമ്പളമില്ലാതെ വഹിക്കുന്ന ചുമതല മാത്രമാണ് എന്ന കാരണത്താലും, ഈ കാലയളവിൽ ടിയാന് പരമാവധി അർഹതയുള്ള ആർജിതാവധി അനുവദിച്ചുകൊണ്ട് ഉത്തരവായ സാഹചര്യത്തിലും, ഡോ. ശിവദാസൻ പി എന്നവർക്ക് KSR Rule പ്രകാരം ചാർജ് അലവൻസ് അനുവദിക്കാൻ സാധിക്കില്ല എന്നുള്ള വിഷയം പരിഗണനക്കായി പുനഃ സമർപ്പിക്കുന്നത്.

(131366/GA-II-C4/2015/Admn)

തീരുമാനം **ചാർജ് അലവൻസ് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.452***

വിഷയം CDC ഡയറക്ടർ തസ്തിക 1978-ലെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഫസ്റ്റ് ഓർഡിനൻസുകളുടെ XV അദ്ധ്യായത്തിലെ Sl No.25 -ൽ ഉൾപ്പെടുത്തുന്ന കരട് ഭേദഗതി അംഗീകരിക്കുന്നതിനും തസ്തിക പ്രാബല്യ തീയതി 31.03.1995 ആയി കണക്കാക്കി തീരുമാനമെടുക്കുന്നതിനുമായി സെനറ്റ് മുൻപാകെ സമർപ്പിക്കാൻ തീരുമാനമെടുത്തെങ്കിലും, സർവകലാശാല വാർഷിക സെനറ്റ് യോഗത്തിൽ നിന്നും പ്രസ്തുത ഇനം പിൻവലിക്കുവാനും അടുത്ത സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കായി പുനഃസമർപ്പിക്കാനും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വീണ്ടും പരിഗണിയ്ക്കുന്നതിന്.

(140759/GA-II-C-SO/2021/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.454***

വിഷയം 1977-ലെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലും 1978-ലെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഫസ്റ്റ് ഓർഡിനൻസിലും, സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ (School of Distance Education) എന്നത് സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (Centre for Distance and Online Education) എന്നാക്കിയും 1977-ലെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 43* അദ്ധ്യായത്തിൽ കാലിക്കറ്റ് സർവകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന്റെ കീഴിൽ ഓൺലൈൻ മോഡ് ഉൾപ്പെടുത്തിയും ഭേദഗതികൾ വരുത്തുന്നതിനുള്ള സിൻഡിക്കേറ്റ് അംഗീകാരം നൽകിയ ശിപാർശ, കാലിക്കറ്റ് സർവകലാശാലാ സെനറ്റിന്റെ 2025 ജൂൺ 25 ന് ചേർന്ന യോഗം ഇനം IV-2 പ്രകാരം അംഗീകരിച്ചത് സെനറ്റിന്റെ രണ്ടാം വായനക്ക് സമർപ്പിച്ചത് 17.11.2025 തിയ്യതിയിലെ സെനറ്റ് യോഗം ഇനം III -20 പ്രകാരം പരിഗണിക്കുകയും അംഗീകാരം നൽകുകയും ചെയ്ത ശിപാർശയിലെ നിലവിൽ നൽകിയ ഭേദഗതി നിർദ്ദേശങ്ങളിൽ ചില തെറ്റുകൾ ഉണ്ടെന്ന് ബോധ്യപ്പെടുകയും ആയതിൽ മാറ്റം വരുത്തി, തിരുത്തിയ ഭേദഗതി നിർദ്ദേശം വീണ്ടും പരിഗണിക്കുന്നതിന്.

(23555/CDOE-A-ASST-2/2022/Admn)

തീരുമാനം

- **അംഗീകരിച്ചു.**
- **തുടർ ചർച്ചയുടെ അടിസ്ഥാനത്തിൽ സർവകലാശാലാ സ്റ്റാറ്റ്യൂട്ടിന്റെ പുതുക്കിയ പകർപ്പ് പ്രൂഫ് റീഡിംഗ് നടത്തി, പ്രിന്റ് ചെയ്ത് എല്ലാ സിണ്ടിക്കേറ്റ് അംഗങ്ങൾക്കും, ഓഫീസുകളിലേയ്ക്കും ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി.**

ഇനം നമ്പർ **2026.480**

വിഷയം കേരള സർവീസ് റൂൾസ് പാർട്ട് I, അപ്പൻഡിക്സ് XII-A പ്രകാരം അനുവദിച്ച 20 വർഷത്തെ ശൂന്യവേതനാവധിക്ക് ശേഷം ജോലിയിൽ പ്രവേശിക്കാൻ വൈകിയതിനെത്തുടർന്ന് ശ്രീ. ഉബൈദുള്ള ഏളാട്ടുപറമ്പിൽ (അസിസ്റ്റന്റ്, ഐ.ഡി നം. 2547)-നെതിരെ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി നടന്ന ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച ശുപാർശകൾ പരിഗണിക്കുന്നതിന് .

(221268/AD-LEG-ASST-4/2018/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.487***

വിഷയം വയനാട്, മീനങ്ങാടി മോഡൽ കോളേജിന്റെ (Self Financing College under IHRD) 2024-25 വർഷത്തെ തുടർ അഫിലിയേഷനുമായി ബന്ധപ്പെട്ട് ജില്ലാ തല പരിശോധനാ സമിതി, വയനാട് നൽകിയ പരിശോധനാ റിപ്പോർട്ടിൽ വയനാട്, മീനങ്ങാടി മോഡൽ കോളേജ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും എന്നാൽ കോളേജ് കെട്ടിടം നിർമിക്കാനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടക്കുന്നുണ്ട് എന്നും കാണിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വയനാട്, മീനങ്ങാടി, മോഡൽ കോളേജിന്റെ 2024-25 അധ്യയന വർഷം മുതലുള്ള തുടർ അഫിലിയേഷൻ അനുവദിച്ചു നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(43829/CDC-A1/2015/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.491***

വിഷയം സൈക്കോളജി പഠന വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (AL 10) ആയ ഡോ. റംഷിദ എ. പി. എന്നവർക്ക് അസിസ്റ്റന്റ് പ്രൊഫസർ (AL 11) തസ്തികയിലേക്ക്, കരിയർ അഡ്വാൻസ്മെൻറ് സ്കീമിൽ UGC റെഗുലേഷൻ, 2018 പ്രകാരം, 01.02.2025 മുതൽ പ്രാബല്യത്തിൽ പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ടു സ്ക്രീനിംഗ് കം ഇവാലുവേഷൻ കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു കൊണ്ട് അസിസ്റ്റന്റ് പ്രൊഫസർ (AL 11) തസ്തികയിലേക്ക്, പ്രൊമോഷൻ നല്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(249211/GA-II-F-SO/2025/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.492***

വിഷയം To consider the Minutes of the Screening Cum Evaluation Committee which unanimously, recommended to promote Dr. Roymon Joseph (ID No. 4948), Assistant Professor (Academic Level 10), Department of Chemistry, to the post of Assistant Professor (Academic Level 11) with effect from 16.02.2025 FN under the Career Advancement Scheme, as per UGC Regulations 2018, subject to the final disposal of the writ appeals filed by the University against the judgement in W.P.(C) No.4733/2021 & connected cases.

(13056/GA-II-F-SO/2026/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.493***

വിഷയം To consider the question of approving the recommendation of the Screening Cum Evaluation Committee to promote Dr.Fazalurahman K (ID No. 4947), Assistant Professor (Academic Level 10), Department of Chemistry, to the post of Assistant Professor (Academic Level 11) with effect from 16.02.2025 FN under the Career Advancement Scheme, as per UGC Regulations 2018, subject to the final disposal of the writ appeals filed by the University against the judgement in W.P.(C) No.4733/2021 & connected cases.

(12458/GA-II-F-SO/2026/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.494**

വിഷയം തുഞ്ചൻ മാനുസ്ക്രിപ്റ്റ് റെപ്പോസിറ്ററി ആൻഡ് മൾട്ടിഡിസിപ്ലിനറി റിസർച്ച് സെന്ററിലെ താളിയോല ഗ്രന്ഥങ്ങളുടെ കാറ്റലോഗുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും താളിയോല ഗ്രന്ഥങ്ങളുടെ ഡിസ്ക്രിപ്റ്റീവ് കാറ്റലോഗ് വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതിനുമായി പ്രൊജക്റ്റ് ഫെലോകളെ നിയമിക്കുന്നതിനുള്ള അനുമതി, പ്രോജക്റ്റ് ഫെലോ തസ്തികയുടെ ആവശ്യകത, യോഗ്യത, നൽകേണ്ട ശമ്പളം ഇവ സംബന്ധിച്ചുള്ള തീരുമാനം എടുക്കുന്നതിന്.

(267569/TMR-ASST-1/2025/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.495***

വിഷയം To consider and facilitate an appropriate and positive resolution of the issue pertaining to the audit objection regarding the recruitment of contract/daily wage staff without adherence to the provisions of the Employment Exchanges Act, 1959.

(202409/AD-K-ASST-4/2024/Admn)

തീരുമാനം **Resolved to follow existing selection procedure.**

ഇനം നമ്പർ **2026.496***

വിഷയം സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ്, തൃശ്ശൂരിലെ മൂന്നാം വർഷ ബി.ടി.എ. വിദ്യാർത്ഥികൾ, ശ്രീ. ഡാനിയേൽ എ. കെലിൻ II യുടെ സംവിധാനത്തിൽ 2025 ഒക്ടോബർ 19 മുതൽ നവംബർ 19 വരെ സംഘടിപ്പിച്ച നാടകത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി ചിലവായ തുകയുടെ ബില്ലുകൾ സർവകലാശാലക്ക് സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(232159/SDF-JMC-SO/2025/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.497***

വിഷയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീറിങ്ങ് ടെക്നോളജി (IET) യുടെ ബസ്സിന്റെ (Reg no: KL 10 R 391) 20 വർഷത്തെ റെജിസ്ട്രേഷൻ കാലാവധി അവസാനിച്ചതിനാൽ വാഹനത്തിന്റെ ബോഡി പൊളിച്ചുമാറ്റി ഭാഗങ്ങൾ നീക്കം ചെയ്യുന്നതിനുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടപ്പിലാക്കുന്നതിനും അതിനായി കോട്ടേഷൻ കം ഓക്ഷൻ ക്ഷണിക്കുന്നതിനുമായി അനുമതി വാങ്ങുന്ന വിഷയം പരിഗണിക്കുന്നതിന്.

(48581/CUIET-A-ASST-2/2013/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.498***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷന്റെ ഓഫീസ് പ്രവർത്തിക്കുന്നതിനായി സർവകലാശാല ഭൂമി അനുവദിച്ച് അതിൽ കെട്ടിടം നിർമ്മിച്ച് നൽകണമെന്നു ആവശ്യപ്പെട്ടുകൊണ്ട് സംഘടനയുടെ ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ, പരിഗണിക്കുന്നതിന്.

(93371/PLD-B-ASST-1/2026/Admn)

തീരുമാനം

- **സംഘടനയുടെ സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് ഓഫീസ് പ്രവർത്തനത്തിനായി സ്ഥലം അനുവദിക്കുന്നതിന് തീരുമാനിച്ചു**.
- **അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി**.

ഡോ. പ്രദീപ്കുമാർ കെ, അഡ്വ. എം.ബി. ഫൈസൽ, പ്രൊഫ.(ഡോ.) മുഹമ്മദ് സലീം ടി, ശ്രീ. സുശാന്ത് പി, പ്രൊഫ. (ഡോ.) മുഹമ്മദ് ഹനീഫ, ശ്രീ. ഇ. അബ്ദുറഹീം, ശ്രീ. സുമോദ് പി. പി. എം.എൽ.എ എന്നിവർ വിയോജിച്ചു.

ഇനം നമ്പർ **2026.499***

വിഷയം 06.11.2025 തീയതിയിലെ സ.ഉ.(സാധാ) നം. 1449/2025/HEDN പ്രകാരം അതിഥി അദ്ധ്യാപകരുടെ പ്രതിദിന വേതനം പുതുക്കി നിർണ്ണയിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ 28.02.2026 തീയതിയിലെ സിണ്ടിക്കേറ്റ് യോഗത്തിന്റെ ഇനം നം.2025.1541* മിനുറ്റ്സിലെ No.2 പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും, മേൽ സിണ്ടിക്കേറ്റ് യോഗ തീരുമാനം സർവകലാശാലയിൽ നടപ്പിലാക്കുന്നതിനു മുൻപ് പ്രസ്തുത തീരുമാനം സർവകാലാശാലയിൽ ഏത് തീയതി മുതൽ പ്രാബല്യത്തിൽ വരണമെന്ന കാര്യം നിശ്ചയിക്കുന്നതിനായി വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്ക് പുന:സമർപ്പിക്കുവാൻ ബഹു.വൈസ് ചാൻസിലർ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനയിലേക്ക് പുന:സമർപ്പിക്കുന്നതിന്.

(62863/GA-II-F3/2017/Admn)

തീരുമാനം **പ്രതിദിന വേതനാടിസ്ഥാനത്തിൽ നിയമനത്തിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നൽകുന്ന തിയതി മുതൽ പ്രാബല്യം നൽകുന്നതിന് അംഗീകാരം നൽകി**.

ഇനം നമ്പർ **2026.500**

വിഷയം അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിക്കുന്നത് – പരിഗണിക്കുന്നതിന്.

(20563/AD-A-ASST-1/2016/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.506***

വിഷയം 1977 ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം 7 ലെ സ്റ്റാറ്റ്യൂട്ട് 9–ഉം, അദ്ധ്യായം 5 ലെ സ്റ്റാറ്റ്യൂട്ട് 8–ഉം, സ്റ്റാറ്റ്യൂട്ട് 12–ഉം ഭേദഗതി ചെയ്യുന്നതിനുള്ള ഭേദഗതി നിർദ്ദേശം പരിഗണിയ്ക്കുന്നതിന്.

(36672/GA -I-F-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.514**

വിഷയം മങ്കട, ഗവൺമെൻറ് ആർട്സ് & സയൻസ് കോളേജിൽ വെച്ച് നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്.സി സൈക്കോളജി ഹോണേഴ്സ് (FYUG) പ്രോഗ്രാമിന്റെ നവംബർ 2024 പരീക്ഷയിൽ ശ്രീമതി. ഫാത്തിമ അൻഷിദ എം. പി (Reg. No.GQAYSPY014) എന്ന പരീക്ഷാർത്ഥി പരീക്ഷാ ക്രമക്കേട് നടത്തി എന്ന ആരോപണത്തിൽ ഇനം. നമ്പർ 2026/03/03 പ്രകാരം പരീക്ഷാകാര്യ സ്ഥിരം സമിതി കൈക്കൊണ്ട തീരുമാനം പരിഗണിക്കുന്നതിന്.

(210586/EDE-III-ASST-III/2024/PB)

തീരുമാനം **പുന:പരിശോധനയ്ക്കായി പരീക്ഷാകാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**

ഇനം നമ്പർ **2026.515***

വിഷയം To consider the resolutions of the Standing Committee of the Syndicate on Examinations held on 02.03.2026 in respect of a request from the Principal ,Chathamkulam Institute of Research and Advanced Studies, Palakkad for correction of Internal Marks of the MBA candidate Abhijith V (Reg.No.ADAYMBA034) ,for the paper BUS 2C 12-Human Resources Management' of Second Semester MBA July 2025 Examinations.

(229440/EPR-V-ASST-III/2025/PB)

തീരുമാനം **Approved.**

ഇനം നമ്പർ **2026.522***

വിഷയം അറബിക് പഠന വകുപ്പിൽ അടുത്ത രണ്ട് വർഷത്തേക്ക് പുതിയ മേധാവിയെ നാമ നിർദ്ദേശം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതിന്.

(198717/GA-II-C2/2015/Admn)

തീരുമാനം **അറബിക് പഠന വകുപ്പിൽ അടുത്ത രണ്ട് വർഷത്തേക്ക് പുതിയ മേധാവിയായി ഡോ. അലി നൗഫൽ–നെ നിയമിക്കുന്നതിന് അംഗീകാരം നൽകി**.

ഇനം നമ്പർ **2026.528***

വിഷയം സ്വയംഭരണ പദവി ലഭിക്കുന്നതിനായി ഇ.എം.ഇ.എ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്(എയ്ഡഡ്), പി.ഒ.കുമ്മിണിപ്പറമ്പ, മലപ്പുറം, യുജിസി പോർട്ടലിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പരിഗണിക്കുന്നതിനും, ഇക്കാര്യത്തിൽ യുജിസി നിഷ്കർഷിക്കുന്ന തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന്.

(37199/CDC-E-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.538***

വിഷയം സ്വയംഭരണ പദവി ലഭിക്കുന്നതിനായി സെന്റ് അലോഷ്യസ് കോളേജ് (എയ്ഡഡ്), എൽതുരുത്ത്, തൃശൂർ യുജിസി പോർട്ടലിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് പരിഗണിക്കുന്നതിനും, യുജിസി നിഷ്കർഷിക്കുന്ന തുടർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുന്നതിന്.

(29194/CDC-E-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.540***

വിഷയം തൃശൂർ അരണാട്ടുകരയിലെ ഡോ. ജോൺ മത്തായി സെന്റർ ക്യാമ്പസ്സിന്റെ സമഗ്ര വികസനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ക്യാമ്പസ് ഡയറക്ടറുടെ ഓഫീസ് കാര്യങ്ങൾക്കായി മാത്രം ഒരു സെക്ഷൻ ഓഫീസറുടെ തസ്തിക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ട്, 17.10.2024 തീയതിയിലെ സിണ്ടിക്കേറ്റ് തീരുമാന പ്രകാരം സർക്കാരിലേക്ക് നൽകിയ കത്തിന് മറുപടിയായി (i) ടി ആവശ്യം പരിഗണിക്കാനാകില്ലെന്ന് അറിയിക്കുകയും, നിലവിലെ സ്ഥിതി തുടരാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ള ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രെട്ടറിയുടെ മറുപടി സിണ്ടിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും, (ii) താത്കാലികമായി CDOE യിൽ നിന്നും

JMC ലേക്ക് മാറ്റിയ സെക്ഷൻ ഓഫിസറുടെ തസ്തിക നിലവിലെ സാഹചര്യത്തിൽ JMC യിൽ തന്നെ നിലനിർത്തുന്നതും പരിഗണിക്കുന്നതിന്.

(216463/AD-E-ASST-3/2016/Admn)

തീരുമാനം

I. **ശ്രദ്ധിച്ചു.**

II. **തൽസ്ഥിതി തുടരുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.541**

വിഷയം

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് ഓർഡിനൻസസ്, 1978 ന്റെ ചാപ്റ്റർ 15 ലെ അനധ്യാപക തസ്തികകളുടെ ഷെഡ്യൂളിലെ 13 തസ്തികകൾക്ക്, 16.09.2023-ലെ 14292/2023/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം അംഗീകരിച്ച് നടപ്പിലാക്കിയ സിണ്ടിക്കേറ്റ് സബ് കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരമുള്ള ഭേദഗതികൾക്കുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്നതിനും, പ്രസ്തുത ഭേദഗതികൾ നിലവിൽ വരുത്തുന്നതിനുള്ള പ്രാബല്യ തിയതികൾ നിശ്ചയിക്കുകയും ചെയ്യുന്നത് പരിഗണിയ്ക്കുന്നതിന്.

(243354/AD-A-ASST-2/2023/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.542**

വിഷയം

പ്രൊജക്റ്റ് മോഡ് പ്രോഗ്രാമുകളുടെ അഡ്മിഷൻ സ്റ്റാറ്റിസ്റ്റിക്സ്, പ്രോഗ്രസ്സ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച ഏകീകൃത റിപ്പോർട്ട് പരിഗണനക്കുന്നതിന്.

(54329/GA-II-C-SO/2023/Admn)

തീരുമാനം **ശ്രദ്ധിച്ചു.**

ഇനം നമ്പർ **2026.551***

വിഷയം

കാലിക്കറ്റ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെന്ററിൽ (സി.യു.സി.സി) ടെക്നിക്കൽ തസ്തികകളിൽ (പ്രോഗ്രാമർ, ടെക്നീഷ്യൻ (നെറ്റ്വർക്ക്), ടെക്നീഷ്യൻ (ഡാറ്റ സെന്റർ)) കരാർ വ്യവസ്ഥയിൽ തുടർച്ചയായി നിയമനം നൽകുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ് എന്നതിനാലും, സർക്കാർ അനുമതി കൂടാതെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുകയോ/കാലാവധി ദീർഘിപ്പിച്ച് നൽകുകയോ അത് വഴി സർക്കാരിന് സാമ്പത്തിക ബാധ്യതയോ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം നിയമന അധികാരിയിൽ നിക്ഷിപ്തമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്ന സ.ഉ.(അച്ചടി) നം.54/2025/ധന നമ്പർ സർക്കാർ ഉത്തരവ് നിലവിലുള്ളതിനാലും, സി.യു.സി.സി യിലെ ടെക്നിക്കൽ തസ്തികകളിലെ കരാർ നിയമനങ്ങൾക്കായി പുതിയ പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇതുവരെ തുടങ്ങിയിട്ടില്ലാത്തതിനാലും ബന്ധപ്പെട്ട വിഷയം തുടർ നടപടികൾ നിർദേശിക്കുന്നതിനായി / പുനഃനിയമനങ്ങൾക്ക് അംഗീകാരം നല്കുന്നത് പരിഗണിക്കുന്നതിന്.

(67407/AD-A-ASST-2/2015/Admn)

തീരുമാനം **സി.യു.സി.സി യിലെ ടെക്നിക്കൽ തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിന് പുതിയതായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.556***

വിഷയം

G8, G29, G39 ക്വാർട്ടേഴ്സുകളുടെ നവീകരണപ്രവൃത്തിക്കായി തയ്യാറാക്കിയ 6,00,000/- രൂപയുടെ (ആറ് ലക്ഷം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് (Renovation works to G8,G29 and G39 quarters) പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ "Part I 57-2031-01 M&R (Buildings)"എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം മേൽ പ്രവർത്തികൾ അംഗീകരിക്കാവുന്നതാണെന്ന ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(294091/PLD-B-ASST-1/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.557***

വിഷയം

എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിലെ സൈക്കോളജി വിഭാഗത്തിലുള്ള പുരുഷന്മാരുടെയും സ്ത്രീകളുടെയും ടോയ്ലെറ്റുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്ന പ്രവർത്തിക്കായി (Urgent repair works to the Gents and Ladies toilet in Psychology Department in Education Department) തയ്യാറാക്കിയ 6,60,000/- രൂപയുടെ (ആറ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം, ആയത് അംഗീകരിക്കുന്നതിനുള്ള

ഫിനാൻസ്, പ്ലാനിങ്&വർക്സ് സ്ഥിരം സമിതി ശുപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(51457/PLD-B-ASST-3/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.573***

വിഷയം കായിക പഠന വിഭാഗത്തിൽ ഫിസിയോതെറാപിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. ഡെന്നി ഡേവിസ്-നു അദ്ദേഹം അധികമായി ചെയ്തു കൊണ്ടിരിക്കുന്ന സേവനത്തിനു വേതനം നൽകുന്നതിന്.

(78354/DPE-B-ASST-2/2026/Admn)

തീരുമാനം **ഫിസിയോതെറാപിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. ഡെന്നി ഡേവിസ്-ന് 5,000/- രൂപ അധിക വേതനം നൽകുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.575***

വിഷയം To consider the recommendation of the Screening Cum Evaluation Committee to grant promotion to Dr. Derry Holaday M. G. (ID No. 4949), Assistant Professor (Academic Level 10), Department of Chemistry, to the post of Assistant Professor (Academic Level 11) with effect from 15.02.2025 FN under the Career Advancement Scheme, as per UGC Regulations 2018, subject to the final disposal of the writ appeals filed by the University against the judgement in W.P.(C) No.4733/2021 & connected cases.

(12472/GA-II-F-SO/2026/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.576***

വിഷയം To consider the recommendation of the Screening Cum Evaluation Committee to grant promotion to Dr. Suja T D (ID No. 4946), Assistant Professor (Academic Level 10), Department of Chemistry, to the post of Assistant Professor (Academic Level 11) w.e.f 16.07.2025(Date of acceptance of the publication) under the Career Advancement Scheme, as per UGC Regulations 2018, subject to the final disposal of the writ appeals filed by the University against the judgement in W.P.(C) No.4733/2021 & connected cases.

(12474/GA-II-F-SO/2026/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.578***

വിഷയം ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളിൽ ഓരോ പേപ്പറിനും ഫീസ് 5000/- രൂപ ആയി വർദ്ധിപ്പിച്ച് ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫീസ് ഘടന പരിഷ്കരിക്കുന്നതിനും, വിദ്യാർഥികളിൽ നിന്നും അഞ്ച് പേപ്പറുകളിൽ നിന്നും അധികമായി അപേക്ഷ സ്വീകരിക്കുമ്പോൾ ഓരോ അധിക പേപ്പറിനും ഈടാക്കേണ്ട ഫീസ് 1500/- രൂപയും ഈടാക്കേണ്ട പരമാവധി തുക 27500/- ആക്കുന്നത് സംബന്ധിച്ചും തീരുമാനം എടുക്കുന്നതിനുള്ള പ്രൊപോസൽ അംഗീകരിക്കുന്നതിന്.

(102065/SSE-IV-SO/2026/PB)

തീരുമാനം

- **പ്രൊപ്പോസൽ അംഗീകരിച്ചു.**
- **രണ്ട് വർഷത്തിനുള്ളിൽ കാലിക്കറ്റ് സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രത്യേക സെൽ രൂപീകരിച്ച്, ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.585***

വിഷയം Replacement of Damaged LDB (Lighting Distribution Board), VDB (Vertical Distribution Board) and Panel Boards at EMS Seminar Complex – എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 6,78,000/- രൂപയുടെ (ആറു ലക്ഷത്തി എഴുപത്തെണ്ണായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ 'Part I 57-2031-01 Maintenance & Repair (Buildings)' എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുന്നതിന്.

(122967/PLD-B-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.601***

വിഷയം മാസ്സ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം ഡിപ്പാർട്ട്മെന്റ് കെട്ടിടത്തിൽ ലിഫ്റ്റ്

സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികൾക്കായി (Civil works for the installation of lift at Mass Communication & Journalism department building) തയ്യാറാക്കിയ 18,00,000/- രൂപയുടെ (പതിനെട്ട് ലക്ഷം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിക്കുന്നതിനായി ഫിനാൻസ് പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശുപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(217538/PLD-B-ASST-3/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.602***

വിഷയം എ.ഡി. ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ളോറിലുള്ള പർച്ചേസ് ഡിവിഷനിൽ ടൈൽ പാകുന്ന പ്രവൃത്തിക്കായി (Tiling the floor of Purchase Division in the ground floor of AD Block) തയ്യാറാക്കിയ 2,71,000/- രൂപയുടെ (രണ്ട് ലക്ഷത്തി എഴുപത്തൊന്നായിരം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിക്കുന്നതിനായി ഫിനാൻസ് പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശുപാർശയോടോപ്പം പരിഗണിക്കുന്നതിന്.

(32576/PLD-B-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.604***

വിഷയം ഐ.ക്യു.എ.സി കെട്ടിടത്തിന് മുന്നിൽ ഡ്രെയിനേജ് നിർമ്മാണം, മണ്ണ് വെട്ടി നിരപ്പാക്കൽ എന്നീ പ്രവർത്തികൾക്കായി (Construction of drain,earth cutting and levelling in front of IQAC building) തയ്യാറാക്കിയ 4,00,000/- രൂപയുടെ (നാല് ലക്ഷം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിക്കുന്നതിനായി ഫിനാൻസ് പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശുപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(104116/PLD-B-ASST-3/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.610***

വിഷയം Re Painting work of buildings (3 Nos) for MBA Department at Dr. John Matthai Centre, Thrissur, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 9,00,000/- രൂപയുടെ (ഒൻപത് ലക്ഷം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part I 57-2044-01 Infrastructure Development of CUTEC/MBA/MCA Centres എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുന്നതിന്.

(130668/PLD-B-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.611***

വിഷയം Repair and Renovation of Existing Overhead Water Tank and Open Well at Dr. John Matthai Center, Thrissur, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 9,50,000/- രൂപയുടെ (ഒമ്പത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part I 57-2031-01 Maintenance & Repair (Buildings) എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്ക്സ് സ്ഥിരം സമിതി ശുപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(172765/PLD-B-ASST-2/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.616***

വിഷയം കോഴിക്കോട്, ഗവ. കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ നാല് വർഷ ബി.പി. എഡ് ഇന്റഗ്രേറ്റഡ് വിദ്യാർത്ഥികളായ അഭിരാം സജീവ് (KGAVBPD002), മുഹമ്മദ് ഹാഷിം (KGAVBPD022) എന്നീ വിദ്യാർത്ഥികളുടെ നാലാം വർഷത്തെ ഹാജർ കുറവ് പ്രത്യേക കേസായി പരിഗണിച്ചു മാപ്പാക്കുന്നത് സംബന്ധിച്ച്.

(16/GA-IV–C2/2O13/CU)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.617***

വിഷയം കാലിക്കറ്റ് സർവകലാശാലയുടെ അംഗീകാരമുള്ള, തൃശ്ശൂരിലെ രാമവർമ്മപുരത്തുള്ള കേരള പോലീസ് അക്കാദമിയിലെ മൾട്ടിഡിസിപ്ലിനറി (പോലീസ് സയൻസ്) ഗവേഷണകേന്ദ്രത്തിൽ കെമിസ്ട്രി, ബയോളജി, ഫോറൻസിക് കെമിസ്ട്രി, ബോട്ടണി, ഫിസിക്സ്, സുവോളജി തുടങ്ങിയ വിഷയങ്ങളിൽ റിസർച്ച്ഗൈഡ് ആയി അംഗീകരിക്കുന്നതിന് പോലീസ് അക്കാദമിയിലെ സയന്റിഫിക് ഓഫീസർമാർ നൽകിയ അപേക്ഷ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് 24.02.2026 തീയതിയിൽ നടന്ന കോഴ്സസ് ആൻഡ് റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ അംഗീകരിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(277432/RESEARCH-D-ASST-2/2025/Admn)

തീരുമാനം **പരിശോധന നടത്താൻ റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.618***

വിഷയം 30.05.2025 തീയ്യതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഡോ: സോമനാഥൻ പി, പ്രൊഫസർ, (ഐ ഡി നം:3155) ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം & കേരള സ്റ്റഡീസ് – എന്നവർക്ക് അവസാന മാസ ശമ്പളത്തിനുമേൽ ഓഡിറ്റ് തടസ്സവാദം നിലനിൽക്കുന്നതിന്റെ പശ്ചാത്തലത്തിൽ, ഓഡിറ്റ് തടസ്സവാദം മുഖേനയുള്ള ബാധ്യത ഡി.സി.ആർ.ജി – യിൽ നിന്നും തടഞ്ഞുവച്ചുകൊണ്ട് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ സിൻഡിക്കേറ്റ് (28.02.2026 തീയ്യതിയിലെ സിൻഡിക്കേറ്റ് യോഗത്തിലെ അടിയന്തര പ്രാധാന്യമുള്ള ഇനം നമ്പർ 2026.73*) തീരുമാനിക്കുകയും ആയത് U O No.5334/2026/Admn dtd:25.03.2026 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത തീരുമാനം (എക്സ്ട്രാക്റ്റ് ഇനം നമ്പർ 2026.73*) ഭേദഗതി ചെയ്തുകൊണ്ട് 25.04.2026 ലെ ഇനം നമ്പർ 2026.303 പ്രകാരം സ്റ്റാമ്പ് പേപ്പറിലുള്ള Undertaking – ന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഡി.സി.ആർ.ജി ഉൾപ്പെടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാനുള്ള തീരുമാനം പുനഃപരിഗണിക്കുന്നതിന്.

(184792/AD-H-ASST-1/2024/Admn)

തീരുമാനം **ഓഡിറ്റ് തടസ്സവാദം മുഖേന കണക്കാക്കപ്പെട്ട ബാധ്യത DCRG യിൽ നിന്നും തടഞ്ഞുവച്ചുകൊണ്ട് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2026.620**

വിഷയം കോഴിക്കോട്, മലബാർ ക്രിസ്ത്യൻ കോളേജിലെ ദേവിക.കെ.നായർ (Reg.No.MCAWSZO020) എന്ന വിദ്യാർത്ഥിനി അഞ്ചാം സെമസ്റ്റർ ബി.എസ്.സി. സുവോളജി – സി.ബി.സി.എസ്.എസ് നവംബർ 2024 റെഗുലർ പരീക്ഷയിൽ പരീക്ഷാക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് 23.04.2025 തിയ്യതിയിൽ വിദ്യാർത്ഥിനിയെയും 23.09.2025 തിയ്യതിയിൽ ഇൻവിജിലേറ്ററിനെയും പരീക്ഷാകാര്യ അന്വേഷണ സമിതി കേൾക്കുകയും വിദ്യാർത്ഥിനിയെ കുറ്റവിമുക്തയാക്കാൻ ശിപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത ശിപാർശ 11.02.2026 നു ചേർന്ന പരീക്ഷാകാര്യ സ്ഥിരം സമിതി അംഗീകരിക്കുകയും ചെയ്തു. ബഹു. വി.സി നിർദ്ദേശിച്ച പ്രകാരം പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ തീരുമാനം പരിഗണനയ്ക്കുന്നതിന്.

(208159/ES-XVI-ASST-3/2024/PB)

തീരുമാനം **പുന:പരിശോധനയ്ക്കായി പരീക്ഷാകാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.622**

വിഷയം കോഴിക്കോട്, സമോറിൻസ് ഗുരുവായൂരപ്പൻ കോളേജിലെ ശ്രീ. ഹരികൃഷ്ണൻ പി. (ZGAWSPH013) എന്ന വിദ്യാർത്ഥിയുടെ ആറാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്. – യു.ജി.) ഏപ്രിൽ 2025 പരീക്ഷയിലെ പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട് 31.10.2025, 20.11.2025 തീയതികളിൽ ചേർന്ന പരീക്ഷാകാര്യ സ്ഥിരം അന്വേഷണ സമിതി ടി വിദ്യാർത്ഥിയെ കുറ്റവിമുക്തനാക്കാൻ ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ, ബഹു: വൈസ് ചാൻസിലറുടെ നിർദേശപ്രകാരം പുനഃപരിശോധനക്കായി 02.03.2026-നു ചേർന്ന പരീക്ഷാകാര്യ സ്ഥിരം സമിതിക്കു മുൻപാകെ സമർപ്പിക്കുകയുണ്ടായി. പരീക്ഷാകാര്യ സ്ഥിരം സമിതി, അന്വേഷണ സമിതിയുടെ തീരുമാനം ശരിവെക്കുകയും അന്തിമ പ്രശ്നപരിഹാരത്തിനായി ടി വിഷയം പരിഗണിയ്ക്കുന്നതിന്.

(75191/ES-XVI-ASST-2/2025/PB)

തീരുമാനം **പുന:പരിശോധനയ്ക്കായി പരീക്ഷാകാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.623***

വിഷയം KMCT Law College, കുറ്റിപ്പുറം, മലപ്പുറം അഫിലിയേറ്റഡ് ലോ കോളേജിലെ V Semester BBA LL.B. വിദ്യാർത്ഥിനിയായ കുമാരി അമീന നാജിയ (Reg. No. WLAXLBA010), ചികിത്സയും വിശ്രമവും ആവശ്യമായ ആരോഗ്യപ്രശ്നങ്ങളെ തുടർന്നുണ്ടായ ഹാജർക്കുറവ് കാരണം V Semester പരീക്ഷയിൽ നിന്ന് ഡിറ്റെൻ ചെയ്യപ്പെട്ട സാഹചര്യത്തിൽ, മെഡിക്കൽ രേഖകൾ പരിഗണിച്ച് ഹാജർക്കുറവ് കൺഡോൺ ചെയ്ത് Token Registration വഴി പഠനം തുടരുന്നതിന് അവസരം നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി – IV Semester- ൽ Double Condonation ഇതിനകം പ്രയോജനപ്പെടുത്തിയിട്ടുള്ളസാഹചര്യവും, V Semester- ൽ 61% ഹാജർ മാത്രമാണ് നേടിയിട്ടുള്ളതെന്ന വസ്തുതയും ഉൾപ്പെടെ വിഷയം പരിഗണനയ്ക്കുന്നതിന്.

(114700/DSW-ASST-6/2026/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.624***

വിഷയം നാലുവർഷ ബിരുദ (FYUGP) പ്രോഗ്രാമുകളിലെ പരീക്ഷകളുമായി ബന്ധപ്പെട്ട് കോളേജുകൾ വിദ്യാർത്ഥികളുടെ എക്സ്റ്റേണൽ മാർക്കുകൾ തെറ്റായി എൻട്രി ചെയ്യുന്നതും, സമയബന്ധിതമായി അപ്‌ലോഡ് ചെയ്യാതിരിക്കുന്നതുമായ സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട പിഴ/നടപടിക്രമങ്ങൾ നിർണ്ണയിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.വസുമതി ടി (കൺവീനർ), ഡോ.കാവുമ്പായി ബാലകൃഷ്ണൻ, ശ്രീ.സുശാന്ത്.പി, ഡോ.മുഹമ്മദ് ഹനീഫ കെ, എന്നിവരെ ഉൾപ്പെടുത്തി 24/03/2026 തീയതിയിലെ 872/2026/PB സർവകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ ശിപാർശ സിണ്ടിക്കേറ്റ് മുമ്പാകെ സമർപ്പിക്കുന്നതിനായുള്ള പരീക്ഷാ സ്ഥിരം സമിതിയുടെ തീരുമാനം പരിഗണിക്കുന്നതിന്.

(6068/EG-I-ASST-1/2016/PB)

തീരുമാനം **ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ചു.**

ഇനം നമ്പർ **2026.646***

വിഷയം കാലിക്കറ്റ് സർവകലാശാല ഇംഗ്ലീഷ് പഠന വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലി ചെയ്തിരുന്നതും പിന്നീട് കേരള സർക്കാർ കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിലേക്ക് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീമതി. ഷീല തോമസ് എന്നവരുടെ Starting Pay ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ നിന്നും ലഭ്യമാക്കിയ 7-ാം ശമ്പള കമ്മീഷൻ (7th CPC) പ്രകാരം പുതുക്കിയ LPC (Basic Pay: 1,31,400/- രൂപ അനുസരിച്ചു അവസാന ശമ്പളമായ 1,31,400/- രൂപ എന്നത് അക്കാദമിക് ലെവൽ 10-ലെ ഒരു സ്റ്റേജിലും ഉൾപ്പെടാത്തതിനാൽ തൊട്ടടുത്ത താഴ്ന്ന സ്റ്റേജ് ആയ 1,27,900/- രൂപ ആയി 27.08.2019 F.N. മുതൽ പുനർ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം അംഗീകരിക്കുന്നതിന്.

(187618/GA-II-C4/2019/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.650***

വിഷയം കെ.എം.സി.ടി. ലോ കോളേജിലെ ബി.ബി.എ. എൽ.എൽ.ബി. വിദ്യാർത്ഥിയായ ശ്രീമതി സുഹാന ടി. (WLAWLBA092)-യ്ക്ക് ആറാം സെമെസ്റ്ററിൽ ഹാജർ നില കുറവായതിനാൽ ഹാജർ കുറവ് പ്രത്യേക കേസ് ആയി പരിഗണിച്ചു മാപ്പാക്കി നൽകുന്നത് പരിഗണിയ്ക്കുന്നതിന്.

(23708/GA-IV-H-ASST-1/2024/Admn(I))

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.651***

വിഷയം കെ.എം.സി.ടി. ലോ കോളേജിലെ മൂന്നു വർഷ യൂണിറ്ററി എൽ.എൽ.ബി വിദ്യാർത്ഥിയായ ശ്രീമതി. ഷിബിനാ ഷെറിൻ ടി (WLAZLBU044) എന്നവർക്ക് രണ്ടാം സെമെസ്റ്ററിൽ ഹാജർ നില കുറവായതിനാൽ പ്രത്യേക ഹാജർ കുറവ് (Special condonation) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ തുടർ നടപടികൾക്കായി സമർപ്പിക്കുന്നത്.

(23708/GA-IV-H-ASST-1/2024/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.652***

വിഷയം എം.സി.ടി കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്-ലെ ബി.ബി.എ എൽ.എൽ.ബി ഒൻപതാം സെമസ്റ്റർ വിദ്യാർത്ഥിയായ മുഹമ്മദ് മിഷാൽ പി. പി. (LSAVLBA027) എന്നയാൾക്ക് പരീക്ഷ എഴുതുവാനുള്ള അറ്റന്റൻസ് കുറവായതിനാൽ ബഹുമാനപ്പെട്ട ഹൈ കോടതിയെ സമീപിച്ചു പരീക്ഷ എഴുതിയ സാഹചര്യത്തിൽ ഒമ്പതാം സെമെസ്റ്ററിലെ ഫലം പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ടും, പത്താം സെമെസ്റ്ററിൽ തുടർന്ന് പഠിക്കാൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുന്നതിന്.

(95271/GA-IV-H-ASST-1/2023/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് ഒമ്പതാം സെമസ്റ്ററിൽ കണ്ടോണേഷൻ അനുവദിക്കാനും പത്താം സെമസ്റ്ററിൽ തുടർന്ന് പഠിക്കുവാനുമുള്ള അനുമതി നൽകി.**

ഇനം നമ്പർ **2026.653***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിലെ രണ്ടാം വർഷ ഇന്റഗ്രറ്റഡ് ബി.പി.എഡ് വിദ്യാർത്ഥിയായ ശ്രീ. അശ്വിൻ സി.എസ്. (CUAYBPD012) എന്നയാൾക്ക് സ്പെഷ്യൽ കണ്ടോണേഷൻ അനുവദിക്കുന്നതിന്.

(63784/GA-IV-H-ASST-1/2024/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.654***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിലെ മൂന്നാം സെമസ്റ്റർ MPEd വിദ്യാർത്ഥിയായ ആര്യനന്ദ വി . എസ് എന്നയാൾക്ക് (CUAYMTP 018) മൂന്നാം സെമെസ്റ്ററിൽ സ്പെഷ്യൽ കണ്ടോണേഷൻ അനുവദിക്കുന്നതിന്.

(63784/GA-IV-H-ASST-1/2024/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.655***

വിഷയം എം.സി.ടി. കോളേജ് ഓഫ് ലീഗൽ സ്റ്റഡീസിലെ ബി.ബി.എ. എൽ.എൽ.ബി മൂന്നാം സെമസ്റ്റർ വിദ്യാർത്ഥിയായ ഹിബ എ. (LSAYLBA022) എന്നയാൾക്ക് പരീക്ഷ എഴുതാനുള്ള അറ്റന്റൻസ് കുറവായതിനാൽ മൂന്നാം സെമെസ്റ്ററിൽ സ്പെഷ്യൽ കൺഡോണേഷൻ അനുവദിച്ചു കൊണ്ട് നാലാം സെമെസ്റ്ററിൽ തുടർന്ന് പഠിക്കാൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുന്നതിന്.

(95271/GA-IV-H-ASST-1/2023/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.657***

വിഷയം മണിക്കൂർ വേതനാടിസ്ഥാനത്തിൽ ചെതലയം ഐ.ടി.എസ്.ആർ-ൽ (Institute of Tribal Studies & Research) ജോലി ചെയ്ത കാലത്ത് ടി സ്ഥാപനത്തിലെ മെൻസ് ഹോസ്റ്റൽ വാർഡനായി ജോലി ചെയ്ത ഡോ. ജമാലുദ്ധീൻ ഇ.കെ, ലേഡീസ് ഹോസ്റ്റൽ വാർഡനായി ജോലി ചെയ്ത ശ്രീമതി ബിജിത പി. ആർ (ഐ.ഡി. നമ്പർ : 23521) എന്നിവർക്ക് ജോലി ചെയ്ത കാലയളവിലെ ഹോസ്റ്റൽ വാർഡനുള്ള ഓണറേറിയം കുടിശ്ശിക സഹിതം അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന് .

(146328/AD-A-ASST-2/2024/Admn)

തീരുമാനം **മെൻസ് ഹോസ്റ്റൽ വാർഡനായി ജോലി ചെയ്ത ഡോ. ജമാലുദ്ധീൻ ഇ.കെ, ലേഡീസ് ഹോസ്റ്റൽ വാർഡനായി ജോലി ചെയ്ത ശ്രീമതി ബിജിത പി. ആർ എന്നിവർക്ക് ജോലി ചെയ്ത കാലയളവിലെ ഹോസ്റ്റൽ വാർഡനുള്ള ഓണറേറിയം കുടിശ്ശിക സഹിതം അനുവദിക്കുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.668***

വിഷയം കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ ഫോർ ഫിസിക്കൽ എഡ്യൂക്കേഷനിലെ ഒന്നാം സെമസ്റ്റർ എം.പി.എഡ്. വിദ്യാർത്ഥിയായ ശ്രീലക്ഷ്മി ആർ. എന്നയാൾക്ക് ഒന്നാം സെമെസ്റ്ററിൽ സ്പെഷ്യൽ കണ്ടോണേഷൻ അനുവദിക്കുന്നത് പരിഗണിയ്ക്കുന്നതിന്.

(168935/GA-IV-H-ASST-1/2024/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.669***

വിഷയം പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിലെ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. ബിനു പി ചാക്കോയെ, 01.04.2025 തീയതിയിലെ ടിയാന്റെ അപേക്ഷയിന്മേൽ 30.04.2025 AN-നു പ്രിൻസിപ്പാൾ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത ഒഴിവിൽ, അതേ കോളേജിലെ ജേർണലിസം ഡിപ്പാർട്ട്മെന്റിൽ അധ്യാപികയായ പ്രൊഫ. ഡോ. സിമി വർഗീസ് എന്നവർക്ക് 18.02.2026 FN മുതൽ പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിലെ

പ്രിൻസിപ്പാൾ ആയി യു.ജി.സി. 2018 – റെഗുലേഷൻ പ്രകാരം നേരിട്ടുള്ള നിയമനം നൽകിയതിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് 08.06.2026 ന് ചേർന്ന അഫിലിയേറ്റഡ് കോളേജിലെ ജീവനക്കാരെ സംബന്ധിച്ച സിൻഡിക്കേറ്റ് സ്ഥിരം സമിതിയുടെ ഇനം – നമ്പർ 3 പ്രകാരമുള്ള ശിപാർശ പരിഗണിക്കുന്നതിന്.

(52970/GA-II-A4/2026/Admn)

തീരുമാനം **സ്ഥിരം സമിതി ശുപാർശ അംഗീകരിച്ചു.**

ഇനം നമ്പർ **2026.674**

വിഷയം Conversion of Over Head line into UG cable for Men`s Hostel and Press Building, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 49,72,000/- രൂപയുടെ (നാൽപ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part II B 42-4216-02 Electrical works എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുന്നതിന്.

(144188/PLD-B-ASST-2/2026/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ്, ഫിനാൻസ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.675***

വിഷയം Construction of cloth washing and drying shed to the New Men's Hostel and extension of cloth washing and drying shed to the Ladies Hostel at Dr. John Matthai Centre, Thrissur എന്ന പ്രവൃത്തിക്കായുള്ള 5,80,000/- രൂപയുടെ (അഞ്ച് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് 07.11.2024 തിയ്യതിയിലെ ഉത്തരവ് നം.16854/2024/Admn പ്രകാരം നൽകിയ അനുമതി റദ്ദാക്കിക്കൊണ്ട്, പ്രസ്തുത പ്രവൃത്തിക്കായി DSR 2021 നിരക്കുകൾ പ്രകാരം തയ്യാറാക്കിയ 6,70,000/- രൂപയുടെ (ആറ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part II B 42 (D) 42-4019-02 Renovation of Buildings എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിയ്ക്കുന്നതിന്.

(160454/PLD-B-ASST-2/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.676***

വിഷയം Providing new AUG cable from Indoor Stadium Cubic Panel to Sports Dormitory Panel Board, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 4,41,000/- രൂപയുടെ (നാലു ലക്ഷത്തി നാൽപ്പത്തി ഒന്നായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part II B 42-4216-02 Electrical works എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണിയ്ക്കുന്നതിന്.

(127792/PLD-B-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.677***

വിഷയം D9, D 25, D 29, J 21A , J 22B, J 28A, H 6A, H 14A, H 50A, H 51A, H 52B, H54A, & H 55B ക്വാർട്ടേഴ്സുകളിലെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി' തയ്യാറാക്കിയ 10,62,000/- രൂപയുടെ (പത്ത് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിനു പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ 'Part 1 57–2031-01 M & R (Buildings)" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം ആയതു അംഗീകരിക്കുന്നതിനുള്ള ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(264551/PLD-B-ASST-1/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.678***

വിഷയം A1 ക്വാർട്ടേഴ്സിന്റെ അടിയന്തിര നവീകരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 17,80,000/- രൂപയുടെ (പതിനേഴു ലക്ഷത്തി എൺതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ Part I -2031-01 M&R (Buildings) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(133410/PLD-B-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.679***

വിഷയം A1, A2 ക്വാർട്ടേഴ്സുകൾക്ക് ഇടയിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് & ഗേറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ("Installation of chain link fencing & gate in between A1 and A2 Quarters") തയ്യാറാക്കിയ 7,70,000/- രൂപയുടെ (ഏഴ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ Part I -2031-01 M&R (Buildings) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(144540/PLD-B-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.680***

വിഷയം അക്വാട്ടിക് കോംപ്ലക്സിലെ നീന്തൽക്കുളത്തിലെ കേടായ ടൈലുകൾ മാറ്റിസ്ഥാപിക്കുന്നതിനും, ഇളകിപ്പോയ സ്റ്റെപ്പ് ടൈലുകൾ വീണ്ടും ഉറപ്പിക്കുന്ന (Replacement of damaged tiles and refixing of loose step tiles of swimming pool) പ്രവർത്തിക്കായി തയ്യാറാക്കിയ 3,20,000/–രൂപയുടെ (മൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപമാത്രം (18% GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(139735/PLD-B-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.682***

വിഷയം ഇന്റെർണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെയും ഡയറക്ടറേറ്റ് ഓഫ് റിസർച്ചിന്റെയും പുതിയ കെട്ടിടത്തിന് ചുറ്റും ഷേഡുകളും ഇന്റർലോക്ക് ടൈലുകളും നൽകുന്ന പ്രവർത്തിക്കായി (Providing shades and Interlock tiles around new IQAC & DoR building) 5,20,000/- രൂപയുടെ (അഞ്ചു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) (18% ജി.എസ്.ടി ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതും, പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ കാലയളവിൽ ജോലി തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് ചില ഇനങ്ങളുടെ അളവിൽ വർദ്ധനവ് ആവശ്യമായിവന്നതുകൊണ്ട്, അംഗീകൃത എസ്റ്റിമേറ്റിനേക്കാൾ തുക കൂടിയതിനാൽ തയ്യാറാക്കേണ്ടി വന്ന 5,26,283/- രൂപക്ക് (അഞ്ച് ലക്ഷത്തി ഇരുപത്താറായിരത്തി ഇരുന്നൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) (18% ജി.എസ്.ടി. ഉൾപ്പെടെ) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(209649/PLD-B-ASST-3/2024/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.687***

വിഷയം തൃശ്ശൂർ എരുമപ്പെട്ടി തേജസ്സ് കോളേജ് ഓഫ് ആർക്കിടെക്ച്ചറിൽ, എട്ടാം സെമസ്റ്റർ B.Arch ബിരുദ വിദ്യാർത്ഥിനിയായ Ms.ESHA SHAJAHAN, രജിസ്റ്റർ നമ്പർ: TQAWEBC005, എന്നവർക്ക് എട്ടാം സെമസ്റ്ററിൽ പ്രത്യേക ഹാജർ കുറവ് അനുവദിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

(86782/GA-IV-H-ASST-2/2026/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു**.

ഇനം നമ്പർ **2026.688***

വിഷയം പാലക്കാട് വി .വി കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ, 2023 അഡ്മിഷൻ ബി.എസ്.സി ജ്യോഗ്രഫി ബിരുദ വിദ്യാർത്ഥിയായ (ശ്രീ. JIBI K, രജിസ്റ്റർ നമ്പർ: VVAXSGG008) എന്നയാൾക്ക് അഞ്ചാം സെമസ്റ്ററിൽ പ്രത്യേക ഹാജർ

കുറവ് അനുവദിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

(75654/GA-IV-H-ASST-2/2026/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.689***

വിഷയം കാലിക്കറ്റ് സർവകലാശാലയിൽ പ്രോജക്റ്റ് മോഡ് കോഴ്സുകളിൽ നിയമിതരായവരുൾപ്പെടെ എല്ലാ കരാർ അധ്യാപകർക്കും അവരുടെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിനായി, സെമിനാർ/കോൺഫറൻസ് എന്നിവയ്ക്ക് പുറമേ വർക്ഷോപ്പുകളും ഉൾപ്പെടുത്തി 08.06.2020-ലെ 5193/2020/Admn നമ്പർ സർവകലാശാല ഉത്തരവ് പുതുക്കി ഇറക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(231590/GA-II-F-SO/2018/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.690***

വിഷയം സ്വകാര്യ എയ്ഡഡ് കോളേജുകളുടെ ആഭ്യന്തര ഭരണകാര്യങ്ങളിലും സാമ്പത്തിക കാര്യങ്ങളിലും സർവകലാശാലയ്ക്ക് നേരിട്ടുള്ള നിയന്ത്രണമോ ഇടപെടലിനുള്ള അധികാരമോ ഇല്ലെങ്കിലും; അച്ചടക്ക നടപടികൾക്ക് വിധേയമായി സേവനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട വയനാട്, പുൽപ്പള്ളി പഴശ്ശിരാജ കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകനായിരുന്ന ശ്രീ. ജോബിഷ് ജോസഫ് കെ, സർവകലാശാലയുടെ ഓരോ സിണ്ടിക്കേറ്റ് മെമ്പർമാർക്കും, വൈസ് ചാൻസലർ-ക്കും ചാൻസലർ-ക്കും, വിദ്യാഭ്യാസ വകുപ്പിലേക്കും, ടിയാനെ സർവീസിൽ പുനഃനിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, പുൽപ്പള്ളി പഴശ്ശിരാജ കോളേജ് മാനേജർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, തടഞ്ഞുവെച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തോടെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിരവധി പരാതികൾ സമർപ്പിച്ചതിനാൽ പ്രസ്തുത പരാതിയിൽ മറുപടി കൊടുക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(289203/GA-II-F3/2024/Admn)

തീരുമാനം **സ്വകാര്യ എയ്ഡഡ് കോളേജുകളുടെ ആഭ്യന്തര ഭരണകാര്യങ്ങളിലും സാമ്പത്തിക കാര്യങ്ങളിലും സർവകലാശാലയ്ക്ക് നേരിട്ടുള്ള നിയന്ത്രണമോ ഇടപെടലിനുള്ള അധികാരമോ ഇല്ലാത്തതിനാൽ പരാതി പരിഗണിക്കേണ്ടതില്ല എന്ന തീരുമാനം പരാതിക്കാരനെ അറിയിക്കുവാനും, ആയതിൻ പ്രകാരം ബഹു. ചാൻസലർക്ക് മറുപടി നൽകുവാനും തീരുമാനിച്ചു.**

ഇനം നമ്പർ **2026.691***

വിഷയം Renovation of Gents Toilet in Economics Department at Dr.John Matthai Centre, Thrissur, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 3,65,000/- രൂപയുടെ (മൂന്ന് ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് 27.01.2025-ലെ ഉത്തരവ് നമ്പർ 1346/2025/Admn പ്രകാരം നൽകിയ അനുമതി റദ്ദാക്കികൊണ്ട്, പ്രസ്തുത പ്രവൃത്തിക്കായി DSR 2021 നിരക്കുകൾ പ്രകാരം തയ്യാറാക്കിയ 4,10,000/- രൂപയുടെ (നാലുലക്ഷത്തി പതിനായിരം രൂപ മാത്രം) (18% ജിഎസ്ടി ഉൾപ്പെടെ) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part I 57-2031-01 Maintenance Repair (Buildings) എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണ്യ്ക്കുന്നതിന്.

(210000/PLD-B-ASST-2/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.692***

വിഷയം Construction of Toilet block for CCSIT building at Dr.John Matthai Centre, Thrissur എന്ന പ്രവൃത്തിക്ക് 27.01.2025-ലെ ഉത്തരവ് നം.1342/2025/Admn പ്രകാരം 7,50,000/- രൂപയുടെ (ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് അനുമതി നൽകിയത് റദ്ദാക്കിക്കൊണ്ട്, DSR 2021 അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് പുതുക്കിയതിനാൽ വർദ്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 8,68,000/- രൂപയുടെ (എട്ട് ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) പ്രവൃത്തിക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്നതിനും, പ്രവൃത്തിയുടെ ചെലവുകൾ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിലെ Part I 57-2044-01 Infrastructure development of UTEC/MBA/MCA Centres-ൽ നിന്നും ഈടാക്കുന്നതുമായി

ബന്ധപ്പെട്ട വിഷയം പരിഗണിയ്ക്കുന്നതിന്.

(239999/PLD-B-ASST-2/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.694***

വിഷയം മങ്കട ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ 40% ലോക്കോമോട്ടോർ ഡിസബിലിറ്റിയുള്ള എം.എസ്.സി. സൈക്കോളജി വിദ്യാർത്ഥിയായ ശ്രീ. സാലിഹ് ഷുഹൈബ് എന്നയാൾക്ക് (GQAYMPAY017) നാലാം സെമെസ്റ്ററിൽ സ്പെഷ്യൽ കൻഡോനേഷൻ അനുവദിക്കുന്നത് പരിഗണിയ്ക്കുന്നതിന്.

(34297/GA-IV-H-ASST-1/2023/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.742***

വിഷയം സി. അച്യുത മേനോൻ ചെയർ ഫോർ സയന്റിഫിക് സ്റ്റഡീസ് & റിസേർച് ഇൻ ഹ്യൂമാനിറ്റീസ് ആൻഡ് അലൈഡ് സബ്ജെക്ട്സ് എന്ന പേരിലുള്ള ചെയർ പ്രവർത്തിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് ബഹു. രാജ്യസഭാ എം. പി. ശ്രീ. പി. പി. സുനീർ MPLADS പദ്ധതി പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചതിന് ഭരണപരമായ അനുമതി നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(63273/GA-IV-H-ASST-3/2022/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.743***

വിഷയം സി എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിങ് സൊസൈറ്റിസ്' എന്ന പേരിലുള്ള ചെയർ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒന്നാം നിലയുടെ ബാക്കി ഭാഗങ്ങൾ പണിയുന്നതിന് ബഹു. രാജ്യസഭാ എം. പി ശ്രീ. പി. വി. അബ്ദുൽ വഹാബ് എന്നവരുടെ MPLADS പദ്ധതി പ്രകാരം 15 ലക്ഷം അനുവദിച്ചതിന് ഭരണപരവും സാമ്പത്തികവുമായ അനുമതി നൽകുന്നത് പരിഗണിയ്ക്കുന്നതിന്.

(63176/GA-IV-H-ASST-3/2013/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.744***

വിഷയം കുറ്റ്യാടി, Educos Arts & Science കോളേജിലെ ബി.എ എക്കണോമിക്സ് വിദ്യാർത്ഥി Abinav P, (രജി. നം.OOAXAECR19) യുടെ നാലാം സെമസ്റ്ററിലെ മാപ്പാക്കൽ പരിധിക്കു മുകളിലുള്ള ഹാജർ കുറവ് പ്രത്യേക കേസ് ആയി പരിഗണിച്ചു മാപ്പാക്കി നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

(127107/GA-IV-C2/2023/Admn)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ച് അംഗീകരിച്ചു.**

ഇനം നമ്പർ **2026.745***

വിഷയം തൃശൂർ, എൽതുരുത്ത്, സെയിന്റ് അലോയ്ഷ്യസ് കോളേജിലെ കെമിസ്ട്രി പഠനവകുപ്പിനു കാലിക്കറ്റ് സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അഞ്ചു വർഷത്തേക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(90834/RESEARCH-D-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.746***

വിഷയം റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട്, ഫറൂഖ് (ഓട്ടോണോമസ്) കോളേജിലെ എക്കണോമിക്സ് പഠനവകുപ്പിനു സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായുള്ള അംഗീകാരം 14.01.2025 മുതൽ 13.01.2030 വരെ 5 വർഷത്തേയ്ക്ക് പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(83356/RESEARCH-D-ASST-3/2015/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.747***

വിഷയം കോഴിക്കോട്, ഫറൂഖ് (ഓട്ടോണോമസ്) കോളേജിലെ സോഷ്യോളജി (സാമൂഹ്യശാസ്ത്രം) പഠനവകുപ്പിനു കാലിക്കറ്റ് സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അഞ്ചു വർഷത്തേക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(95172/RESEARCH-D-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.748***

വിഷയം റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട്, ഫാറൂഖ് (ഓട്ടോണോമസ്) കോളേജിലെ സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിനു സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായുള്ള അംഗീകാരം 10.03.2026 മുതൽ 09.03.2031 വരെ 5 വർഷത്തേയ്ക്ക് പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(105272/RESEARCH-D-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.749***

വിഷയം റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മലപ്പുറം, തിരൂർ, തുഞ്ചൻ മെമ്മോറിയൽ ഗവണ്മെന്റ് കോളേജിലെ അറബിക് പഠനവകുപ്പിനു സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായുള്ള അംഗീകാരം 06.01.2023 മുതൽ 05.01.2028 വരെ പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(140801/RESEARCH-D-ASST-3/2015/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.750***

വിഷയം കാലിക്കറ്റ് സർവകലാശാലയിൽ നിന്നും 03.06.2021 തീയതിയിൽ വിരമിച്ച ഡോ. രാമചന്ദ്രൻ കെ. വി., പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് എന്നവർക്കു, ഓഡിറ്റ് തടസ്സവാദങ്ങൾ നിലനിൽക്കുന്നതിനാൽ ടിയാളുടെ 50% ഡി.സി.ആർ.ജി തടഞ്ഞുവച്ച ശേഷം പെൻഷൻ, മറ്റു പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ അനുവദിച്ചിരുന്നു. ടിയാളുടെ പേരിലുള്ള ഓഡിറ്റ് തടസ്സവാദം ഇതുവരെ തീർപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തടഞ്ഞുവച്ച 50% ഡി.സി.ആർ.ജി അനുവദിച്ചുനൽകുന്ന വിഷയം പരിഗണിക്കുന്നതിന്.

(108510/AD-H-ASST-1/2021/Admn)

തീരുമാനം **ഓഡിറ്റ് തടസ്സവാദം മുഖേന കണക്കാക്കപ്പെട്ട ബാധ്യത DCRG യിൽ നിന്നും തടഞ്ഞുവച്ചുകൊണ്ട് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2026.751***

വിഷയം Construction of Toilet Block for CULT Building of School of Drama and Fine Arts at Dr.John Matthai Centre, Thrissur, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 5,90,000/- രൂപയുടെ (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) എസ്റ്റിമേറ്റിന് 14.09.2023-ലെ ഉത്തരവ് നം.14188/2023/Admn പ്രകാരം നൽകിയ അനുമതി റദ്ദാക്കികൊണ്ട്, പ്രസ്തുത പ്രവൃത്തിക്കായി DSR 2021 നിരക്കുകൾ പ്രകാരം തയ്യാറാക്കിയ 6,86,000/- രൂപയുടെ (ആറ് ലക്ഷത്തി എൺപത്തിയാറായിരം രൂപ മാത്രം) (18% ജിഎസ്ടി ഉൾപ്പെടെ) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part I 57 - 2031 - 01 M and R (Buildings) എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതുമായ വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനക്കായി സമർപ്പിക്കുന്നത് പരിഗണിയ്ക്കുന്നതിന്.

(147372/PLD-B-ASST-2/2023/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.752***

വിഷയം Replacement of existing Asbestos roofing sheets with GI roofing sheets for the Scenography lab and provision of additional GI roofed shade for CULT Buildings at Dr. John Matthai Centre, Thrissur, എന്ന പ്രവൃത്തിക്കായി 5,09,000/- രൂപയുടെ (അഞ്ച് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണപരവും സാമ്പത്തികവുമായ അനുമതി നൽകുന്നതിനും ഈ പ്രവൃത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിലെ Part I 57-2031-01 M&R (Buildings)- ൽ നിന്ന് ഈടാക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(150393/PLD-B-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.753***

വിഷയം സർവകലാശാലയിലെ ഡയറക്ടറേറ്റ് ഓഫ് റിസർച്ചിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ. വിഷ്ണു രാജ് എ. (ഐ.ഡി. നമ്പർ: 5175), തന്റെ നവജാത ശിശുവിന്റെ ചികിത്സക്കായി തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ആശുപത്രിയിൽ ചെലവഴിച്ച 4,43,810/-

(നാല് ലക്ഷത്തി നാല്പത്തിമൂവായിരത്തി എണ്ണൂറ്റിപ്പത്ത് രൂപ) പ്രതിപൂരണം ചെയ്യുന്നതിനായി 17.02.2026 തീയതിയിൽ സമർപ്പിച്ച അപേക്ഷയിൽ അനുവദനീയമായ തുകയായ 3,02,394/- രൂപ (മൂന്ന് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി നാലു രൂപ മാത്രം) പ്രതിപൂരണം ഇനത്തിൽ അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണിയ്ക്കുന്നതിന്.

(42533/PLD-H-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.754***

വിഷയം സി.പി.ഇ സ്റ്റാഫ് റൂമിലെ രണ്ട് ടോയ്ലറ്റുകളുടെ നിർമ്മാണത്തിനും അടിയന്തര നവീകരണ പ്രവൃത്തികൾക്കുമായി (Construction of two toilets and urgent renovation works in the CPE staff room in the Pavilion) തയ്യാറാക്കിയ 5,90,000/- രൂപയുടെ (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് 15/05/2025 തീയതിയിലെ 7191/2025/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം നൽകിയ അനുമതി റദ്ദാക്കിക്കൊണ്ട്, പ്രസ്തുത പ്രവൃത്തിക്കായി DSR 2021 നിരക്കുകൾ പ്രകാരം തയ്യാറാക്കിയ 6,00,000/- രൂപയുടെ (ആറ് ലക്ഷം രൂപ മാത്രം) (18% GST ഉൾപ്പെടെ) റീകാസ്റ്റ് എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം പരിഗണിക്കുന്നതിന്.

(75747/PLD-B-ASST-3/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.755**

വിഷയം Providing LAN connection for the Revaluation Hall at the Golden Jubilee buildiing, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 14,61,000/-രൂപയുടെ (പതിനാല് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ PART II (B) 26-4010-02 Development & Modernisation of Departments എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(92776/PLD-B-ASST-2/2026/Admn)

തീരുമാനം **പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫിനാൻസ്, പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതിയുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.756***

വിഷയം വിദ്യാർത്ഥികളുടെ താമസത്തിനായി ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് താൽക്കാലികമായി അനുവദിച്ച് നൽകിയ സി 27, ഡി 31 ക്വാർട്ടേഴ്സുകൾ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ താൽക്കാലിക അധ്യാപകർക്കും കോച്ചുമാർക്കും ഉപയോഗിക്കാൻ ഡയറക്ടർ അനുവാദം നൽകിയ വിഷയത്തിൽ, ക്വാർട്ടേഴ്സുകൾ അനുവദിച്ച കാലയളവിൽ വാടകയിനത്തിലെ വാടക രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ നിന്നും ഈടാക്കുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന്മേലുള്ള (ഇനം നമ്പർ: 2025.1122*) പുനഃപരിശോധന പരിഗണിയ്ക്കുന്നതിന്.

(2741/PLD-D-ASST-1/2022/Admn)

തീരുമാനം **ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ താൽക്കാലിക അധ്യാപകർക്കും കോച്ചുമാർക്കും ക്വാർട്ടേഴ്സുകൾ അനുവദിച്ച കാലയളവിലുള്ള വാടകയിനത്തിലെ കുടിശ്ശിക എഴുതി തള്ളുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.757**

വിഷയം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2024-25 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ കാലിക്കറ്റ് സർവകലാശാലയെ സംബന്ധിക്കുന്ന അധ്യായം 3- 'സർവകലാശാലകളുടെ ഓഡിറ്റ് പരാമർശങ്ങൾ' ലെ ഖണ്ഡിക 1 ''വൻതുക മുടക്കി സ്ഥാപിച്ച ഒബ്സർവേറ്ററി വർഷങ്ങളായി പ്രവർത്തനരഹിതം'', ഖണ്ഡിക 2 -''മൾട്ടി ഡിസിപ്ലിനറി മ്യൂസിയം - 2.58 കോടിയുടെ ആസ്തി നിഷ്ക്രിയം'' എന്നിവ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന്.

(20739/FIN-AUDIT1/2026/Fin)

തീരുമാനം **ശ്രദ്ധിച്ചു.**

ഇനം നമ്പർ **2026.758***

വിഷയം കോഴിക്കോട് ജില്ലയിലെ ചാത്തമംഗലത്ത് പ്രവർത്തിക്കുന്ന എം.ഇ.എസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഹോണേഴ്സ് (36), എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (20) പ്രോഗ്രാമുകൾ 2026-27 അധ്യയന വർഷം മുതൽ disaffiliate ചെയ്യുന്നതിനുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

(16027/CDC-D3/2013/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.759***

വിഷയം മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി പ്രവർത്തിക്കുന്ന ബാഫഖി യതീംഖാന ആർട്സ് ആൻഡ് സയൻസ് കോളേജ് ഫോർ വിമെൻ എന്ന സ്ഥാപനത്തിലെ ബി.എസ്.സി കെമിസ്ട്രി പ്രോഗ്രാം 2027-28 അക്കാദമിക വർഷം മുതൽ തുടരാനുള്ള അനുമതിയോടെ 2026-27 അക്കാദമിക വർഷത്തിൽ സസ്പെൻഡ് ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

(19347/CDC-G2/2013/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.760***

വിഷയം മലപ്പുറം ജില്ലയിലെ മഞ്ചേരി, എളങ്കൂർ പ്രവർത്തിക്കുന്ന ഏറനാട് നോളെജ്സിറ്റി കോളേജ് ഓഫ് കോമേഴ്സ് ആൻഡ് സയൻസസ്-ലെ എം.കോം ഫിനാൻസ്, ബി.കോം ഹോണേഴ്സ് (കോ–ഓപ്പറേഷൻ) എന്നീ പ്രോഗ്രാമുകൾ 2026-27 അക്കാദമിക വർഷം മുതൽ റദ്ദ് (ഡിസഫിലിയേഷൻ) ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

(19776/CDC-G2/2013/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.761***

വിഷയം കോഴിക്കോട് ജില്ലയിലെ മേപ്പയൂരിൽ പ്രവർത്തിക്കുന്ന എ വി അബ്ദുറഹിമാൻ ഹാജി ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബി.എസ്.സി കെമിസ്ട്രി ഹോണേഴ്സ് (36), ബി.എസ്.സി ഫിസിക്സ് ഹോണേഴ്സ് (36), ബി.എസ്.സി സൈക്കോളജി ഹോണേഴ്സ് (24) പ്രോഗ്രാമുകൾ 2026-27 അധ്യയന വർഷം മുതൽ disaffiliate ചെയ്യുന്നതിനുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

(27963/CDC-D3/2013/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.762***

വിഷയം കോഴിക്കോട് ജില്ലയിലെ ചെത്തുകടവ് കുന്നമംഗലത്ത് പ്രവർത്തിക്കുന്ന എസ്.എൻ.ഇ.എസ് കോളേജ് ഓഫ് ആർട്സ്, കോമേഴ്സ് ആന്റ് മാനേജ്മെന്റിലെ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ഹോണേഴ്സ് (24) പ്രോഗ്രാം 2026-27 അധ്യയന വർഷം മുതൽ disaffiliate ചെയ്യുന്നതിനുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

(23513/CDC-D3/2013/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.763***

വിഷയം തൃശൂർ, ശ്രീ കേരള വർമ്മ കോളേജിലെ എം എ ഹിന്ദി ലാംഗ്വേജ് & ലിറ്ററേച്ചർ (15) എന്ന എയ്ഡഡ് പ്രോഗ്രാമിന് വിദഗ്ധ സമിതിയുടെ ശിപാർശമേൽ 2026-27 അധ്യയന വർഷം മുതൽ അഫിലിയേഷൻ സ്ഥിരീകരണം (കൺഫർമേഷൻ ഓഫ് അഫിലിയേഷൻ) അനുവദിക്കുന്നത് പരിഗണിക്കുന്നതിന്

(92463/CDC-D2/2014/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.764***

വിഷയം കോഴിക്കോട് ജില്ലയിലെ കല്ലായിയിലെ AWH സ്പെഷ്യൽ കോളേജിലെ ബി.എസ്.സി ബയോടെക്നോളജി ഹോണോഴ്സ് (24) പ്രോഗ്രാം 2026-27 അധ്യയന വർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്യുന്നതിനുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

(12980/CDC-D2/2013/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.765***

വിഷയം അഹല്യ സ്കൂൾ ഓഫ് കോമേഴ്സ് ആന്റ് മാത്തമാറ്റിക്സ്, പാലക്കാട് കോളേജിലെ ബി.എ ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻ ഹോണോഴ്സ് പ്രോഗ്രാം 2025-26 അധ്യയന വർഷത്തേക്ക് സസ്പെൻഡ് ചെയ്യുന്നതിനും 2026-27-ൽ പുനരാരംഭിക്കാനുമുള്ള അനുമതിക്കായി പ്രിൻസിപ്പാൾ നൽകിയ അപേക്ഷ പരിഗണിക്കുന്നതിന്.

(156394/CDC-B2/2020/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.766**

വിഷയം ഗവൺമെന്റിൽ നിന്നും ഭരണാനുമതിയും നിരാക്ഷേപ സാക്ഷ്യ പത്രവും ലഭിച്ച സ്വാശ്രയ പ്രോഗ്രാമുകൾ ആയ B.Com Honours (Additional Batch) and B.Sc Microbiology Honours എന്നീ പ്രോഗ്രാമുകൾക്ക് 2026-27 അധ്യയനവർഷം ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള അനുമതിയോടെ താത്കാലിക അഫിലിയേഷൻ അനുവദിക്കുന്നതിനും, 02.06.2026 തീയതിയിലെ 7923/2026/Admn നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം താൽക്കാലിക അഫിലിയേഷൻ നല്കപ്പെട്ടിട്ടുള്ള BBA Honours (Additional Batch) ന്റെ സീറ്റ് പരിധി AICTE അംഗീകാരത്തിനും ഗവൺമെന്റ് ഭരണാനുമതിക്കും നിരാക്ഷേപ സാക്ഷ്യപത്രത്തിനും അനുസരിച്ച് 30-ൽ നിന്നും 60 ആക്കി ഉയർത്തുന്നതിനും ഉള്ള Assabah Arts & Science College, Valayamkulam, Kokkur പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന് .

(231255/CDC-A2/2025/Admn)

തീരുമാനം **ഇനം പിൻവലിച്ചു**.

ഇനം നമ്പർ **2026.767**

വിഷയം അന്യത്ര സേവന വ്യവസ്ഥയിൽ സർവകലാശാലാ കമ്പ്യൂട്ടർ സെന്ററിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലെ നിയമനത്തിന് വേണ്ടി പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾക്ക് മതിയായ യോഗ്യതയുള്ള അപേക്ഷകരില്ലാത്ത സാഹചര്യത്തിൽ ടി തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി പ്രതിമാസ ഏകീകൃത വേതനം നിശ്ചയിക്കുന്നത് പരിഗണിയ്ക്കുന്നതിന്.

(88937/AD-F-ASST-2/2020/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.768***

വിഷയം 03.12.2025-ലെ യു.ഒ. നമ്പർ 16658/2025/Admn പ്രകാരം രൂപീകരിച്ച സിൻഡിക്കേറ്റ് ഉപസമിതി 04.02.2026-ന് നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ സുല്ലമുസ്സലാം അറബിക് കോളേജിലെ അധ്യാപകരുടെ സീനിയോറിറ്റിയിലുണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് സമർപ്പിച്ച ശുപാർശകളിന്മേൽ, 08.06.2026-ന് ചേർന്ന സിൻഡിക്കേറ്റ് സ്ഥിരം സമിതിയുടെ യോഗത്തിലെ ഇനം നമ്പർ 33 പ്രകാരമുള്ള ശിപാർശ പരിഗണിക്കുന്നതിന്.

(5944/GA-II-H3/2025/Admn)

തീരുമാനം **സ്ഥിരം സമിതി ശുപാർശ അംഗീകരിച്ചു**.

ഇനം നമ്പർ **2026.769***

വിഷയം വേമ്പല്ലൂർ MES അസ്മാബി കോളേജിൽ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. എ. ബിജു, 31.05.2024 AN ഇൽ വിരമിച്ച ഒഴിവിൽ, 2018 യു.ജി.സി റെഗുലേഷൻ പ്രകാരം നേരിട്ടുള്ള നിയമനം വഴി, MES മമ്പാട് കോളേജിൽ മാത്തമാറ്റിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ആയിരുന്ന, ഡോ. സമീന കളതൊടിക്കു 17.12.2025 FN മുതൽ വേമ്പല്ലൂർ MES അസ്മാബി കോളേജിൽ പ്രിൻസിപ്പാൾ (College Principal and Professor as per UGC Regulation 5.1.VIII) ആയി നിയമിച്ചതിന് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട്, 08.06.2026 നു ചേർന്ന അഫിലിയേറ്റഡ് കോളേജിലെ ജീവനക്കാരെ സംബന്ധിച്ചുള്ള സിണ്ടിക്കേറ്റ് സ്ഥിരം സമിതിയുടെ 81-ആം ഇനം ശിപാർശ പരിഗണിക്കുന്നതിന്.

(61788/GA-II-A2/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.770***

വിഷയം To consider the question of approving the recommendation of the Screening cum Evaluation Committee to promote Dr. Emmanuel Simon, Assistant Professor (Academic Level 11), Department of Life Science as Assistant Professor (Academic Level 12) w.e.f. 23/07/2025

under CAS as per UGC Regulations 2018.

(187744/GA-II-F1/2022/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.771***

വിഷയം സൈക്കോളജി പഠന വകുപ്പിൽ അടുത്ത രണ്ട് വർഷത്തേക്ക് പുതിയ മേധാവിയെ നാമ നിർദ്ദേശം ചെയ്യുന്ന കാര്യം പരിഗണിയ്ക്കുന്നതിന്.

(198717/GA-II-C2/2015/Admn)

തീരുമാനം **പുതിയ മേധാവിയെ നാമ നിർദ്ദേശം ചെയ്യുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.772***

വിഷയം Urgent re-painting work of the office and academic buildings (School of Drama & Fine Arts) at Dr. John Mathai Centre, Thrissur, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 12,30,000/- രൂപയുടെ (പന്ത്രണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part I 57-2031-01 M & R (Buildings) എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതിനും ഫിനാൻസ് പ്ലാനിംഗ് ആൻഡ് വർക്സ് സ്ഥിരം സമിതിയുടെ ശുപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(250574/PLD-B-ASST-2/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.773***

വിഷയം ഫാക്കൽറ്റി ഗസ്റ്റ് ഹൗസ്–2 (ഗാർലിക്)–ലെ ജനലുകൾക്കും വെന്റിലേഷനുകൾക്കും കൊതുക് വലകൾ നൽകുന്ന പ്രവർത്തികൾക്കായി (Providing mosquito net for windows and ventilation in faculty guest house -2 (garlic)) തയ്യാറാക്കിയ 6,00,000/- രൂപയുടെ (ആറ് ലക്ഷം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിക്കുന്നതിനായി ഫിനാൻസ് പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(141355/PLD-B-ASST-3/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.774***

വിഷയം വനിതാ ഹോസ്റ്റൽ എവറസ്റ്റ് ബ്ലോക്കിൽ വാഹന പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി തയ്യറാക്കിയ (Construction of vehicle shed at Ladies hostel Everest Block) 5,60,000/- രൂപയുടെ (അഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) (18% GSTഉൾപ്പെടെ) എസ്റിമേറ്റിനു പ്രസ്തുത പ്രവൃത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ "Part I 57-2031-01 M&R (Buildings)" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം മേൽ പ്രവർത്തിക്കു അനുമതി നല്കാവുന്നതാണെന്നുള്ള ഫിനാൻസ്, പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശുപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(148987/PLD-B-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.775***

വിഷയം വനിതാ ഹോസ്റ്റൽ ദേവദാരു ബ്ലോക്കിൽ വാഹന പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ ("Construction of vehicle shed at Ladies hostel at Devadaru Block") 3,40,000/- രൂപയുടെ (മൂന്ന് ലക്ഷം നാല്പതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റിമേറ്റിനു പ്രസ്തുത പ്രവൃത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ "Part I 57-2031-01 M&R (Buildings)" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം മേൽ പ്രവർത്തിക്കു അനുമതി നല്കാവുന്നതാണെന്നുള്ള ഫിനാൻസ്, പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(89985/PLD-B-ASST-1/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.776**

വിഷയം 2026-27, 2027-28 അധ്യയന വർഷങ്ങളിലേയ്ക്ക് പുതിയ മാനേജ്മന്റ് കോളേജ്

അനുവദിക്കുന്നതിനായി AMC Group of Educational Institutions എന്ന ഏജൻസി സമർപ്പിച്ച സ്റ്റാറ്റ്യൂട്ടറി അപേക്ഷയിൽ തുടർ നടപടികൾ നിർത്തിവെച്ച്, ഏജൻസിയുടെ തന്നെ സ്ഥാപനമായ Allied Management College-ൽ പുതിയ MBA പ്രോഗ്രാം (60 സീറ്റോടുകൂടി) അനുവദിക്കാൻ വേണ്ടി കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉത്തരവിട്ട വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(176065/CDC-A3/2025/Admn (I))

തീരുമാനം **ശ്രദ്ധിച്ചു.**

ഇനം നമ്പർ **2026.777**

വിഷയം 2026-27, 2027-28 അധ്യയന വർഷങ്ങളിലേയ്ക്ക് പുതിയ പ്രോഗ്രാമുകൾ അനുവദിക്കുന്നതിനായി St. Teresa's College, Mala, Thrissur സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് തൃശൂർ ജില്ലാതല പരിശോധനാ സമിതി കോളേജിൽ പരിശോധന നടത്തി ശിപാർശ ചെയ്ത (1) BSc Computer Science Honours, (2) BA English Language & Literature Honours എന്നീ പ്രോഗ്രാമുകൾ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനായി ഉത്തരവിട്ടു കൊണ്ട് വൈസ് ചാൻസലർ എടുത്ത നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(176065/CDC-A3/2025/Admn)

തീരുമാനം **ശ്രദ്ധിച്ചു.**

ഇനം നമ്പർ **2026.778***

വിഷയം ശ്രീമതി കാവ്യ ആർ കെ, അസിസ്റ്റന്റ്, ഐ.ഡി. നം.4653 എന്നവർക്ക് Ph.D പഠന ആവശ്യത്തിനായി Part I KSR - Appendix XII-B പ്രകാരം 11/11/2023 മുതൽ 31/05/2024 വരെ 203 ദിവസത്തേക്കും, 01/06/2024 മുതൽ 30/11/2024 വരെ 183 ദിവസത്തേക്കും അനുവദിച്ചുനൽകിയ ശൂന്യവേതനാവധിക്ക് തുടർച്ചയായി വീണ്ടും Part I KSR - Appendix XII-B, പ്രകാരം 01/12/2024 മുതൽ 31/05/2025 വരെ 182 ദിവസത്തേക്കും, അതിനു തുടർച്ചയായി 01/06/2025 മുതൽ 30/11/2025 വരെ 183 ദിവസത്തേക്കും, ഇതിന്റെ തുടർച്ചയായി 01/12/2025 മുതൽ 31/05/2026 വരെ 182 ദിവസത്തേക്കും ശൂന്യവേതന അവധി അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന് .

(219047/AD-C-ASST-1/2021/Admn)

തീരുമാനം **അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.779**

വിഷയം To consider the recommendations of the Standing Committee on Courses & Research regarding the fixation of the application fee for Multidisciplinary Research Centres based on the number of Departments/Subjects included in the proposal, and the eligibility criteria for granting recognition to such Centres.

(259038/RESEARCH-D-ASST-3/2024/Admn)

തീരുമാനം **The matter was entrusted to the Standing committee on Courses and Research for reconsideration.**

ഇനം നമ്പർ **2026.780***

വിഷയം കാലിക്കറ്റ് സർവകലാശാലയിൽ പ്രധാൻ മന്ത്രി ഉച്ചതാർ ശിക്ഷ അഭിയാൻ (PM-USHA), PURSE, CSIF, ബാഹ്യ ധനസഹായം ലഭ്യമാകുന്ന ഗവേഷണ പദ്ധതികൾ (externally funded research projects), അടിയന്തര നടപടിക്രമങ്ങൾ ആവശ്യമുള്ള സമാനമായ മറ്റ് പ്രോഗ്രാമുകൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള ഹൈ പവർ കമ്മിറ്റി (High Power Committee) പുനഃസംഘടിപ്പിക്കുന്നതുമായി (Reconstitution) ബന്ധപ്പെട്ട വിഷയം പരിഗണിയ്ക്കുന്നതിന്.

(23799/PMU CELL-ASST-1/2025/Admn)

തീരുമാനം **ഹൈ പവർ കമ്മിറ്റി (High Power Committee) പുനഃസംഘടിപ്പിക്കുന്നതുമായി (Reconstitution) ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.781***

വിഷയം To report the action of the Vice chancellor in having approved the fee structure for the Post Graduate Diploma in Digital Media Production with the duration of course modified as one year.

(127666/EMMRC-SO /2023/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.782**

വിഷയം സി.ഡി.ഒ.ഇ. മുഖേന നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകളിലേക്കുള്ള വിദേശ വിദ്യാർത്ഥികളുടെ ഫീസ് അടയ്ക്കൽ സുഗമമാക്കുന്നതിനായി എസ്.ബി.ഐ.യുടെ ഇന്റർനാഷണൽ പേയ്മെന്റ് ഗേറ്റ്വേ സംവിധാനം സി.ഡി.ഒ.ഇ. അഡ്മിഷൻ പോർട്ടലിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന്, സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി വൈസ് ചാൻസലർ നൽകിയ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 27.06.2026-ലെ 9014/2026/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യുന്നതിന്

(186050/CDOE-A-ASST-1/2025/Admn)

തീരുമാനം **ഇനം പിൻവലിച്ചു**

ഇനം നമ്പർ **2026.783***

വിഷയം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ) യുടെ 23.04.2026-ലെ F. No. 1-4/2026 (DEB-NWR) നമ്പർ പൊതു അറിയിപ്പിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ, കാലിക്കറ്റ് സർവകലാശാല വിദൂര ഓൺലൈൻ വിദ്യാഭ്യാസ കേന്ദ്രം മുഖേന ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ച എം.ബി.എ. (ഹ്യൂമൻ റിസോഴ്സ് മാനേജ്മന്റ്) പ്രോഗ്രാമിലേക്ക് സ്കീം ബി (ക്ലാസ്സുകളും പരീക്ഷകളും ഓൺലൈനായി മാത്രം നടത്തുന്ന രീതി) പ്രകാരം മാത്രം പ്രവേശനം നടത്തുന്നതിനും, പ്രസ്തുത പ്രോഗ്രാമിന്റെ ഫീസ് ഘടന നിശ്ചയിക്കുന്നതിനുമായി CDOE ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ, സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി ബഹു. വൈസ് ചാൻസലർ അംഗീകരിച്ചതിനെ തുടർന്ന്, 07.07.2026-ലെ 9480/2026/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം നടപ്പിലാക്കിയ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(126059/CDOE-A-ASST-2/2022/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.784***

വിഷയം വനിതാ ഹോസ്റ്റൽ മുല്ല ബ്ലോക്കിൽ വാഹന പാർക്കിംഗ് ഷെഡ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ (Construction of vehicle shed at Ladies hostel Mulla Block) 5,90,000/- രൂപയുടെ (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിനു പ്രസ്തുത പ്രവൃത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ "Part I 57-2031-01 M&R (Buildings)" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം മേൽ പ്രവൃത്തിക്കു അനുമതി നല്കാവുന്നതാണെന്നുള്ള ഫിനാൻസ്, പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

(152239/PLD-B-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.785**

വിഷയം Ma'din അറബിക് കോളേജ്, മേൽമുറി, മലപ്പുറം എന്ന കോളേജിന്റെ പേര് MAGNIS കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, മേൽമുറി, മലപ്പുറം എന്നാക്കി മാറ്റണം എന്ന പ്രിൻസിപ്പാളിന്റെ അപേക്ഷ അംഗീകരിച്ച സിണ്ടിക്കേറ്റ് തീരുമാനം, കോളേജ് അപേക്ഷ പിൻവലിച്ച സാഹചര്യത്തിൽ നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നതിന്.

(203024/CDC-G2/2025/Admn)

തീരുമാനം **ശ്രദ്ധിച്ചു**.

ഇനം നമ്പർ **2026.786**

വിഷയം 1)18.05.2015 തീയ്യതിയിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിതരായ 8 ജീവനക്കാരുടെ അസിസ്റ്റന്റ് തസ്തികയിലെ നിയമനം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP (C) No.27199/2015-ലെ 06/10/2021 തീയ്യതിയിലെ ജഡ്ജ്മെന്റും, 03/08/2022 തീയ്യതിയിലെ WA No.253/2022 ഉം അനുസരിച്ച്, 14.03.2023 തീയ്യതിയിലെ 4715/2023/Admn സർവകലാശാല ഉത്തരവ് പ്രകാരം 18/02/2011 തീയ്യതി പ്രാബല്യത്തിൽ ക്രമീകരിച്ച് ഉത്തരവായതിനെ തുടർന്ന് ടി ജീവനക്കാരുടെ പരിവീക്ഷാകാലയളവ് വകുപ്പുതല പരീക്ഷ പാസ്സായ തീയ്യതി (12.08.2015/12.08.2016) വരെ ദീർഘിപ്പിക്കുന്ന വിഷയത്തിന്റെ വിശദ പഠനത്തിനായി നിയമിച്ച സിന്റിക്കേറ്റ് ഉപസമിതി യോഗ ശിപാർശ പരിഗണിക്കുന്നതിനും,

2) മേൽ വിഷയവുമായി ബന്ധപ്പെട്ട്, പ്രസ്തുത സബ് കമ്മിറ്റി തീരുമാനം

നടപ്പാക്കുന്നപക്ഷം അത് തങ്ങളുടെ സീനിയോറിറ്റിയെ ബാധിക്കുമെന്നും അതിനാൽ തങ്ങളുടെ ഭാഗംകൂടി കേട്ട ശേഷം മാത്രമേ സബ് കമ്മിറ്റി ശുപാർശയിന്മേൽ സിന്റിക്കേറ്റ് അന്തിമതീരുമാനം എടുക്കാവൂ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് സെക്ഷൻ ഓഫീസർമാരായ, ശ്രീമതി. ബിൻസി. കെ (ഐഡി.നമ്പർ. 3965), ശ്രീ.നിഖിൽ.ടി (ഐഡി.നമ്പർ. 3943), ശ്രീ.മുഹമ്മദ് അജ്മൽ.കെ (ഐഡി.നമ്പർ. 3945), അസിസ്റ്റന്റ് സെക്ഷൻ ഓഫീസർമാരായ ശ്രീമതി. ധന്യ.പി.യു (ഐഡി.നമ്പർ. 4022), ശ്രീ.ശ്രീജേഷ്.പി.ഗോപി (ഐഡി.നമ്പർ. 3941), തുടങ്ങിയ ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ, 07/11/2025 ഇൽ നടന്ന സിണ്ടിക്കേറ്റ് മീറ്റിംഗിന്റെ ഐറ്റം നമ്പർ 2025.1090* പ്രകാരം പരിഗണിച്ച്, വിശദ പഠനത്തിനായി രൂപീകരിച്ചിട്ടുള്ള മേൽ ഉപസമിതിക്ക് സമർപ്പിക്കുകയും ചെയ്തതിനെ തുടർന്ന് 16/01/2026 ൽ നടന്ന ഉപസമിതിയുടെ യോഗ നടപടി സിണ്ടിക്കേറ്റ് മുൻപാകെ അറിയിക്കുന്നതിനും,

3) മേൽ പരാമർശിച്ച 8 ജീവനക്കാരിൽ ഒരാളായിരുന്ന ശ്രീമതി.ശാലിനി പി. ദേവസ്യ യുടെ പെൻഷൻ ആനുകൂല്യത്തിന്റെ വിതരണം സംബന്ധിച്ച് കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും ഉത്തരവിന്റെയും ലംഘനം നടന്നു എന്ന് അറിയിച്ചു കൊണ്ട് നിയമ നടപടികൾക്ക് തുടക്കമിട്ടുകൊണ്ട് പുറപ്പെടുവിച്ച നോട്ടീസിലെ അടിയന്തിര സാഹചര്യം പരിഗണിച്ച്, ഈ വിഷയത്തിൽ തുടർ നടപടികൾ നിർദ്ദേശിക്കുന്നതിനും.

(136158/AD-C-ASST-4/2023/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.787***

വിഷയം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ഒരംഗത്തെ നാമനിർദ്ദേശം ചെയ്യുന്നത് പരിഗണിക്കുന്നതിന്.

(80338/ELECTION-SO/2017/Admn)

തീരുമാനം **മുഹമ്മദ് നിഷാദ്** മണിപറമ്പത്ത് **(അസിസ്റ്റന്റ് പ്രൊഫസ്സർ, ഗണിതശാസ്ത്ര വിഭാഗം, ഫാറൂഖ് കോളേജ്,** കോഴിക്കോട്-673632, മൊബൈൽ നമ്പർ. 9207136888, ഇമെയിൽ **mohamednishad@farookcollege.ac.in, mdnishadmath@gmail.com) എന്നവരെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സെനറ്റിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് തീരുമാനിച്ചു**.

ഇനം നമ്പർ **2026.788***

വിഷയം സർവ്വകലാശാലയിൽ ബയോമെട്രിക്ക് പഞ്ചിങ് സംവിധാനം സ്പാർക്കുമായി ബന്ധപ്പെടുത്തി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ഐഡി കാർഡുകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് കെൽട്രോണിന് Part I Non plan 55-2082-01 Purchase of Essential items എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച്, മുൻകൂറായി മുഴുവൻ തുകയായ 4,30,700/- രൂപ (നാല് ലക്ഷത്തി മുപ്പതിനായിരത്തി എഴുനൂറ് രൂപ മാത്രം) കൈമാറുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(225963/PURCHASE-ASST-B1/2021/Admn)

തീരുമാനം **അംഗീകരിച്ചു**.

ബയോമെട്രിക്ക് പഞ്ചിങ് സംവിധാനത്തിൽ Aadhar BAS അധിഷ്ഠിത Face recognition Punching സൗകര്യം കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി.

ഇനം നമ്പർ **2026.789***

വിഷയം സർവകലാശാല ക്യാംപസിലെ ഹിന്ദി ഡിപ്പാർട്ട്മെന്റിലേക്ക് ആവശ്യമായ ഫർണിച്ചർ RUBCO യിൽ നിന്നും 5,60,317/- (അഞ്ചു ലക്ഷത്തി അറുപതിനായിരത്തി മുന്നൂറ്റി പതിനേഴ് രൂപ മാത്രം) ചെലവിൽ വാങ്ങുന്നതിനും ഇതിനുള്ള ചെലവ് 2025-26 സാമ്പത്തിക വർഷത്തിലെ Part II B 20-4010-02 Development and Modernisation of Departments എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും വഹിച്ചു കൊണ്ട് സ്ഥാപനത്തിനു പേയ്മെന്റ് നൽകുന്നതിനും അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(49334/PURCHASE-ASST-A3/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.790***

വിഷയം സർവകലാശാലയുടെ രണ്ടാം ഘട്ട നെറ്റ്വർക്ക് ഫൈബർ റീ സ്ടെക്ച്ചറിംഗ് പ്രവർത്തികളുടെ ഭാഗമായി 12 നെറ്റ്വർക്ക് റാക്ക് മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പന്ത്രണ്ട് 1-ടൺ എയർ

കണ്ടീഷണറുകൾ, Part I Non plan 55-2082-01 Purchase of essential items എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും 5,53,440/- രൂപ (അഞ്ചു ലക്ഷത്തി അൻപത്തിമൂവായിരത്തി നാനൂറ്റിനാല്പത് രൂപ മാത്രം) ചെലവഴിച്ച്, മത്സരാധിഷ്ഠിത ടെൻഡറുകൾ മുഖേന സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ മാർക് ഇൻഫോടെക്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനും, വിതരണസ്ഥാപനത്തിനു പേമെന്റ് നൽകുന്നതിനും സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(49600/PURCHASE-ASST-B2/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.791***

വിഷയം സർവകലാശാലയുടെ പരീക്ഷാഭവനിലെ ഇ.എക്സ് ബ്രാഞ്ചിലേക്ക് ആകെ 5 എയർ കണ്ടീഷണറുകൾ, Part I Non plan 55-2082-01 Purchase of essential items എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും 3,17,500/- (മൂന്ന് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞുറു രൂപ മാത്രം) രൂപ ചെലവഴിച്ച്, മത്സരാധിഷ്ഠിത ടെൻഡറുകൾ മുഖേന സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ മാർക് ഇൻഫോടെക്, കോട്ടക്കൽ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനും, വിതരണ സ്ഥാപനത്തിനു പേമെന്റ് നൽകുന്നതിനും സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന് .

(60066/PURCHASE-ASST-B2/2024/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.792***

വിഷയം ഗസറ്റിൽ പ്രസിദ്ധീകരിച്ചതിന് ശേഷം സർവകലാശാല രേഖകളിലും സർട്ടിഫിക്കറ്റുകളിലും പേര് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നിലവിൽ ഒരു വിദ്യാർത്ഥി 3 തവണ സർവ്വകലാശാലയെ സമീപിക്കണമെന്നിരിക്കെ, പ്രസ്തുത നടപടിക്രമങ്ങൾ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനായി സ്റ്റുഡന്റ്സ് സർവീസ് ഹബ്ബിൽ നിന്നും തയ്യാറാക്കിയ നടപടിക്രമങ്ങളുടെ കരട് രൂപരേഖ അംഗീകരിച്ചുകൊണ്ടുള്ള 20.05.2026 തിയതിയിലെ പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നതിന്.

(173510/SSH-E-ASST-1/2025/PB)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.793***

വിഷയം ഓരോ വിഷയത്തിലുമുള്ള അധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിൽ, കോളേജ് പോർട്ടലിൽ ജില്ലാതലത്തിലുള്ള അധ്യാപകരുടെ സീനിയോറിറ്റി പട്ടികകളും ഉത്തരക്കടലാസ് മൂല്യനിർണയത്തിന് ചെയർപേഴ്സണാകാൻ സന്നദ്ധതയുള്ളവരുടെ പ്രത്യേകം സീനിയോറിറ്റി പട്ടികകളും തയ്യാറാക്കുകയും അവയിൽനിന്ന് റൊട്ടേഷൻ വ്യവസ്ഥയിൽ (ഒരോ രണ്ട് ക്യാമ്പുകൾക്ക് ശേഷവും മാറ്റം) ചെയർപേഴ്സണ്മാരെ നിയമിക്കുകയും ചെയ്യുകയെന്ന പരീക്ഷാകാര്യസ്ഥിരം സമിതിയുടെ ശുപാർശ പരിഗണിയ്ക്കുന്നതിന്.

(202975/EG-II-ASST-2/2024/PB)

തീരുമാനം **പരീക്ഷാകാര്യസ്ഥിരം സമിതിയുടെ ശുപാർശ അംഗീകരിച്ചു**.

ഇനം നമ്പർ **2026.794***

വിഷയം ശ്രീമതി.സൽമ.എൻ.എ (രജിസ്റ്റർ നമ്പർ POAPAFU011) എന്ന വിദൂര വിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥിനിയുടെ അപേക്ഷ പരിഗണിച്ച്, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ (അണ്ഡാശയ കാൻസർ) കണക്കിലെടുത്ത്, റീ അഡ്മിഷൻ നിയമപ്രകാരം സാധ്യമല്ലാത്ത സാഹചര്യത്തിൽ, ആരോഗ്യ കാരണങ്ങളാൽ മുടങ്ങിപ്പോയ തന്റെ പഠനം പൂർത്തിയാക്കാൻ ചട്ടത്തിൽ ഇളവ് നൽകി സി.യു.സി.ബി.സി.എസ്.എസ് സ്കീമിൽ നിന്നും വിദ്യാർത്ഥിനിയുടെ സെന്റർ ഓപ്ഷൻ അനുസരിച്ച്, സി.ബി.സി.എസ്.എസ് ആറാം സെമസ്റ്ററിലേക്ക് (2023 പ്രവേശന വർഷം) പുനഃപ്രവേശനം (Re-admission) അനുവദിക്കണമെന്ന വിഷയം പരിഗണിച്ച പരീക്ഷ കാര്യ സ്ഥിരം സമിതിയുടെ, ഐറ്റം നം 2026/4/22, തീരുമാന പ്രകാരം ആറാം സെമസ്റ്ററിലേക്കുള്ള ടോക്കൺ രജിസ്ട്രേഷൻ ഒരു പ്രത്യേക കേസായി നൽകാനുള്ള വിഷയം പരിഗണിയ്ക്കുന്നതിന്.

(50971/EDE-A3-ASST-III/2026/PB)

തീരുമാനം **പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് പരീക്ഷാകാര്യസ്ഥിരം സമിതിയുടെ ശുപാർശ അംഗീകരിച്ചു**.

ഇനം നമ്പർ **2026.795***

വിഷയം കാലിക്കറ്റ് സർവകലാശാലയിലെ മലയാളം പഠനവകുപ്പിൽ ഡോ. മനോജ്. എം. ബി, അസോസിയേറ്റ് പ്രൊഫസർ എന്നവരുടെ കീഴിൽ ഗവേഷണം നടത്തുന്ന ശ്രീമതി. ഫെമിന സി.പി എന്ന ഫുൾ – ടൈം ഗവേഷകയ്ക്ക് തന്റെ ഗവേഷണം പൂർത്തീകരിക്കുന്നതിനായി സർവകലാശാലാ തലത്തിൽ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

(130685/RESEARCH-B-ASST-1/2016/Admn)

തീരുമാനം

- **ഗവേഷണം പൂർത്തീകരിക്കുന്നതിനായി സർവകലാശാല തലത്തിൽ സാമ്പത്തിക സഹായം അനുവദിക്കണമെന്ന ശ്രീമതി. ഫെമിന സി.പി എന്ന ഗവേഷകയുടെ അപേക്ഷ നിരസിക്കുന്നതിനും, പി.എച്ച്.ഡി റീ–രജിസ്ട്രേഷൻ ചെയ്യാൻ താൽപര്യപ്പെടുന്ന പക്ഷം റീ–രജിസ്ട്രേഷൻ ഫീസ് ആയ 14,875/- രൂപ ഇളവ് ചെയ്ത് നൽകുന്നതിനും തീരുമാനിച്ചു.**
- **30.09.2026–നകം പി.എച്ച്.ഡി തീസിസ് സമർപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.**

ഇനം നമ്പർ **2026.796***

വിഷയം ബാച്ചിലർ ഓഫ് ഡിസൈൻ [B.Des] (4 year Programme), ബി.എസ്.സി. ഇൻ ഡിസൈൻ [Bsc.Des] (3 year Programme) And ഇന്റഗ്രേറ്റഡ് B.Des + M.Des Dual ഡിഗ്രി (5 Year Programme) ന്റെ പരീക്ഷ ഫീസ് ഘടന നിശ്ചയിക്കുന്നതിനുള്ള പരീക്ഷകാര്യ സ്ഥിരം സമിതിയുടെ പ്രൊപോസൽ അംഗീകരിച്ച വൈസ് ചാൻസലറുടെ തീരുമാനം റിപ്പോർട്ട് ചെയ്യുന്നതിന്.

(44904/EG-I-ASST-2/2016/PB)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.797***

വിഷയം To consider the question of approving the recommendation of the Screening Cum Evaluation Committee to promote Dr. Drisya K. (ID No. 5022), Assistant Professor (Academic Level 10), Department of Physics, to the post of Assistant Professor (Academic Level 11) with effect from 30.07.2025 FN under the Career Advancement Scheme, as per UGC Regulations 2018, subject to the final disposal of the writ appeals filed by the University against the judgement in W.P.(C) No.4733/2021 & connected cases.

(40223/GA-II-F1/2026/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.798***

വിഷയം To consider the recommendation of the Screening Cum Evaluation Committee to promote Dr. Zuhail K P, (ID No. 4976) Assistant Professor (Academic Level 10), Department of Physics as Assistant Professor (Academic Level 11) with effect from 25/09/2025 FN under Career Advancement Scheme, as per UGC Regulations 2018, subject to the final disposal of the writ appeals filed by the University against the judgement in W.P.(C) No.4733/2021 & connected cases.

(48601/GA-II-F1/2026/Admn)

തീരുമാനം **Approved.**

ഇനം നമ്പർ **2026.799***

വിഷയം ശ്രീ. ഷമീർ ഷാഫത് ടി (ഐഡി നം.2389), ജോയിന്റ് രജിസ്ട്രാർ, ജനറൽ & അക്കാദമിക് II എന്നവരെ അന്യത്രസേവന വ്യവസ്ഥയിൽ കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയിൽ ഒരു വർഷക്കാലത്തേക്ക് ജോയിന്റ് രജിസ്ട്രാർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്നത്തിനായി 09.07.2026 അപരാഹ്നം മുതൽ പ്രാബല്യത്തിൽ സർവകലാശാലാ സേവനത്തിൽ നിന്നും വിടുതൽ ചെയ്തതിനെത്തുടർന്നുണ്ടായിട്ടുള്ള ജോയിന്റ് രജിസ്ട്രാർ തസ്തിക ഒഴിവിലേക്ക് ശ്രീ. രാജീവൻ മുണ്ടയാട്ട് വളപ്പിൽ (ഐ.ഡി നമ്പർ. 2745), ഡെപ്യൂട്ടി രജിസ്ട്രാർ എന്നവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും തന്മൂലമുണ്ടാകുന്ന ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ തസ്തിക ഒഴിവുകളിലേക്ക് യഥാക്രമം ശ്രീ. അശോക് കുമാർ കെ പി (ഐ.ഡി. നമ്പർ 2635), അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്), ശ്രീ. മുഹമ്മദ് ഷെരിഫ് കെ.പി (ഐ ഡി നമ്പർ. 3284), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) എന്നീ ഉദ്യോഗസ്ഥർക്ക്, സിണ്ടിക്കേറ്റിന്റെ അംഗീകാരത്തിന് വിധേയമായി, സ്ഥാനക്കയറ്റം നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(33397/AD-F-ASST-1/2015/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.800***

വിഷയം വിദേശ രാജ്യങ്ങളിൽ സർവകലാശാലയുടെ ബ്രാഞ്ച് ക്യാമ്പസുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ 19.06.2026 തിയ്യതിയിൽ നടന്ന കമ്മിറ്റിയുടെ യോഗത്തിലെ തീരുമാനങ്ങൾ പരിഗണിയ്ക്കുന്നതിന്.

(273893/PLD-C-SO/2022/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.801***

വിഷയം KSCSTE യുടെ കീഴിലുള്ള ഗവേഷണ പദ്ധതിയുടെ ആവശ്യത്തിനായി പ്രൊജക്റ്റ് പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള ഉപകരണങ്ങൾ 5,99,440/- രൂപക്ക് വാങ്ങുന്നതിനു പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായ ഡോ. ഷിബു ഇ.എസ്.–ന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന് .

(296473/DOP-ASST-2/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.802***

വിഷയം സർവ്വകലാശാലക്ക് കീഴിൽ പഞ്ചവൽസര എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയിൽ ഉന്നത വിജയം കൈവരിക്കുന്നവർക്ക് ഏർപ്പെടുത്തിയ ലേറ്റ് കുഞ്ഞിരാമൻ വൈദ്യർ എൻഡോവ്മെന്റ് ഗോൾഡ് മെഡൽ, 2025-26 അധ്യയന വർഷത്തെ ഒന്നാം റാങ്ക് ജേതാവായ കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിലെ കുമാരി. അമല ചാക്കോ, കരിങ്കട വീട്, ജീവൻ പ്രകാശ് ഓഡിറ്റോറിയം തൃച്ചമ്പരം സമീപം, തളിപ്പറമ്പ് പോസ്റ്റ്, കണ്ണൂർ – 628258, രജി. നമ്പർ LKAULBA019 എന്ന വിദ്യാർത്ഥിനിക്ക് സമ്മാനിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

(240/PLD-C-ASST-2/2013/CU)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.803***

വിഷയം ADI കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, ശ്രീകൃഷ്ണപുരം, കോട്ടപ്പുറം, P .O, പാലക്കാട് എന്ന കോളേജിലെ BSc Chemistry Honours (36) എന്ന സെൽഫ് ഫൈനാൻസിങ് പ്രോഗ്രാം 2026-27 അധ്യയന വർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്തു നൽകണം എന്നുള്ള കോളേജ് പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

(115185/CDC-B1/2017/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.804**

വിഷയം 18.06.2026-ലെ W.P. (C) No. 10013/2026 പ്രകാരമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ,

1) ഡോ. സുനിൽകുമാർ. എസ്., അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ്, ഡോ.ജോൺ മത്തായി സെന്റർ, തൃശ്ശൂർ, സമർപ്പിച്ച Ext.P4 പ്രതിനിധാനം ഒരു മാസത്തിനുള്ളിൽ പരിഗണിക്കുന്നതിനായും.

2) Ext.P1 മെമ്മോ ഓഫ് ചാർജസ് പ്രകാരം ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ രണ്ട് മാസത്തിനകം തീർപ്പാക്കേണ്ടതാകുന്നു. ആയതിനായി അന്വേഷണ സമിതി പുനഃസംഘടിപ്പിക്കുന്ന വിഷയവും പരിഗണിക്കുന്നതിന്.

(46785/GA-II-F3/2022/Admn)

തീരുമാനം **വിശദ പഠനം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.805***

വിഷയം വി.വി. കോളേജ് ഓഫ് സയൻസ് & ടെക്നോളജി, ചുള്ളിമട, പാലക്കാട് എന്ന കോളേജിലെ BSc Electronics Honours (24), MSc. Geography (10) എന്നീ സെൽഫ് ഫൈനാൻസിങ് പ്രോഗ്രാമുകൾ 2026-27 അധ്യയന വർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്തു നൽകണം എന്നുള്ള കോളേജ് പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

(32298/CDC-B1/2014/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.806**

വിഷയം ലേഡീസ് ഹോസ്റ്റൽ ബ്ലോക്കുകൾക്കായി 195 KLD ശേഷിയുള്ള മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്ന Integrated Rural Technology Centre Project Implementation Unit (IRTC -PIU), 2,02,84,000/- രൂപ (രണ്ട് കോടി രണ്ട് ലക്ഷത്തി എൺപത്തിനാലായിരം രൂപ ചെലവ് വരുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടു IRTC - PIU സമർപ്പിച്ച കരട് ധാരണാപത്രം ഒപ്പുവെക്കുന്ന വിഷയവും മേൽ പ്രവൃത്തി ആരംഭിക്കുന്നതിനായി പദ്ധതി തുകയുടെ 20% തുക അഡ്വാൻസായി ലഭ്യമാക്കണമെന്ന IRTC-PIU വിന്റെ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്ന വിഷയവും പരിഗണിയ്ക്കുന്നതിന്.

(134934/PLD-B-ASST-1/2023/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.807***

വിഷയം സിൻഡിക്കേറ്റ്, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയിൽ പുനഃക്രമീകരണം നടന്ന സാഹചര്യത്തിൽ, പ്രൈവറ്റ് എയ്ഡഡ് കോളേജുകളിലെ കോമേഴ്സ് & മാനേജ്മന്റ് എന്ന വിഭാഗത്തെ, കോമേഴ്സ്, മാനേജ്മന്റ് എന്നീ രണ്ട് വിഭാഗങ്ങളായി വേർതിരിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങളിൽ തീരുമാനങ്ങൾ സ്വീകരിക്കുന്നതിനായി സർവകലാശാല ഉത്തരവ് നം. 18852/2024/Admn dated 19.12.2024 പ്രകാരം രൂപീകരിച്ച സിണ്ടിക്കേറ്റ് സ്ഥിരം സമിതിയുടെ ഉപസമിതി പുനഃക്രമീകരിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(230772/GA-II-A2/2023/Admn)

തീരുമാനം **പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. ജയ്സൺ ജോസഫ് (കൺവീനർ), ഡോ. ഷാഹിന മോൾ എ. കെ, ഡോ. ലക്ഷ്മി ആർ ചന്ദ്രൻ, ഡോ. പ്രദീപ് കുമാർ കെ, ശ്രീ. സുശാന്ത് പി**, പ്രൊഫ. (ഡോ.) **മുഹമ്മദ് സലീം ടി**, ലെഫ്. ഡോ. **അബ്ദുൾ ജബ്ബാർ എ.ടി എന്നിവരടങ്ങിയ ഉപസമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.808***

വിഷയം സർവ്വകലാശാലയിൽ സ്ഥാപിതമായ ചെയറുകളെ പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി രൂപീകരിച്ച സിണ്ടിക്കേറ്റ് ഉപസമിതി സമർപ്പിച്ച റിപ്പോർട്ടിൻ പ്രകാരം, ചെയറുകൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റിയിലേക്ക് മൂന്ന് സിണ്ടിക്കേറ്റ് മെമ്പർമാരെ തെരഞ്ഞെടുക്കുന്നത് പരിഗണിയ്ക്കുന്നതിന്.

(4454/GA-IV-H-ASST-3/2023/Admn)

തീരുമാനം **ചെയറുകൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റിയിലേക്ക് ഡോ. ലക്ഷ്മി ആർ ചന്ദ്രൻ, ശ്രീ. ടി. ജെ മാർട്ടിൻ, ഡോ. ഷാഹിന മോൾ എ. കെ, ലെഫ്. ഡോ. അബ്ദുൾ ജബ്ബാർ എ. ടി എന്നിവരെ ഉൾപ്പെടുത്തി**.

ഇനം നമ്പർ **2026.809***

വിഷയം 2026-27 അധ്യയന വർഷം വിവിധ പ്രോഗ്രാമുകളിലെ പ്രവേശനം റദ്ദ് ചെയ്ത് ടി.സി. വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട, യു.ജി.സി നിർദ്ദേശങ്ങൾ 14.07.2026 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 9857/2026/Admn പ്രകാരം സർവകലാശാലയിൽ നടപ്പിൽ വരുത്തിയത് സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നതിന്.

(156860/DOA-ASST-2/2023/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.810**

വിഷയം യു.ജി./പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട കൗൺസിലിംഗ്, ഗ്രൂപ്പ് ഡിസ്കഷൻ, വ്യക്തിഗത അഭിമുഖം, ശാരീരികക്ഷമതാ പരീക്ഷ എന്നിവയ്ക്ക് examiners ന് നൽകേണ്ട പ്രതിഫലവും, ഫിസിക്കൽ എജ്യുക്കേഷൻ പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിനുള്ള ഫിസിക്കൽ ടെസ്റ്റിൽ പങ്കെടുക്കുന്നവരുടെ റിഫ്രഷ്മെന്റ് ചാർജുകളുടെയും നിരക്ക് പരിഷ്കരിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(128560/DOA-ASST-2/2015/Admn)

തീരുമാനം **വിശദ പഠനം നടത്തുന്നതിന് ലീഗൽ ആന്റ് സ്പോർട്സ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.811**

വിഷയം Construction of first floor (Balance Portion) and second floor to Ladies Hostel Dr. John Matthai Centre, Thrissur, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 3,20,00,000/- രൂപയുടെ

(മൂന്ന് കോടി ഇരുപത് ലക്ഷം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് 23.08.2024-ലെ ഉത്തരവ് നമ്പർ 12985/2024/Admn പ്രകാരം നൽകിയ അനുമതി ഫണ്ടുകളുടെ അപര്യാപ്തത കാരണം റദ്ദാക്കികൊണ്ട്, Strengthening student facilities at Dr. John Matthai Centre, Thrissur - Construction of second floor to the ladies hostel എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 1,80,00,000/- രൂപയുടെ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) (18% ജി.എസ്.ടി ഉൾപ്പെടെ) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part II B 42-4249-02 Dr. John Matthai Centre, Thrissur-Strengthening Student Facilities (Ladies Hostel) എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതിനും പ്രസ്തുത വിഷയം പരിഗണിയ്ക്കുന്നതിന്.

(148880/PLD-B-ASST-2/2024/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.812***

വിഷയം

J 16A, J 17B, J 20A, J 28B ക്വാർട്ടേഴ്സുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി (Urgent maintenance of J 16A, J 17B, J 20A, and J 28B Quarters) തയ്യാറാക്കിയ 4,11,000/- രൂപയുടെ (നാലു ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിനു പ്രസ്തുത പ്രവൃത്തിയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ Part I 57-2031-01 M&R (Buildings) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം പ്ലാനിംഗ് ആൻഡ് വർക്സ് സ്ഥിരം സമിതി മുഖേന പരിഗണിയ്ക്കുന്നതിന്.

(156645/PLD-B-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.813**

വിഷയം

എഞ്ചിനീയറിംഗ് വിഭാഗത്തിലെ കേടുപാടുകൾ സംഭവിച്ച എ.സി ഷീറ്റ് മേൽക്കൂരയും സീലിംഗും മാറ്റി പുതിയ പ്രീ-കോട്ടഡ് ജി.എസ് ഷീറ്റ് മേൽക്കൂരയും മൾട്ടി പർപ്പസ് സിമന്റ് ബോർഡ് സീലിംഗും സ്ഥാപിക്കുന്ന പ്രവർത്തിക്കായി (Replacing the damaged AC Sheet roofing and ceiling in the Engineering Department with new pre coated GS Sheet roofing and multipurpose cement board ceiling) തയ്യാറാക്കിയ 11,70,000/- രൂപയുടെ (പതിനൊന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(156546/PLD-B-ASST-3/2026/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി**.

ഇനം നമ്പർ **2026.814***

വിഷയം

ലേഡീസ് ഹോസ്റ്റൽ റിഫ്രഷ്മെന്റ് ഏരിയയിലെ (സ്റ്റോർ) കേടായ മേൽക്കൂര മാറ്റിസ്ഥാപിക്കൽ, സ്റ്റീൽ ഗ്രില്ലുകൾ നൽകൽ, അധിക ഇരിപ്പിട ക്രമീകരണങ്ങൾ എന്നീ പ്രവൃത്തികൾക്കായി തയ്യറാക്കിയ 6,20,000/- രൂപയുടെ (ആറ് ലക്ഷത്തി ഇരുപതിനായിരം മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിനു പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ Part II B 42-4019-02 Renovation of Buildings എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും നിർവഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം മേൽ പ്രവർത്തിക്കു അനുമതി നല്കാവുന്നതാണെന്ന പ്ലാനിംഗ് ആൻഡ് വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(160729/PLD-B-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.815***

വിഷയം

പരീക്ഷാ ഭവന് പുതിയ സെക്യൂരിറ്റി ക്യാബിനും ഗേറ്റും നിർമ്മിക്കുന്ന പ്രവൃത്തിക്കായി (Construction of Security Cabin and providing new gate for Pareeksha Bhavan) തയ്യാറാക്കിയ 7,40,000/-രൂപയുടെ (ഏഴു ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(162196/PLD-B-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.816**

വിഷയം To consider and approve the Minutes of the Sub Committee Meeting held on 16/02/2026 and it's Final Report related to the matter of allegations raised by the Director, DPE regarding the absence of Dr. Manoj K.P., University Director of Physical Education.

(88422/GA-II-C-SO/2020/Admn)

തീരുമാനം **വിശദ പഠനത്തിനായി സ്റ്റാഫ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.817**

വിഷയം ലേഡീസ് ഹോസ്റ്റലിലെ ദേവദാരു ബ്ലോക്കിലെ റൂം നമ്പർ: 21 & 50 എന്നിവയ്ക്ക് എതിർവശത്തുള്ള ടോയ്ലറ്റുകളുടെ നവീകരണത്തിനും സെപ്റ്റിക് ടാങ്ക്, മാലിന്യക്കുഴി എന്നിവയുടെ നിർമ്മാണത്തിനുമായി തയ്യാറാക്കിയ 25,00,000/- രൂപയുടെ (ഇരുപത്തഞ്ചു ലക്ഷം രൂപ മാത്രം) (18%GST ഉൾപ്പെടെ) എസ്റ്റിമേറ്റിനു (Renovation of toilets opposite to (Room no:21 &50) in Devadaru Block at Ladies Hostel and construction of septic tank and waste pit".) പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ Part II B 42-4019-02 Renovation of Buildings എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും നിറവേറ്റിക്കൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി മുഖേന പരിഗണിയ്ക്കുന്നതിന്.

(162021/PLD-B-ASST-1/2026/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.818***

വിഷയം ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ ശുചിമുറികൾ നവീകരിക്കുന്ന പ്രവൃത്തിക്കായി (Renovation of Bathroom at Faculty Guest House) തയ്യാറാക്കിയ 16,00,000/-രൂപയുടെ (പതിനാറ് ലക്ഷം രൂപ മാത്രം) (18% GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിക്കുന്നതിനായി ഫിനാൻസ് പ്ലാനിംഗ് & വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(253310/PLD-B-ASST-3/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.819***

വിഷയം USIC-ൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചുവരുന്ന എയർ കണ്ടീഷണർ കം റഫ്രിജറേഷൻ മെക്കാനിക്ക് തസ്തികയുടെ ശമ്പള നിരക്ക് ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള 2023-2024 ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ എയർ കണ്ടീഷണർ കം റഫ്രിജറേഷൻ മെക്കാനിക്ക് തസ്തികയ്ക്ക് ദിവസവേതനമായി 1100/-രൂപയും പരമാവധി പ്രതിമാസ വേതനമായി 29,700/- രൂപയും നിജപ്പെടുത്തിയ സിണ്ടിക്കേറ്റ് തീരുമാനം നടപ്പിലാക്കി കൊണ്ടുള്ള 01.07.2022-ലെ U.O.No.12956/2022/Admn ഉത്തരവ് പുനഃപരിശോധിക്കുന്നതും ടി തസ്തികയെ കാറ്റഗറി IV ൽ ഉൾപ്പെടുത്തി സർവകലാശാല ഉത്തരവ് 6696/2025/അഡ്മിൻ dtd 02.05.2025 പ്രകാരം വേതനം ക്രമീകരിച്ച് അതിനനുസരിച്ച് തുടർന്നുള്ള വേതന വർദ്ധനവ് അനുവദിക്കുന്നതും പരിഗണിക്കുന്നതിന്.

(165549/AD-K-ASST-2/2015/Admn)

തീരുമാനം **USIC-ൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചുവരുന്ന എയർ കണ്ടീഷണർ കം റഫ്രിജറേഷൻ മെക്കാനിക്ക് തസ്തികയെ കാറ്റഗറി IV ൽ ഉൾപ്പെടുത്തി, 02.05.2025 തിയ്യതിയിലെ സർവകലാശാല ഉത്തരവ് 6696/2025/Admn പ്രകാരം വേതനം ക്രമീകരിച്ച് തുടർന്നുള്ള വേതന വർദ്ധനവ് അനുവദിക്കുന്നതിന് അംഗീകാരം നൽകി.**

ഇനം നമ്പർ **2026.820***

വിഷയം Replacement of the existing damaged panel board at Administration Block, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 6,91,000/- രൂപയുടെ (ആറ് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം) (GST 18% ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ Part II B 42-4216-02 Electrical works എന്ന ബജറ്റ് ഹെഡിൽ

നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതും പരിഗണിയ്ക്കുന്നതിന്.

(158451/PLD-B-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.821***

വിഷയം Electrification for light loads and UPS connectivity to all system terminals in the AD Block, എന്ന പ്രവൃത്തിക്കായി തയ്യാറാക്കിയ 30,90,000/- രൂപയുടെ (മുപ്പത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും അനുവദിക്കുന്നതിനും, പ്രസ്തുത പ്രവൃത്തിയുടെ ചെലവ് ഈ സാമ്പത്തിക വർഷത്തെ PART- II (B) 26-4010-02 Development & Modernisation of Departments എന്ന ബജറ്റ് ഹെഡിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നതും പരിഗണിയ്ക്കുന്നതിന്.

(158446/PLD-B-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.822**

വിഷയം പരീക്ഷാ ക്രമക്കേട് ആരോപണം – മൂന്നാം സെമസ്റ്റർ ബി കോം നവംബർ 2024 - CHINU SHARPA (ZGAXBCM056) എന്ന വിദ്യാർത്ഥിയെ കുറ്റവിമുക്തനാക്കുവാനുള്ള പരീക്ഷാ കാര്യ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിക്കുന്നതിന്.

(144942/EC-XIV-ASST-III/2025/PB)

തീരുമാനം **വിഷയം പുന:പരിശോധിക്കുന്നതിന് പരീക്ഷാകാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.823**

വിഷയം പരീക്ഷാ ക്രമക്കേട് ആരോപണം – മൂന്നാം സെമസ്റ്റർ ബി കോം നവംബർ 2024 MISHAN M YAHYA (ZGAXBCM058) എന്ന വിദ്യാർത്ഥിയെ കുറ്റവിമുക്തനാക്കുവാനുള്ള പരീക്ഷാ സ്ഥിരം കാര്യ സമിതിയുടെ ശിപാർശ പരിഗണിക്കുന്നതിന്.

(144942/EC-XIV-ASST-III/2025/PB)

തീരുമാനം **വിഷയം പുന:പരിശോധിക്കുന്നതിന് പരീക്ഷാകാര്യ സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.824***

വിഷയം റിസർച്ച് റെക്കഗ്നിഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട്, വെസ്റ്റേൺ ഘട്ട് റീജിയണൽ സെന്റർ, സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ സുവോളജി പഠനവകുപ്പിനു സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായുള്ള അംഗീകാരം 04.12.2006 മുതൽ 03.12.2026 വരെ 20 വർഷത്തേയ്ക്ക് പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്.

(78914/RESEARCH-D-ASST-3/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.825***

വിഷയം താഴെപറയുന്ന ഗവേഷകന് കൊമേഴ്സിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Unnikrishnan. C	Commerce (Commerce and Management Studies)	Dr. Mohanadasan T, Professor, Department of Commerce, Government Victoria College, Palakkad.	Organizational Resilience of Women Entrepreneurs in Kerala.

(79765/RESEARCH-C-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.826**

വിഷയം സർവകലാശാല ക്യാമ്പസ്സിൽ മൊബൈൽ നെറ്റ്വർക്ക് കവറേജ് മെച്ചപ്പെടുത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന് മുകളിൽ Base Transceiver Station (BTS) സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല ആക്ട്, 1975, ചാപ്റ്റർ III, സെക്ഷൻ 10(13) പ്രകാരം സർവകലാശാലയും BSNL അധികൃതരും തമ്മിൽ കരാർ

ഒപ്പുവെച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയത് സിണ്ടിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിന്.

(213104/PLD-E-ASST-4/2016/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.827***

വിഷയം To consider the matter of reconstituting the Inquiry Committee constituted to conduct the formal inquiry against Sri. Saheer Babu K.T to complete the disciplinary proceedings.

(105325/AD-LEG-ASST-4/2024/Admn)

തീരുമാനം **Resolved to reconstitute the Inquiry Committee with the Convenors of the Standing Committees on Staff, Finance, Planning & Works, Legal and Sports as members.**

ഇനം നമ്പർ **2026.828***

വിഷയം കാലിക്കറ്റ് സർവകലാശാലയിലെ പ്യൂൺ/സ്വീപ്പർ തസ്തികകളിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളുടെ വിശദ പഠനത്തിനായി സിണ്ടിക്കേറ്റ് തീരുമാനം 2024.1417* & 2025.1049* പ്രകാരം രൂപീകരിച്ച ഉപസമിതിയിലെ, അംഗങ്ങളായ അഡ്വ. എൽ. ജി. ലിജീഷ് (കൺവീനർ) ഡോ. പ്രദ്യുമ്നൻ.പി. പി എന്നിവരുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ, ഉപസമിതി പുനർ രൂപീകരിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(70046/AD-K-ASST-1/2016/Admn)

തീരുമാനം **സ്റ്റാഫ്, ഫിനാൻസ് സ്ഥിരം സമിതി കൺവീനർമാർ, ഡോ. വാസുദേവൻ ടി. എം., അഡ്വ. എം. ബി. ഫൈസൽ എന്നിവരെ ഉൾപ്പെടുത്തി ഉപസമിതി രൂപീകരിക്കുന്നതിന് അംഗീകാരം നൽകി**.

ഇനം നമ്പർ **2026.829***

വിഷയം സർവ്വകലാശാലയുടെ വിവിധ മൂല്യ നിർണ്ണയ ക്യാമ്പുകളിലേക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക്, യാത്രാബത്ത അനുവദിക്കുന്നതിന്, യാത്രാബത്ത ബില്ലിനോടൊപ്പം ട്രെയിൻ/ബസ് യാത്ര നടത്തിയതിന്റെ യഥാർത്ഥ ടിക്കറ്റ് നിർബന്ധമായും സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം (ഇനം.നമ്പർ.2023.1390*) നടപ്പിലാക്കിയ 11/01/2024 തീയതിയിലെ 534/2024/Admn നം. സർവകലാശാല ഉത്തരവ് സംബന്ധിച്ച് 28/02/2026 തീയതിയിലെ നം. 29195/FIN-F-SO/2025/Fin ഓഡിറ്റ് പരാമർശത്തിൽ ഉന്നയിച്ച തടസ്സവാദങ്ങളുടെ അടിസ്ഥാനത്തിൽ, മേൽ സിണ്ടിക്കേറ്റ് തീരുമാനം പരിശോധിക്കുന്നതിനും തുടർനടപടികൾ നിർദ്ദേശിക്കുന്നതിനും.

(16434/AD-K-ASST-4/2015/Admn)

തീരുമാനം **ഇനം.നമ്പർ.2023.1390* പ്രകാരം എടുത്ത സിണ്ടിക്കേറ്റ് തീരുമാനം നിലനിർത്തിക്കൊണ്ട്, ഓഡിറ്റ് പരാമർശത്തിൽ ഉന്നയിച്ച തടസ്സ വാദങ്ങൾക്ക് ഉചിതമായ മറുപടി നൽകുന്നതിന് തീരുമാനിച്ചു**.

ഇനം നമ്പർ **2026.830**

വിഷയം To consider the matter of reckoning the two days service gap (04.06.2011 and 05.06.2011) between the resignation and joining of Sri. Abdul Rasheed P. Assistant Professor in English, from Amal College of Advanced Studies, Nilambur to EMEA College of Arts & Science, Kondotty, as per his proposal to revise the date of promotion (from Assistant Professor Stage I to Stage II) w.e.f. 10.08.2016. FN to 13.11.2014.

(239695/GA-II-H2/2019/Admn)

തീരുമാനം **Resolved to entrust the Standing Committee on Staff of Affiliated Colleges for detailed study.**

ഇനം നമ്പർ **2026.831***

വിഷയം കാലിക്കറ്റ് സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ (ODL) പ്രോഗ്രാമുകൾ തുടർന്നും നടത്തുന്നതിനായി സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി 26.08.2023 ലെ സിണ്ടിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് 16.09.2023, 30.04.2026 തീയ്യതികളിൽ നൽകിയ കത്തുകൾക്ക് അനുകൂല തീരുമാനം ലഭ്യമാകാത്ത സാഹചര്യവും, 09.07.2026-ന് ചേർന്ന സിണ്ടിക്കേറ്റ് യോഗത്തിലെ ഇനം നമ്പർ 2026.740* തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടിയും റിപ്പോർട്ട് ചെയ്യുന്നതിന്.

(56834/CDOE-A-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.832**

വിഷയം കാലിക്കറ്റ് സർവകലാശാല – വിദൂര വിദ്യാഭ്യാസ വിഭാഗം മുഖേന നടത്തുന്ന ഓൺലൈൻ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ആരംഭം, യു.ജി.സി. അംഗീകാരം, പ്രവേശന നടപടികൾ, നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സിണ്ടിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിന്.

(126059/CDOE-A-ASST-2/2022/Admn)

തീരുമാനം **ശ്രദ്ധിച്ചു.**

ഇനം നമ്പർ **2026.833***

വിഷയം യു.ജി.സി (വിദ്യാർത്ഥികളുടെ പരാതിപരിഹാര) റെഗുലേഷൻസ്, 2023 പ്രകാരം സർവ്വകലാശാലയിൽ നിയമിച്ച ഓംബുഡ്സ്പേഴ്സന്, കോളേജ് തല Student's Grievance Redressal Committee (SGRC)–യുടെ തീരുമാനങ്ങൾക്കെതിരെ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപ്പീലുകളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് സിറ്റിംഗ് ഫീസും യാത്രാബത്തയും അനുവദിക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(132603/DSW-ASST-3/2023/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.834***

വിഷയം സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ് –വ്യവസ്ഥാപിത കരാറിൽ ഏർപ്പെടുന്നതും ഉപയോഗിക്കുന്ന വിസ്തൃതിക്കനുസരിച്ച് കെട്ടിടവാടക പുനർനിശ്ചയിക്കുന്നതിനും അംഗീകാരം നൽകുന്ന തിന്.

(36941/PLD-D-SO/2018/Admn)

തീരുമാനം **പോസ്റ്റ് ഓഫീസുമായി വ്യവസ്ഥാപിത കരാറിൽ ഏർപ്പെടുന്നതിനും, പ്രതിമാസ വാടക 9,500/ രൂപയായി നിജപ്പെടുത്തുന്നതിനും, അഞ്ച് വർഷം പൂർത്തിയാകുമ്പോൾ പ്രതിമാസ വാടകയിൽ 25% വർദ്ധനവ് വരുത്തുന്നതിനും അംഗീകാരം നൽകി.**

ഇനം നമ്പർ **2026.835***

വിഷയം സർവകലാശാല സർവീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ. സതീശൻ ആർ (ID No. 3270) താമസിച്ചിരുന്ന H-44B ക്വാർട്ടേഴ്സിലെ കുടിശ്ശിക തുക ഈടാക്കുന്നത് സംബന്ധിച്ച് വിഷയം പരിഗണിയ്ക്കുന്നതിന്.

(178984/PLD-D-ASST-1/2021/Admn)

തീരുമാനം **ശ്രീ. സതീശൻ ആർ (ID No. 3270) താമസിച്ചിരുന്ന H-44B ക്വാർട്ടേഴ്സിന്റെ കുടിശ്ശിക എഴുതി തള്ളുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.836**

വിഷയം പരീക്ഷാ ഭവന്റെ ബി.ടെക് ബ്രാഞ്ചിലെ ഫ്ലോർ ടൈലുകൾ മാറ്റുന്ന പ്രവർത്തിക്കായി (Replacing Floor Tiles in B.Tech Branch of Pareeksha Bhavan), തയ്യാറാക്കിയ 7,10,000/–രൂപയുടെ (ഏഴു ലക്ഷത്തി പതിനായിരം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം പരിഗണനയ്ക്കുന്നതിന്.

(163119/PLD-B-ASST-3/2026/Admn)

തീരുമാനം **വിശദ പഠനത്തിനായി പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.837***

വിഷയം 31.03.2026 തീയതിയിൽ സർവീസിൽ നിന്ന് വിരമിച്ച ഡോ. മണികണ്ഠൻ. കെ (ഐ.ഡി. നമ്പർ: 3148), പ്രൊഫസർ, സൈക്കോളജി വകുപ്പ് എന്നവർക്ക്, ചുവടെ വിശദീകരിച്ചിരിക്കുന്ന ഓഡിറ്റ് തടസ്സവാദങ്ങൾ പ്രകാരമുള്ള ആകെ ബാധ്യതാ തുക 1,10,039/- ഡി.സി.ആർ.ജിയിൽ നിന്ന് തടഞ്ഞുവച്ചുകൊണ്ട്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ശിപാർശ കൂടാതെ, ടിയാൾ അവസാനമായി കൈപ്പറ്റിയ അടിസ്ഥാന ശമ്പളം അടിസ്ഥാനമാക്കി, പെൻഷൻ അനുവദിക്കാമോ എന്ന വിഷയം പരിഗണിക്കുന്നതിന്.

1. കെ.എസ്.എ.ഡി ഉന്നയിച്ച ഓഡിറ്റ് തടസ്സവാദങ്ങളുമായി ബന്ധപ്പെട്ട് നോഷണലായി കണക്കാക്കിയ 18,964/- രൂപ ബാധ്യത.

2. നാഷണൽ സെമിനാർ & വർക്ക്ഷോപ്പ് സീരീസിനായി കൈപ്പറ്റിയ 5,70,000/- അഡ്വാൻസ് ക്രമീകരിക്കുന്നതിൽ ഉണ്ടായ കാലതാമസം മൂലമുള്ള 91,075/- രൂപ പലിശ ബാധ്യത.

(47500/AD-H-ASST-1/2026/Admn)

തീരുമാനം **ഓഡിറ്റ് തടസ്സവാദം മുഖേന കണക്കാക്കപ്പെട്ട ബാധ്യത DCRG യിൽ നിന്നും തടഞ്ഞുവച്ചകൊണ്ട് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ തീരുമാനിച്ചു.**

ഇനം നമ്പർ **2026.838**

വിഷയം സർവകലാശാലയുടെ ഇ.എം.എസ് സെമിനാർ കോംപ്ലെക്സിലേക്ക് 6 ഫ്ലോർ സ്റ്റാൻഡിങ് എയർ കണ്ടീഷണറുകൾ ഇൻസ്റ്റാളേഷൻ പ്രവർത്തിയടക്കം, ജി എസ് ടി ഉൾപ്പെടെ 10,38,990/- രൂപ (പത്തു ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറു രൂപ മാത്രം) ചെലവിൽ, Part I Non Plan 55-2082-01 Purchase of essential items എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം തുക ചെലവഴിച്ച്, ഇ–ടെൻഡർ മുഖേന സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഐ.ടി പ്രൊഫെഷണൽസ് കോഓപ്പറേറ്റീവ് സൊസൈറ്റി, ട്രിവാൻഡ്രം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനും, വിതരണ സ്ഥാപനത്തിനു പേമെന്റ് നൽകുന്നതിനും സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നതിന്.

(96549/PURCHASE-ASST-B2/2026/Admn)

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2026.839**

വിഷയം സർവകലാശാലയുടെ ഇ.എം.എസ് സെമിനാർ കോംപ്ലെക്സിലേക്ക് ആകെ 6 എണ്ണം ഫ്ളോർ സ്റ്റാൻഡിങ് എയർ കണ്ടീഷണറുകൾ 13,61,600/- (പതിമൂന്നു ലക്ഷത്തി അറുപത്തിയൊന്നായിരത്തി അറനൂറ് രൂപ മാത്രം), ഇൻസ്റ്റാളേഷൻ പ്രവർത്തി ഉൾപ്പെടെ, ഏകദേശ വില കണക്കാക്കി Part I Non Plan 55-2082-01 Purchase of essential items എന്ന അക്കൗണ്ട് ശീർഷകത്തിൽനിന്നും തുക ചെലവഴിച്ച്, ഇ–ടെൻഡർ ക്ഷണിച്ചു വാങ്ങുന്ന വിഷയം സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

(96549/PURCHASE-ASST-B2/2026/Admn)

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2026.840**

വിഷയം സർവകലാശാലയുടെ സി.യു.സി.സി വിഭാഗത്തിലെ ഓൾഡ് ഡാറ്റാ സെന്ററിലേക്ക് ആകെ 4 ടവർ എയർ കണ്ടീഷണറുകൾ, Part I Non plan 55-2082-01 Purchase of essential items എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും Rs.7,30,000/- (ഏഴ് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) തുക ചെലവഴിച്ച്, ഇൻസ്റ്റാളേഷൻ പ്രവ്യത്തികൾ ഉൾപ്പെടെ, ഇ–ടെൻഡർ മുഖേന സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഭാരത് എയർകോൺ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനും, വിതരണസ്ഥാപനത്തിനു പേമെന്റ് നൽകുന്നതിനും, സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(154624/PURCHASE-ASST-B2/2025/Admn)

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2026.841***

വിഷയം നാലാം സെമസ്റ്റർ എം.എസ്.സി ഫോറൻസിക് സയൻസ് (CCSS) ഏപ്രിൽ 2025 പരീക്ഷയുടെ APC നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യുന്നതിൽ പരാജയപ്പെട്ടതിനാൽ അടക്കേണ്ടി വന്ന പിഴ തുക 5000/- രൂപ യിൽ നിന്നും ഒഴിവാക്കി, പിഴ തുക തിരികെ നൽകണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കാലിക്കറ്റ് സർവകലാശാല ഫോറൻസിക് സയൻസ് വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച അപേക്ഷയിന്മേലുള്ള പരീക്ഷാകാര്യ സ്ഥിരം സമിതി തീരുമാനം പരിഗണിയ്ക്കുന്നതിന്.

(142542/PG-IX-ASST-II/2018/PB)

തീരുമാനം **APC നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യുന്നതിൽ പരാജയപ്പെട്ടതിനാൽ അടക്കേണ്ടി വന്ന പിഴ തുക 5000/- രൂപ ഒഴിവാക്കി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.842***

വിഷയം കാലിക്കറ്റ് സർവകലാശാലാ ആക്ട് 1975-ലെ സെക്ഷൻ 10 (13) പ്രകാരം സിൻഡിക്കേറ്റിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് എൽ. എൽ. ബി. വിദ്യാർത്ഥികൾക്ക് (B.B.A., LL.B. (Honours), B. Com., LL.B. (Honours) and Bachelor of Laws (LL.B) Unitary Degree Course - 3 Year) തങ്ങളുടെ മാതൃകോളേജിൽ ഒഴിവുകളില്ലാത്ത സാഹചര്യത്തിൽ, ഒഴിവുകളുള്ള മറ്റൊരു കോളേജിൽ പുനഃപ്രവേശനം നേടാൻ അനുമതി നൽകിയ

വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

(174204/GA - IV - E2/2017/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.843***

വിഷയം 25.04.2026- ലെ സിൻഡിക്കേറ്റ് യോഗത്തിൽ ഇനം നമ്പർ 2026.242 ആയി എടുത്ത 'പിഴപ്പലിശ ഈടാക്കേണ്ടതില്ല' എന്ന തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതും, 'സർവകലാശാലയുമായി കരാറിൽ ഏർപ്പെട്ടവരും കരാർ ഇല്ലാത്തവരുമായ വ്യക്തികൾ/സ്ഥാപനങ്ങൾ സർവകലാശാലയ്ക്ക് അടവാക്കേണ്ട വാടക/ലൈസൻസ് ഫീ, വൈദ്യുതിക്കരം, വെള്ളക്കരം തുടങ്ങിയ തുകകൾ നിശ്ചിത സമയപരിധിക്കുള്ളിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ വാർഷിക പിഴപ്പലിശ 18% ഈടാക്കുന്നതും' എന്ന ശീർഷകത്തോടെ പുനസമർപ്പിക്കുന്നത് സംബന്ധിച്ച്.

(65499/ENG. DIV-S4-ASST-2/2016/Admn)(PLD-D)

തീരുമാനം **സർവകലാശാലയുമായി കരാറിൽ ഏർപ്പെട്ടവരും കരാർ ഇല്ലാത്തവരുമായ വ്യക്തികൾ/സ്ഥാപനങ്ങൾ സർവകലാശാലയ്ക്ക് അടവാക്കേണ്ട വാടക/ലൈസൻസ് ഫീ, വൈദ്യുതിക്കരം, വെള്ളക്കരം തുടങ്ങിയ തുകകൾ നിശ്ചിത സമയപരിധിക്കുള്ളിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന സാഹചര്യങ്ങളിൽ 18% വാർഷിക പിഴപ്പലിശ ഈടാക്കുന്നതിന് തീരുമാനിച്ചു.**

ഇനം നമ്പർ **2026.844**

വിഷയം സർവകലാശാല പ്രധാന ക്യാമ്പസിലെ മെൻസ് ഹോസ്റ്റൽ, MMTTC, ലൈഫ് ലോങ്ങ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ എന്നിവിടങ്ങളിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റീ-ടാറിംഗ് പ്രവർത്തിക്കുമായി തയ്യറാക്കിയ 18,60,000/- രൂപയുടെ (പതിനെട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് പ്രസ്തുത പ്രവർത്തിയുടെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ Part I 57 Works 57-2032- 01 Maintenance Repair (Roads) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും നിർവഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം മേൽ പ്രവൃത്തിക്ക് അനുമതി നല്കാവുന്നതാണെന്ന ഫിനാൻസ്, പ്ലാനിംഗ് ആൻഡ് വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(243173/PLD-B-ASST-1/2025/Admn)

തീരുമാനം **വിശദ പഠനത്തിനായി ഫിനാൻസ്, പ്ലാനിംഗ് ആന്റ് വർക്സ് സ്ഥിരം സമിതികളുടെ സംയുക്ത യോഗത്തെ ചുമതലപ്പെടുത്തി.**

ഇനം നമ്പർ **2026.845***

വിഷയം ഗോൾഡൻ ജൂബിലി ബിൽഡിംഗ് ഫോർ കമ്പ്യൂട്ടേഷണൽ സയൻസസിലെ ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി (Renovation work to the auditorium of Golden Jubliee Building for Computational Science) തയ്യാറാക്കിയ 8,70,000/- രൂപയുടെ (എട്ടുലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) (18 % GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

(162984/PLD-B-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.846**

വിഷയം 2026-27 അധ്യയന വർഷത്തേയ്ക്ക് സ്വാശ്രയ മേഖലയിൽ "Professional Diploma in Clinical Psychology (P.D.(Cl.Psy))" എന്ന പ്രോഗ്രാമോട് കൂടി NIPMR College of Special Education and Behavioural Science എന്ന പുതിയ കോളേജ് അനുവദിക്കുന്നതിനായി National Institute of Physical Medicine and Rehabilitaion എന്ന ഏജൻസി സമർപ്പിച്ച അപേക്ഷയിൽ "Professional Diploma in Clinical Psychology (P.D.(Cl.Psy))" എന്ന പ്രോഗ്രാം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പരിധിയിൽ വരുന്നതാണോ എന്ന വിഷയത്തിൽ വ്യക്തത വരുത്താനായി കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ രജിസ്ട്രാർക്ക് അയച്ച കത്തിന് ലഭിച്ച മറുപടിയും പ്രസ്തുത പ്രോഗ്രാം കാലിക്കറ്റ് സർവകലാശാലയിൽ തുടങ്ങാൻ നിർവാഹമില്ല എന്ന് കാണിച്ച ഏജൻസിക്ക് കത്ത് നൽകിയ വിവരവും റിപ്പോർട്ട് ചെയ്യുന്നതിന്.

(176065/CDC-A3/2025/Admn)

തീരുമാനം **ശ്രദ്ധിച്ചു.**

ഇനം നമ്പർ **2026.847***

വിഷയം കോഴിക്കോട് ജില്ലയിലെ നാദാപുരത്തു പ്രവർത്തിക്കുന്ന MET ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബി.എസ്.സി കെമിസ്ട്രി ഹോണേഴ്സ് (36), പ്രോഗ്രാം 2026-27 അക്കാദമിക വർഷം താല്കാലികമായി നിറുത്തൽ (സസ്പെൻഡ്) ചെയ്യുന്നതിനുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിയ്ക്കുന്നതിന്.

(2130/CDC-D3/2013/CU)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.848***

വിഷയം ലേഡീസ് ഹോസ്റ്റൽ ദേവദാരു ബ്ലോക്കിലെ റൂം നമ്പർ 24 & റൂം നമ്പർ 52-ലെ അറ്റാച്ച്ഡ് ടോയ്ലറ്റിന്റെ നവീകരണത്തിനും സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവയുടെ നിർമ്മാണത്തിനുമായി തയ്യാറാക്കിയ 6,40,000/- രൂപയുടെ (ആറുലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) (18% GST ഉൾപ്പെടെ) എസ്റ്റിമേറ്റിന് പ്രസ്തുത പ്രവർത്തിയുടെ ചെലവ് Part II B 42-4019-02 Renovation works of SPG 2026-27 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും നിർവഹിച്ചുകൊണ്ട് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്ന വിഷയം മേൽ പ്രവൃത്തിക്ക് അനുമതി നല്കാവുന്നതാണെന്ന ഫിനാൻസ്, പ്ലാനിംഗ് ആൻഡ് വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിയ്ക്കുന്നതിന്.

(255527/PLD-B-ASST-1/2024/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.849***

വിഷയം സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി സംവിധാനമായ Board for Adjudication of Students' Grievances (BASG)- ന്റെ 04.06.2026 ന് നടന്ന യോഗത്തിന്റെ തീരുമാനങ്ങളടങ്ങിയ മിനുട്സ് അംഗീകരിക്കുന്നതിന്.

(87859/DSW-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.850**

വിഷയം സർവകലാശാലയുടെ കായിക വിഭാഗത്തിന്റെ ഭാഗമായുള്ള സി.എച്ച് മുഹമ്മദ് കോയ സ്റ്റേഡിയത്തിലെ രണ്ട് ഫുട്ബോൾ ഗ്രൗണ്ടിലേക്കായി രണ്ട് ഓട്ടോമാറ്റിക് സ്പ്രിങ്ക്ലെർ സിസ്റ്റംസ്, Rs.6,90,000/- രൂപ (ആറ് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) ഏകദേശ വില കണക്കാക്കി, P1-41-2035-01 'Maintenance of play field' എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം തുക ചെലവഴിച്ച്, ഇ-ടെൻഡർ ക്ഷണിച്ചു വാങ്ങുന്നതിന് അനുമതി നൽകിയ വൈസ് ചാൻസിലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

(115683/PURCHASE-ASST-B2/2026/Admn)

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2026.851**

വിഷയം സർവകലാശാലയുടെ സെന്റർ ഫോർ ഫിസിക്കൽ എജ്യൂക്കേഷൻ വിഭാഗത്തിലേക്ക് മത്സരാധിഷ്ഠിത ടെൻഡറുകൾ മുഖേന 36 കായിക ഉപകരണങ്ങൾ, 4,14,428/- രൂപ (നാല് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ച്, സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഇവോൾവ്സ് സ്പോർട്സ് ആൻഡ് ഫിറ്റ്നസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ഒരു കായിക ഉപകരണം 7,668/- രൂപ (ഏഴായിരത്തി അറുനൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ച് സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ അൽ മഹമൂദ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും, വിതരണ സ്ഥാപനങ്ങൾക്ക് Part II-C-55-5005-02 Repair/Purchase/AMC including Sports equipment എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും പേമെന്റ് നൽകുന്നതിനും, സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

(288594/PURCHASE-ASST-B2/2025/Admn)

തീരുമാനം **സാധൂകരണം നൽകി.**

ഇനം നമ്പർ **2026.852**

വിഷയം സർവകലാശാലയുടെ ഫിസിക്കൽ എജ്യൂക്കേഷൻ വിഭാഗത്തിൽ പുതിയതായി നിർമ്മിച്ച ഇന്റർനാഷണൽ സ്പോർട്സ് ഹോസ്റ്റലിന്റെ ഭാഗമായി, പൂർണ്ണതോതിൽ നൂതനമായി സജ്ജീകരിച്ച് അത്ലറ്റുകൾ, യൂണിവേഴ്സിറ്റി ടീം അംഗങ്ങൾ, ജീവനക്കാർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരെ ഉദ്ദേശിച്ചു സ്ഥാപിക്കുന്ന നിർദിഷ്ട ഫിറ്റ്നസ് സെന്ററിലേക്ക് 80 വിവിധ ഫിറ്റ്നസ് ഉപകരണങ്ങൾ(ഇൻസ്റ്റലേഷൻ പ്രവർത്തിയടക്കം), Part I 41-2048-01' Sports Development Fund' എന്ന അക്കൗണ്ട് ശീർഷകത്തിൽനിന്നും ആകെ 57,65,332/- രൂപ (അമ്പത്തേഴ് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം ചെലവഴിച്ച്, ഇ-ടെൻഡർ മുഖേന സാങ്കേതിക യോഗ്യതയുള്ള ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്പോർട്സ് കെയർ ഇന്ത്യ, മുംബൈ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനും, വിതരണ സ്ഥാപനത്തിനു പേമെന്റ് നൽകുന്നതിനും, സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിന് വിധേയമായി അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

(99314/PURCHASE-ASST-B2/2024/Admn)

തീരുമാനം **സാധൂകരണം നൽകി**.

ഇനം നമ്പർ **2026.853***

വിഷയം ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സിന്റെ കീഴിലുള്ള CUTEC സെന്ററുകളിലെ 2026-27 അധ്യയന വർഷത്തെ ഫീസ് തവണകളായി അടവാക്കുന്നത് സംബന്ധിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ സുൽത്താൻ ബത്തേരി പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിയ്ക്കുന്നതിന്.

(67471/DUSC-J-ASST-2/2014/Admn)

തീരുമാനം **2026-27 അധ്യയന വർഷത്തെ ഫീസ് രണ്ട് തവണകളായി അടവാക്കുന്നതിന് അനുമതി നൽകി. കൂടാതെ തുടർ ചർച്ചയുടെ അടിസ്ഥാനത്തിൽ Sri. Sourabh D. K, (CAP26BEDU111701) എന്ന വിദ്യാർത്ഥിയുടെ അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് 50% ഫീസിളവ് നൽകുന്നതിനും തീരുമാനിച്ചു**.

ഇനം നമ്പർ **2026.854***

വിഷയം സർവകലാശാലാ ശിപാർശയുടെ വെളിച്ചത്തിൽ 2026-27 അധ്യയന വർഷങ്ങളിലേക്ക് സർക്കാർ ഭരണാനുമതിയും നിരാക്ഷേപ സാക്ഷ്യ പത്രവും ലഭിച്ച (1) SNDP Yogam Sathabdi Smaraka College, Kunnappally, Perinthalmanna, Malappuram (2) Eranad Knowledge City College of Commerce and Science Cherukulam, Elankur P.O, Manjeri, Malappuram (3) C.S.I Christian Muller Women's College, Chombala P.O, Vadakara, Kozhikode. എന്നീ സ്വാശ്രയ കോളേജുകളിൽ യഥാക്രമം BA Multimedia Honours(Intake 40), BBA Honours (Additional Batch)-(Intake 30), B.Sc Artificial Intelligence Honours (Intake 24) എന്നീ പ്രോഗ്രാമുകൾക്ക്, 2026-27 അധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള അനുമതിയോടെ 2026-27 അധ്യയന വർഷത്തേക്ക് താൽക്കാലിക അഫിലിയേഷൻ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

(231255/CDC-A2/2025/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.855***

വിഷയം 2026-27 അധ്യയനവർഷത്തിൽ പുതിയ പ്രോഗ്രാം ആരംഭിക്കുന്നതിനു ഗവണ്മെന്റിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊരമ്പയിൽ അഹമ്മദ് ഹാജി മെമ്മോറിയൽ യൂണിറ്റി വിമൺസ് കോളേജ് (ഓട്ടോണമസ്)-ൽ B.Sc Zoology Honours പ്രോഗ്രാമിന് 2026-27 അക്കാദമിക വർഷം മുതൽ താത്കാലിക അഫിലിയേഷൻ അനുവദിച്ചുകൊണ്ട് 1975-ലെ കാലിക്കറ്റ് സർവകലാശാല ആക്ട് അദ്ധ്യായം III, 10(13) പ്രകാരം വൈസ് ചാൻസലർ എടുത്ത നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന്.

(16419/CDC-G3/2015/CU)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.856***

വിഷയം സി.ഡി.ഒ.ഇ. മുഖേന നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകളിലേക്കുള്ള വിദേശ വിദ്യാർത്ഥികളുടെ ഫീസ് അടയ്ക്കൽ സുഗമമാക്കുന്നതിനായി,

1) എസ്.ബി.ഐ.-യുടെ ഇന്റർനാഷണൽ പേയ്മെന്റ് ഗേറ്റ്വേ സംവിധാനം സി.ഡി.ഒ.ഇ.

അഡ്മിഷൻ പോർട്ടലിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന്, സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി ബഹു: വൈസ് ചാൻസലർ നൽകിയ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 27.06.2026-ലെ 9014/2026/Admn നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടി സാധൂകരണത്തിനായി സമർപ്പിക്കുന്നതിനും,

2) എസ്.ബി.ഐ.–യുടെ ഇന്റർനാഷണൽ പെയ്മെന്റ് ഗേറ്റ്വേ സംവിധാനം തയ്യാറാക്കുന്നതിനുള്ള കാല താമസം കണക്കിലെടുത്ത് അഡ്മിഷൻ നടപടികൾ സമയബന്ധിതമായി സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് എസ്.ബി.ഐ.ക്ക് പുറമെ മറ്റ് മുൻനിര ബാങ്കുകളുടെ ഗേറ്റ്വേകളോ, അതല്ലെങ്കിൽ വേഗത്തിലുള്ള ഓൺബോർഡിംഗും മികച്ച സാങ്കേതിക പിന്തുണയും ഉയർന്ന ഇടപാട് വിജയനിരക്കും ഉറപ്പുനൽകുന്ന Razorpay, Cashfree, BillDesk പോലുള്ള സ്വകാര്യ പെയ്മെന്റ് അഗ്രിഗേറ്റർമാരുടെ സേവനങ്ങളോ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും.

(186050/CDOE-A-ASST-1/2025/Admn)

തീരുമാനം

1. **സാധൂകരണം നൽകി**.
2. **എസ്.ബി.ഐ.–യുടെ ഇന്റർനാഷണൽ പെയ്മെന്റ് ഗേറ്റ്വേ–ക്ക് പുറമെ മികച്ച സാങ്കേതിക പിന്തുണയും ഉയർന്ന ഇടപാട് വിജയനിരക്കും ഉറപ്പുനൽകുന്ന സ്വകാര്യ പെയ്മെന്റ് അഗ്രിഗേറ്റർമാരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി**.

ഇനം നമ്പർ **2026.857***

വിഷയം താഴെപറയുന്ന ഗവേഷകന് മാത്തമാറ്റിക്സിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Susanth. P	Mathematics (Science)	Dr. Premodkumar K P., Research Supervisor, PG Department & Research Centre of Mathematics, St.Joseph's College (Autonomous), Devagiri	A Study on The Domforcing Numbers of Graphs

(90031/RESEARCH-C-ASST-1/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.858***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് ഇംഗ്ലീഷിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Roshni. P.	English (Language & Literature)	Dr. S Nagesh, Research Supervisor, Department of English, St. Joseph's College, Devagiri Co-guide; Dr. Binu. K.D., Associate Professor, Department of English, St. Joseph's College, Devagiri.	COMING OUT IN THE MAINSTREAM: A STUDY OF CONTEMPORARY GAY BOLLYWOOD CINEMA

(33843/RESEARCH-C-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു**.

ഇനം നമ്പർ **2026.859***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് ഇംഗ്ലീഷിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic

Sini.K.	English (Language & Literature)	Dr. Shamla K.M., Associate Professor, Department of English, University of Calicut.	RESISTING NECROPOWER: A STUDY OF SELECT YAZIDI WOMEN'S NARRATIVES

(9146/RESEARCH-C-ASST-3/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.860***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് കൊമേഴ്സിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Safeeda.K. A	Commerce (Commerce and Management Studies)	Dr. Ganesh R, Assistant Professor, P.G. and Research Department of Commerce, St. Mary's College, Sulthan Bathery, Wayanad.	Testing of Overconfidence Bias and Disposition Effect in Indian Stock Market

(77790/RESEARCH-C-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.861***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് ഇക്കണോമിക്സിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Vijayalakshmi. K.K.	Economics (Humanities)	Dr. G. Rajeev, Associate Professor, PG and Research Department of Economics, Mar Dionysius College, Pazhanji.	Institutionalised Elderly in Kerala: An Assessment of Quality of life and Support Systems

(270236/RESEARCH-C-ASST-2/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.862***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് കൊമേഴ്സിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Rema. K.	Commerce (Commerce and Management Studies)	Dr. N K Babu, Research Guide, Department of Commerce & Management Studies, Sri. C. Achutha Menon Government College, Thrissur. Co-guide; Dr. Deepa Paul, Associate Professor, Department of Commerce & Management Studies, Sri. C. Achutha Menon Government College, Thrissur.	Financial Planning among the parents in Kerala - A study with special reference to Sukanya Samruddhi Yojana scheme.

(94951/RESEARCH-C-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.863***

വിഷയം താഴെപറയുന്ന ഗവേഷകയ്ക്ക് ഹിസ്റ്ററിയിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Anitha. M.	History (Humanities)	Dr. Sajan R, Research Guide, Department of History, NSS College, Manjeri.	From Conquest to Control : East India Company Rule in Malabar, 1792-1858

(284865/RESEARCH-C-ASST-2/2025/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.864***

വിഷയം താഴെപറയുന്ന ഗവേഷകന് കൊമേഴ്സിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
Abhilash M. K	Commerce (Commerce and Management Studies)	Dr. Edakkotte Shaji, Research Guide, PG & Research Department of Commerce, Government Arts and Science College, Kozhikode.	Quality of Work Life of Sanitation Workers in Kerala : An Evaluative Analysis.

(94760/RESEARCH-C-ASST-2/2026/Admn)

തീരുമാനം **അംഗീകരിച്ചു.**

ഇനം നമ്പർ **2026.865***

വിഷയം താഴെപറയുന്ന ഗവേഷകന് സുവോളജിയിൽ പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

Name of the Candidate	Subject & Faculty	Guide	Topic
